ജൂലൈ 2019

# ജീവനും വെളിച്ചവും

Price ₹ 25



## കടലെടുക്കുന്ന മനുഷ്യരും കരയെടുത്ത് പകരം വീട്ടുന്ന കടലും; തീരദേശ ജനതയുടേത് ഒടുങ്ങാത്ത ദുരിതം

# അനുഗ്രഹ ഭവൻ

**തിരുവനന്തപുരം അതിരൂപത ധ്യാനകേന്ദ്രം**



# യേശു വിളിക്കുന്നു

**എല്ലാ മാസവും ആദ്യ ആഴ്ചയിൽ മുക്തി ധ്യാനം**

ആദ്യ ശനിയാഴ്ച വൈകുന്നേരം 4 ന് ആരംഭിച്ച് വെള്ളിയാഴ്ച
രാവിലെ 9 ന് സമാപിക്കുന്നു. (06-07-2019 to 12-07-2019)

**എല്ലാ മാസവും അവസാന ആഴ്ചയിൽ കുടുംബ വിശുദ്ധീകരണ ധ്യാനം**

ഞായറാഴ്ച വൈകുന്നേരം 5ന് ആരംഭിച്ച്
വെള്ളിയാഴ്ച രാവിലെ 8 ന് സമാപിക്കുന്നു. (28-07-2019 to 04-08-2019)

**Contact No. 9446376653, 04712706653, 9446182707, 9489602406, 9496479625**

*ഡയറക്ടർ :* **ഫാ. ജോർജ്ജ് പോൾ**

## ജീവനും വെളിച്ചവും

**തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം**

2019 ജൂലൈ
പുസ്തകം - 43 ലക്കം - 7
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)



ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com



**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. ഡോ. സി.ജോസഫ്
**ഉപദേശക സമിതി**
ഫാ. എഡിസൺ വൈ.എം.
ഫാ. മൈക്കിൾ തോമസ്
ഫാ. ലോറൻസ് കുലാസ്
ഫാ. ഡൈസൺ
ഫാ. ലെനിൻ രാജ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
ഫാ. ടോണി ഹാംലെറ്റ്
ഫാ. ദീപക് ആന്റോ
പി. ശശിധരൻ
**പത്രാധിപർ**
ഫാ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
**പത്രാധിപ സമിതി**
മോൺ. യൂജിൻ എച്ച് പെരേര
മോൺ. ജെയിംസ് കുലാസ്
അഡ്വ. എം.എ.ഫ്രാൻസിസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മൂഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ




# കടൽ കലിതുള്ളുമ്പോൾ

കടൽ കലിതുള്ളുകയാണ്. കടലോരം ആശങ്കകളുടെയും ഭീതിയുടെയും നിഴലിലും. കാലാകാലങ്ങളിൽ മനുഷ്യൻ കടലിന്മേൽ നടത്തിയ കയ്യേറ്റങ്ങളുടെ പരിണിത ഫലം.

രാജ്യത്തിന്റെയും, സംസ്ഥാനത്തിന്റെയും വികസന കവാടമാകുമെന്ന് കൊട്ടിഘോഷിച്ച വിഴിഞ്ഞം ചരക്ക് കയറ്റിറക്ക് തുറമുഖ പദ്ധതി ഇതിനകം മത്സ്യത്തൊഴിലാളി വർഗത്തിന്റെ മേൽ ഡെമോക്ലീസിന്റെ ഖഡ്ഗം പോലെ ഉയർന്നുകഴിഞ്ഞു. സാമ്പത്തികമായി സംസ്ഥാനത്തിന് വൻനഷ്ടം വരുത്തുന്ന ഈ പദ്ധതി വലിയ വിനാശം വിതച്ചുകൊണ്ടിരിക്കുന്നു.

ആർത്തിപൂണ്ട മനുഷ്യൻ പ്രകൃതിയുടെയും കടലിന്റെയും മേൽ നടത്തിയ കയ്യേറ്റങ്ങളുടെ ഭവിഷ്യത്തുകളാണ് തീരജനത നേരിടുന്ന കടലേറ്റവും ചുഴലിക്കൊടുങ്കാറ്റും ഭയാനകമാംവിധം വർധിച്ചുകൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങളും.

യുവതയുടെ മനസുകളെ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാനും ഏറ്റെടുക്കാനും പരുവപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് യുവജന സിനഡ് ഫ്രാൻസിസ് പാപ്പ വിളിച്ചു ചേർത്തത്. സിനഡ് നിർദേശങ്ങൾ, ക്രിസ്തു ജീവിക്കുന്നു എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുമ്പോൾ നവലോകം സൃഷ്ടിക്കുന്ന വെല്ലുവിളികളെ ഏറ്റെടുക്കാൻ യേശുവിലധിഷ്ഠിതമായി യുവമനസ്സുകളെ പാപ്പ ക്ഷണിക്കുന്നു.

ലോകകപ്പ് നല്കുന്നതുപോലുള്ള സമ്മാനമല്ല, ജീവിതത്തെ കരുപ്പിടുപ്പിക്കാനുള്ള സമ്മാനമാണ് യേശുവിന്റേത്. സാമൂഹ്യതിന്മകൾക്കും, അനീതിക്കും എതിരേ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ഒഴുക്കിനെതിരേ നീന്താൻ പാപ്പ യുവജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. വിഭാഗീയതയുടെ മതിലുകളല്ല പണിയേണ്ടത്. സാഹോദര്യത്തിന്റെ പാലങ്ങളാണ് പണിയേണ്ടത് എന്ന് യുവജനങ്ങളെ പാപ്പ ഓർമിപ്പിക്കുന്നു. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം, നീതി എന്നിവയിലധിഷ്ഠിതമായ നവലോകം പടുത്തുയർത്താൻ യുവതയ്ക്ക് കഴിയുമാറാകട്ടെ.

- പത്രാധിപർ

പ്രതികരണങ്ങൾ

# മോദിക്ക് മോടി കൂടി; രാഹുൽജീ, ഒളിച്ചോട്ടം ഭീരുത്വം!

ജൂൺ ലക്കത്തിൽ വർത്തമാനം വായിച്ചു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ കക്കൂസും വൈദ്യുതിയും ഗ്യാസ് കണക്ഷനും മറ്റ് നേട്ടങ്ങളും നല്ല റോഡുകളും എത്തിക്കാൻ കഴിഞ്ഞതാണ് മോദിയുടെ 'മോടി'യും സീറ്റും കൂടാൻ കാരണം. നിലത്തുവീണ സ്ഫടിക ഗ്ലാസുപോലെ ചിന്നിച്ചിതറിയ പ്രതിപക്ഷത്തിന് മോദിയോട് കിടപിടിക്കാനുള്ള ശക്തിപോലുമില്ലാതായിരിക്കുന്നു. പ്രതിപക്ഷക്കൂടാരത്തിൽ പ്രധാനമന്ത്രിപദവി മോഹികളുമേറെയായിരുന്നു.

വീഴ്ച വന്ന ഉടനെ രാജി, രാജി എന്നു രാഹുൽഗാന്ധി പറയുന്നത് തികച്ചും ഭീരുത്വമല്ലേ? ഒളിച്ചോട്ടമല്ലേ? തകർച്ചയ്ക്കുള്ള കാരണങ്ങളും പരിഹാരവും കണ്ടെത്തി തിരിച്ചുവരികയാണ് വേണ്ടത്. ഈ നിർണായക പ്രതിസന്ധി ഘട്ടത്തിൽ കരുത്തോടെ ഉറച്ചുനിന്ന് രാജ്യമെങ്ങും ബൂത്തുതലം മുതൽ കോൺഗ്രസ് പാർട്ടിയെ ശക്തിപ്പെടുത്തണം. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റി സത്യത്തിൽ 'കോൺഗ്രസ് റെസ്കിങ്ങ്' കമ്മിറ്റിയാണ്. അതിലെ വയസൻ ഗ്രൂപ്പുകാരും പാർട്ടിയെ ശക്തിപ്പെടുത്താൻ ജനങ്ങളിലേക്കിറങ്ങട്ടെ. നരസിംഹറാവു, മൻമോഹൻസിംഗ്, വാജ്പേയി, മോദി ഇവർ നെഹ്റു കുടുംബക്കാരല്ല. കുടുംബ വാഴ്ചയല്ല, വൈവിധ്യങ്ങളുടെ വിശാല ഇന്ത്യയെ നയിക്കാനുള്ള നേതൃപാടവവും കരുത്തുമുള്ളവർ കോൺഗ്രസിനെ നയിക്കട്ടെ. കാലത്തിന്റെ ചുവരെഴുത്തുകൾ വായിച്ചില്ലെങ്കിൽ കോൺഗ്രസ് സ്വയമേവ വംശനാശമടയുന്നകാലം വിദൂരമല്ല. കാശ്മീർ മുതൽ കന്യാകുമാരി വരെ അങ്ങനെയുണ്ടാകാതിരിക്കട്ടെ എന്നാണ് പ്രാർത്ഥന.

– ജെറാൾഡ് ബി.മിരാൻഡ.

# പരിശുദ്ധാത്മാവേ സഹായിക്കാൻ വേഗം വരണമേ...

ആത്മാവിനാൽ നിറയാം 'ഡൈസൻ അച്ചൻ എഴുതിയത് വായിച്ചു. ആദ്യകാലങ്ങളിൽ പെന്തക്കോസ്താ തിരുനാൾ കാർഷികോത്സവമായിരുന്നു. എന്നാൽ ഇപ്പോഴത് വിളവെടുപ്പിന്റെ ഉത്സവമാക്കി മാറ്റാൻ നമുക്ക് കഴിയുന്നുണ്ടോ? പരിശുദ്ധാത്മാവിന്റെ വിളവെടുപ്പുത്സവമാക്കാൻ സഹായകനായ പരിശുദ്ധാത്മാവിന്റെ സഹായം തേടാൻ കേരളത്തിലെ ലത്തീൻ രൂപതകൾക്ക് കഴിയാത്തതെന്തെന്ന് സഭാധികാരികൾ അതീവ ഗൗരവമായി പഠിക്കേണ്ടതും ചിന്തിക്കേണ്ടതും ധ്യാനവിഷയമാക്കി പ്രതികരിക്കേണ്ടതുമാണ്. പരിശുദ്ധാത്മാവ് വരദാനങ്ങളുടെ സമൃദ്ധിയാൽ സഭാ ഗാത്രത്തെ സജീവമായി ഉണർവിലേക്ക് കൊണ്ടുവന്നിരിക്കുന്നു. പ്രത്യേകിച്ചും കേരള സഭയെ. ധ്യാനകേന്ദ്രങ്ങളാലും വരദാനങ്ങളാൽ നിറഞ്ഞ അൽമായരാലും വൈദിക/സന്യസ്തരാലും സമ്പന്നയും സൗഭാഗ്യവതിയുമാണ് കേരള സഭ.

എന്നാൽ ആത്മാവിന്റെ വിളവെടുപ്പിൽ എന്തേ തിരുവനന്തപുരം അതിരൂപത അനുദിനം പിന്നോട്ടുപോകുന്നു? നല്ലൊരു ധ്യാനകേന്ദ്രം പോലും എന്തേ നമുക്കില്ലാതെ പോയി? കരിസ്മാറ്റിക് പ്രസ്ഥാനത്തിലെ പാളിച്ചകളും പോരായ്മകളും നോക്കി നവീകരണ മുന്നേറ്റം തടയിടുകയല്ല, നല്ല മാർഗ നിർദേശത്തിലൂടെ തെറ്റിനെ തിരുത്തുകയാണ് വേണ്ടത്.

വിജയമ്മ, പാളയം





## 'രാമച്ച ഭിത്തി' ആയിക്കൂടെ?

കേരളത്തിൽ നഷ്ടമാകുന്ന കടൽത്തീരങ്ങളെ ഓർത്ത് വിലപിച്ചുള്ള നേർക്കാഴ്ച വായിച്ചു. കടൽ ഉള്ളിടത്തോളം കാലം കടലാക്രമണമുണ്ടാകും. കടലമ്മ 'കരയച്ഛ'നോട് സുഖമാണോ എന്നന്വേഷിക്കാനാണ് കരയിലേക്ക് വരുന്നത്. തന്റെ സുഖയാത്രയ്ക്ക് വിഘാതമായി കടലിനോട് ചേർന്നിരിക്കുന്ന വീടുകളും കെട്ടിടങ്ങളും കടലമ്മ സ്വന്തമാക്കുന്നതിനെക്കുറിച്ച് നാം ശാസ്ത്രീയാന്വേഷണവും ഗവേഷണവും നടത്തിയിട്ട് കാര്യമില്ല. കടലമ്മ സ്നേഹാന്വേഷണം നടത്താത്തിടത്ത് വീടുവയ്ക്കുക മാത്രമാണ് പരിഹാരമാർഗം. ഒരു കിലോമീറ്റർ കടൽ കയ്യേറിയാൽ 2 കിലോമീറ്റർ കര കടൽ കവർന്നെടുക്കുമെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്?

ഒരെളിയ കർഷകൻ എന്ന നിലയിൽ അനുഭവജ്ഞാനത്തിൽ നിന്ന് പറയട്ടെ. രാമച്ചം നട്ടുവളർത്തിയാൽ കടൽ കരയെ വിഴുങ്ങുന്നത് ഒരുപരിധിവരെ തടയാൻ കഴിയും. ടിഎസ്എസ്എസിന് ഇത് പരീക്ഷിച്ചു നോക്കാവുന്നതാണ്.

– ജാളി, ചെമ്പകമംഗലം



# താളുകളിൽ








**6** ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട്
ഫാ. തോമസ് ജെ. നെറ്റോ

**10** അതിജീവനത്തിന്റെ യൗവനപാഠങ്ങൾ
ചിന്താ ജെറോം

**12** ഹോം മിഷൻ പ്രതീക്ഷകളും കാഴ്ചപ്പാടുകളും
ജെ. സൈമൺ പുതിയതുറ

**16** തുടർമഴ
ഫാ. ലെനിൻ ഫെർണാണ്ടസ്

**18** കരകയറാം സാമൂഹ്യമാധ്യമങ്ങളിൽ നിന്ന്
ഡോ. എ.ആർ.ജോൺ

**20** ഗാന്ധിജിയും ഫുട്ബോളും
ഫാ. ജോയി സി.മാത്യു

**22** വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

**24** വാർത്തകൾ

**30** നീർച്ചാലുകൾ


**38** വചനജ്വാല

**40** ഇളംതൂവൽ

**42** നേർക്കാഴ്ച

“

**ക്രിസ്തു ജീവിക്കുന്നു!**
**അവിടുന്നാണ് നമ്മുടെ പ്രത്യാശ.**
**അത്ഭുതകരമായ രീതിയിൽ**
**ലോകത്തിന് അവിടുന്ന്**
**യുവത്വം പ്രദാനം ചെയ്യുന്നു.**




ലേഖനം


**ഫാ. തോമസ് ജെ. നെറ്റോ**


# ഫ്രാൻസിസ് പാപ്പ യുവജനങ്ങളോട്

**നവലോകം സൃഷ്ടിക്കുന്ന വെല്ലുവിളികളെ ഏറ്റെടുക്കാൻ യുവജനങ്ങളെ ക്ഷണിക്കുകയാണ് 'ക്രിസ്തു ജീവിക്കുന്നു' എന്ന പ്രബോധനത്തിലൂടെ ഫ്രാൻസിസ് മാർപാപ്പ. യുവജനസിനഡിന്റെ പശ്ചാത്തലത്തിൽ മാർപാപ്പ പുറപ്പെടുവിച്ച Christus Vivit പ്രബോധനത്തിന്റെ ഉള്ളടക്കത്തെ വായനക്കാർക്കായി പരിചയപ്പെടുത്തുകയാണ് ലേഖകൻ.**

“ക്രിസ്തു ജീവിക്കുന്നു! അവിടുന്നാണ് നമ്മുടെ പ്രത്യാശ. അത്ഭുതകരമായ രീതിയിൽ ലോകത്തിന് അവിടുന്ന് യുവത്വം പ്രദാനം ചെയ്യുന്നു. അവിടുന്ന് സ്പർശിക്കുന്നതെല്ലാം ചെറുപ്പവും പുതുമയുള്ളതും ജീവസ്സുറ്റതുമാകുകയും ചെയ്യുന്നു. അതിനാൽ, എല്ലാ ക്രൈസ്തവ യുവജനങ്ങളോടും ഞാൻ ആദ്യമേ തന്നെ പറയാനാഗ്രഹിക്കുന്ന വാക്കുകൾ ഇവയാണ്: ക്രിസ്തു ജീവിക്കുന്നു; നിങ്ങളും ജീവിക്കണമെന്നവിടുന്നാഗ്രഹിക്കുന്നു” (നം.1). ഈ വാക്കുകളോടെയാണ് ഫ്രാൻസിസ് പാപ്പ 2019 മാർച്ച് 25 ന് പുറപ്പെടുവിച്ച യുവജനങ്ങൾക്കുവേണ്ടിയുള്ള തന്റെ അപ്പസ്തോലിക ഉദ്ബോധനം Christus Vivit (ക്രിസ്തു ജീവിക്കുന്നു) ആരംഭിക്കുന്നത്. പാപ്പ തുടർന്ന് യുവജനങ്ങളെ ഓർമിപ്പിക്കുന്നു: “ക്രിസ്തു നിന്നിലുണ്ട്; നിന്നോടൊപ്പമുണ്ട്; അവിടുന്ന് നിന്നെ ഒരിക്കലും ഉപേക്ഷിക്കുകയി

ല്ല. അവിടുന്നിലേക്ക് പിന്തിരിഞ്ഞ് വീണ്ടും ആരംഭിക്കാൻ അവിടുന്ന് കാത്തിരിക്കുന്നു" (നം.2)

സമകാലീന ലോകത്തിലെ യുവജനങ്ങളുടെ ജീവിതാവസ്ഥകളേയും അനുഭവങ്ങളെയും മനസ്സിലാക്കിക്കൊണ്ട് പാപ്പ അവരെ പ്രചോദിപ്പിക്കുന്നു; അവർക്ക് പ്രത്യാശ പകരുന്നു. ഒൻപത് അധ്യായങ്ങളുള്ള ഈ ഉദ്ബോധനത്തിന്റെ ഉദ്ദേശ്യം പാപ്പ വ്യക്തമാക്കുന്നു: "വിശ്വാസത്തിൽ നിന്നും ഉടലെടുക്കുന്ന ചില ബോധ്യങ്ങളെക്കുറിച്ച് യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നതിനും, യുവജനങ്ങൾ വിശുദ്ധിയിൽ വളരുന്നതിനും; തങ്ങളുടെ വ്യക്തിപരമായ ദൈവവിളിയിൽ സമർപ്പണം ചെയ്യുന്നതിനും യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ്" (നം.3). യുവജനങ്ങളെക്കുറിച്ച് നടന്ന മെത്രാന്മാരുടെ സിനഡിന്റെ പ്രധാന നിർദ്ദേശങ്ങൾ പാപ്പ ഇതിൽ ഉൾച്ചേർത്തിരിക്കുന്നു. യുവജനങ്ങളോട് വ്യക്തിപരമായും നേരിട്ടും സംസാരിക്കുന്ന ശൈലി ഏറ്റവും ഹൃദ്യവും ആകർഷകവുമാണ്.


## യുവജനം വചന വെളിച്ചത്തിൽ

ദൈവവചനത്തിന് യുവജനങ്ങളെക്കുറിച്ച് എന്താണ് പറയാനുള്ളത്? എന്ന അന്വേഷണമാണ് പാപ്പ ഒന്നാം അധ്യായത്തിൽ നടത്തുക. ചെറുപ്പക്കാരെ കാര്യമായി പരിഗണിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ, ദൈവം അവരെ വ്യത്യസ്തമായ രീതിയിൽ കാണുന്നതായി പാപ്പ നിരീക്ഷിക്കുന്നു. പഴയ നിയമത്തിലെ യൗസേപ്പ്, ഗിദയോൻ, സാമുവൽ, ദാവീദ്, സോളമൻ, ജറെമിയ, റൂത്ത് തുടങ്ങിയവരെ ഇതിനുദാഹരണമായി പാപ്പ എടുത്തുകാട്ടുന്നു (നം.5-11). ഒരു പുതിയ തുടക്കത്തിലേക്ക് ശക്തിയാർജിച്ച് എഴുന്നേറ്റ് വീട്ടിലേക്ക് മടങ്ങാൻ തീരുമാനിച്ച പുതിയനിയമത്തിലെ ധൂർത്തപുത്രനെ, മാറ്റത്തിനും തിരിച്ചുവരവിനും ആഗ്രഹിക്കുന്ന യുവഹൃദയങ്ങൾക്ക് മാതൃകയായി പാപ്പ അവതരിപ്പിക്കുന്നു (നം.12). "സ്നേഹിക്കുവാൻ കഴിവുള്ള ഒരു ഹൃദയം ഉണ്ടായിരിക്കുക" എന്നതാണ് യഥാർത്ഥത്തിലുള്ള യൗവനമെന്ന് പാപ്പ പൗലോസ് അപ്പസ്തോലനെ ഉദ്ധരിച്ച് വ്യക്തമാക്കുന്നു. (നം.13).

**വാർധക്യത്തിലെത്തിയ ഒരു ലോകത്തിന് യഥാർത്ഥമായ യുവത്വം ഉത്ഥിതനായ യേശുവാണ് എന്ന് പറയുന്ന പാപ്പ യുവജനങ്ങളെ ഇപ്രകാരം ഓർമിപ്പിക്കുന്നു: " മറ്റു യുവജനങ്ങളുടെ ഇരുണ്ട രാത്രിയിൽ നക്ഷത്രങ്ങളെ തെളിക്കാൻ കർത്താവ് നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു...**

ചെറുപ്പക്കാരെ അവഗണനയോടെ നോക്കുന്നവരോ, അവരുടെമേൽ അടിച്ചേൽപ്പിക്കുന്ന മനോഭാവം ഉള്ളവരോ ആയ മുതിർന്നവരെ ഈശോയ്ക്ക് ആവശ്യമില്ല എന്നും (നം.14); ചെറുപ്പക്കാരെ 'സഹോദരരെപ്പോലെ പരിഗണിച്ച് അവരോട് പെരുമാറണമെന്നും' പാപ്പ ഓർമിപ്പിക്കുന്നു (നം.15). ഒപ്പം, മുതിർന്നവരുടെ അധികാരത്തെ ആദരിക്കുവാനും അവരുടെ അനുഭവങ്ങളിൽ നിന്ന് പഠിക്കുവാനും യുവജനങ്ങളോട് ആവശ്യപ്പെടുന്നു (നം.16). "ഹൃദയം ദൈവത്തിന് തുറന്നിട്ടുകൊണ്ടും, വ്യത്യസ്തമായ രീതിയിൽ ജീവിച്ചുകൊണ്ടും, യൗവനം നന്നായി ചെലവഴിക്കുന്നതിൽ നാം ഒരിക്കലും ഖേദിക്കരുത്" (നം.17) എന്ന് സുവിശേഷത്തിലെ ധനികനായ യുവാവിനെ സൂചിപ്പിച്ചുകൊണ്ട് പാപ്പ ആഹ്വാനം ചെയ്യുന്നു.

യൗവനത്തിന്റെ രണ്ട് സാധ്യതകളെ പത്തു കന്യകമാരുടെ ഉപമയിലൂടെ പാപ്പ ചൂണ്ടിക്കാട്ടുന്നു. "ഒന്നുകിൽ, വ്യഗ്രചിത്തരായി ജീവിതത്തിന്റെ ഉപരിപ്ലവതലത്തിൽ മാത്രം നിലകൊണ്ട്, പകുതിയുറങ്ങി, അർഥപൂർണമായ ബന്ധങ്ങളെ




പുലർത്താതെ, ജീവിതത്തിന്റെ ആഴത്തിലുള്ളവയെ അനുഭവിക്കാതെയോ ചെയ്ത് നമുക്ക് നമ്മുടെ യൗവനം ചെലവഴിക്കാനാകും. അല്ലെങ്കിൽ, മനോഹരവും മഹത്തരവുമായ കാര്യങ്ങളെ അഭിലഷിച്ചുകൊണ്ട് ജീവസ്സുറ്റതും സമ്പന്നവുമായ ഒരു ഭാവി സൂക്ഷിക്കുന്നതിലേക്കായി നമ്മുടെ യൗവനത്തെ ചെലവഴിക്കാനാകും"(നം.19). ആന്തരിക ചൈതന്യവും സ്വപ്നങ്ങളും ഉന്മേഷവും ശുഭാപ്തിവിശ്വാസവും ഔദാര്യവും നഷ്ടപ്പെട്ടുപോയിട്ടുള്ള യുവജനങ്ങളെ പാപ്പ ഇപ്രകാരം ഉണർത്തുന്നു: 'ഇതാ ഒരിക്കൽ വിധവയുടെ മരിച്ച മകന്റെ മുന്നിൽനിന്ന ഈശോ നിങ്ങളെ ഉണർത്തുന്നു: യുവാവേ, ഞാൻ പറയുന്നു, എഴുന്നേൽക്കുക" (ലൂക്ക 7:14) (നം.20).

## യേശുവിന്റെ യുവത്വം പഠിപ്പിക്കുന്നത്

യേശുവിന്റെ യൗവനം യുവജനങ്ങൾക്ക് എപ്രകാരം പ്രചോദനമായിരിക്കുന്നു എന്ന് പാപ്പ രണ്ടാം അധ്യായത്തിൽ വിശദീകരിക്കുന്നു. വി. ഇറനേവൂസിന്റെ ഈ വാക്കുകൾ പാപ്പ ഉദ്ധരിക്കുന്നു: "യുവാക്കൾക്ക് ഒരു മാതൃകയായിരിക്കാനും, അവരെ കർത്താവിന് പ്രതിഷ്ഠിക്കാനുമായി യേശു യുവാക്കൾക്കിടയിൽ യുവാവായിരിക്കുന്നു" (നം.22). ഒരുക്കത്തോടെ തന്റെ ദൗത്യം നിർവഹിക്കുന്ന ഒരു യുവാവായി യേശുവിനെ പാപ്പ നോക്കി കാണുന്നു. "പ്രായപൂർത്തിയിലെത്തിയ ഒരു യുവാവായിട്ടാണ് ഈശോ തന്റെ ജീവൻ സമർപ്പിച്ചത്. ഓജസ്സുനിറഞ്ഞ നവയൗവനത്തിലാണ് ഈശോ തന്റെ പരസ്യദൗത്യം ആരംഭിച്ചത്. യൗവനം മുഴുവനും യേശുവിനെ സംബന്ധിച്ച് തന്റെ ജീവൻ സമർപ്പിക്കുന്നതിനുള്ള ഒരു വിശേഷ ഒരുക്കമായിരുന്നു" (നം.23). അതിനുമുമ്പുള്ള കൗമാരപ്രായക്കാരനായ യേശുവാകട്ടെ മാതാപിതാക്കൾക്ക് വിധേയനായി "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപിൽ പ്രീതിയിലും സ്നേഹത്തിലും വളർന്നുവന്നു" (ലൂക്ക. 2:51-52).

യേശുവിന്റെ യുവത്വത്തിന്റെ സവിശേഷതയെ പാപ്പ ഇപ്രകാരം വ്യഖ്യാനിക്കുന്നു. "യേശുവിനെ ഒരു അന്തർമുഖനായ ബാലനായോ, തന്നിലേക്കുതന്നെ ലയിച്ചിരിക്കുന്ന ഒരു യുവാവായോ ചിന്തിച്ചുകൂടാ. അവിടുത്തെ ബന്ധങ്ങൾ സ്വകുടുംബത്തിന്റെയും സ്വജനങ്ങളുടെയും ജീവിതത്തിൽ പൂർണമായും പങ്കുചേരുന്ന ഒരു യുവാവായ വ്യക്തിയുടേതായിരുന്നു" (നം.28).

"യേശുവിന് സ്വതന്ത്രമായി ചരിക്കാനും മറ്റുള്ളവരുടെ കൂടെ യാത്രചെയ്യാനും സാധ്യമാകുമാറ് അവിടുത്തെ മാതാപിതാക്കൾ അവനിൽ വിശ്വാസമർപ്പിച്ചിരുന്നു" (നം.29) എന്നും പാപ്പ വിലയിരുത്തുന്നു. സുവിശേഷത്തിലെ യേശു യുവഹൃദയങ്ങളുടെ പ്രത്യേകതകളിൽ പങ്കുചേരുന്നുണ്ട്. യേശുവിന്റെ യൗവനം നമ്മെ പലതും പഠിപ്പിക്കുന്നുണ്ട്. ദൈവപിതാവുമായുള്ള ബന്ധത്തിലും, ഒരു കുടുംബത്തിന്റെയും ഒരു ജനതയുടെയും ഭാഗമാണ് താനെന്ന ബോധത്തിലും വളരുക; പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടും നയിക്കപ്പെട്ടും തങ്ങൾക്ക് ദൈവം നൽകുന്ന ദൗത്യം, വൈയക്തിക വിളി, നിറവേറ്റുക എന്ന പ്രധാനപാഠം യുവജനങ്ങൾ യുവാവായ ക്രിസ്തുവിൽ നിന്ന് പഠിക്കണമെന്ന് പാപ്പ അഭിപ്രായപ്പെടുന്നു (നം. 30).

വാർധക്യത്തിലെത്തിയ ഒരു ലോകത്തിന് യഥാർത്ഥമായ യുവത്വം ഉത്ഥിതനായ യേശുവാണ് എന്ന് പറയുന്ന പാപ്പ യുവജനങ്ങളെ ഇപ്രകാരം ഓർമിപ്പിക്കുന്നു: " മറ്റു യുവജനങ്ങളുടെ ഇരുണ്ട രാത്രിയിൽ നക്ഷത്രങ്ങളെ തെളിക്കാൻ കർത്താവ് നമ്മെ വിളിച്ചുകൊണ്ടിരിക്കുന്നു.... ക്രിസ്തു തന്നെയാണ് നമ്മുടെ പ്രത്യാശയുടെ മഹത്തായ ദീപവും, രാത്രിയിലെ നമ്മുടെ വഴികാട്ടിയും. കാരണം അവിടുന്നാണ് ഉജ്ജ്വലിക്കുന്ന പ്രഭാത നക്ഷത്രം (വെളി. 22:16)" (നം.33).

## യുവതിയായ മറിയവും യുവവിശുദ്ധരും

നസ്രത്തിലെ യുവതിയായ മറിയത്തെ യുവത്വത്തിന് പ്രചോദനമായി പാപ്പ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിനെ പിഞ്ചെല്ലാൻ സന്നദ്ധമായ യുവചൈതന്യമുള്ള സഭയുടെ പരമമായ മാതൃകയാണ് മറിയം (നം.43). തന്റെ ജീവിത മാതൃകയിലൂടെ "മറിയം നമ്മുടെ യൗവനത്തെ പ്രശോഭിതമാക്കുന്നു" (നം.48). മറിയത്തിന്റെ സമർപ്പണ മനോഭാവവും ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനുള്ള സന്നദ്ധതയും അപകടസാധ്യതകളെ ഉൾക്കൊള്ളുന്ന മനസ്സും ധൈര്യവും യുവജനങ്ങൾക്ക് അനുകരിക്കാവുന്നവയാണ്.

യുവജനങ്ങൾക്ക് ആവേശവും പ്രചോദനവും പകരാൻ യുവ വിശുദ്ധരെ പാപ്പ പ്രത്യേകം എടുത്തുപറയുന്നുണ്ട്.. "തങ്ങളുടെ ജീവിതങ്ങളെ ക്രിസ്തുവിന് സമർപ്പിച്ച, രക്തസാക്ഷിത്വംവരിച്ചു സ്വയം സമർപ്പിച്ച അനേകം യുവവിശുദ്ധരാൽ തിരുസഭയുടെ ഹൃദയം നിറഞ്ഞിരിക്കുകയാണ്. അവരെല്ലാവരും യുവാവായ ക്രിസ്തുവിന്റെ വിലപിടിച്ച പ്രതിബിംബങ്ങളാണ്. അവരുടെ തിളങ്ങുന്ന സാക്ഷ്യം നമ്മെ പ്രോത്സാഹിപ്പിക്കുകയും, നമ്മുടെ ഉറക്കത്തിൽ നിന്നും നമ്മെ ഉണർത്തുകയും ചെയ്യുന്നുണ്ട് " (നം.49). അവരിൽ ചിലരാണ് വിശുദ്ധ സെബാസ്റ്റ്യൻ, വിശുദ്ധ ഫ്രാൻസിസ് അസ്സീസി, വിശുദ്ധ ജോവാൻ ഓഫ് ആർക്ക്, വാഴ്ത്തപ്പെട്ട ആൻഡ്രൂ ഫ്യൂയെൻ, വിശുദ്ധ കത്തേരി തെകാത്താ, വിശുദ്ധ ഡൊമിനിക് സാവിയോ, ഉണ്ണിയേശുവിന്റെ വിശുദ്ധ കൊച്ചുത്രേസ്യാ.



## യുവജനങ്ങളുടെ ഇന്നത്തെ അവസ്ഥ

ഇന്നത്തെ ലോകത്തിൽ യുവജനങ്ങളുടെ യഥാർത്ഥ അവസ്ഥ പാപ്പ മൂന്നാം അധ്യായത്തിൽ ചർച്ചചെയ്യുന്നു. ഇന്നത്തെ യുവജനങ്ങളുടെ സ്ഥിതി എന്താണ്? അവരുടെ ജീവിതങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണ്? ഇതാണ് ഇതിലെ പ്രധാന പ്രമേയം. വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിൽ പല യുജവനങ്ങളുടെയും ജീവിതങ്ങൾ സഹനങ്ങൾക്കും കൃത്രിമങ്ങൾക്കും

വിധേയമാണ്. പല യുവജനങ്ങളും ഇന്ന് ജീവിക്കുന്നത് യുദ്ധമുഖങ്ങളിലാണ്; അവർ എണ്ണമറ്റതും വിവിധങ്ങളുമായ അക്രമങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. ചിലർ അബദ്ധ സിദ്ധാന്തങ്ങൾക്കടിമപ്പെട്ട് മറ്റുള്ളവരെ നശിപ്പിക്കാനുള്ള ഭീകരസംഘമാകാൻ ഇടയാകുന്നു. രാഷ്ട്രീയ സംവിധാനങ്ങളുടെയും സാമ്പത്തിക ശക്തികളുടെയും അതിക്രൂരവും നാശകരവുമായ കുതന്ത്രങ്ങൾക്ക് എളുപ്പത്തിൽ അവർ അടിമപ്പെട്ടുപോകുന്നു. ഒരുസഭയെന്ന നിലയിൽ യുവാക്കളുടെ ഇത്തരം ദുരവസ്ഥയെ ഓർത്ത് വിലപിക്കുന്നതിൽ നാമൊരിക്കലും പരാജയപ്പെടരുത് എന്നും പാപ്പ ആഹ്വാനം ചെയ്യുന്നു.

സിനഡ് പ്രത്യേകം ചർച്ച ചെയ്ത സാങ്കേതികതയുടെ സാമൂഹ്യാന്തരീക്ഷം, പ്രവാസം, എല്ലാത്തരം ദുരുപയോഗങ്ങൾ എന്നീ മൂന്നു വിഷയങ്ങൾ പാപ്പ തുടർന്ന് വിശദമായി അവതരിപ്പിക്കുന്നു.



## ഡിജിറ്റൽ ലോകത്തെ വേറിട്ടൊരു മാതൃക

ഡിജിറ്റൽ ലോകത്ത് ജീവിക്കുന്ന യുവജനങ്ങൾക്ക് വേറിട്ടൊരു മാതൃകയായി കാർളോ അച്ചുത്തിസ് എന്ന യുവപ്രതിഭയുടെ കാര്യം പാപ്പ പങ്കുവയ്ക്കുന്നു (നം. 104-106). അവന് സാമൂഹ്യ മാധ്യമങ്ങളുടെ നിഷേധാത്മക ഫലങ്ങളുടെ കെണിയിൽ വീഴാതെ, പുതിയ സങ്കേതികവിദ്യയെ എങ്ങനെ സുവിശേഷം അറിയിക്കാനും മൂല്യങ്ങളും സൗന്ദര്യവും കൈമാറാനും ഉപയോഗിക്കാമെന്നും അറിയാമായിരുന്നു. ധാരാളം യുവജനങ്ങൾ വ്യത്യസ്തരായിരിക്കാൻ ആഗ്രഹിക്കുന്നെങ്കിലും വാസ്തവത്തിൽ മറ്റുള്ളവരെപ്പോലെ യാണ് ആയിത്തീരുന്നത്. കർത്താവ് അവർക്ക് ഓരോരുത്തർക്കും നൽകിയിട്ടുള്ള അനന്യവും വൈയക്തികവുമായ താലന്തുകൾ അവർ ലോകത്തിന് ലഭ്യമാക്കാത്തതായി കണ്ട് കാർളോ പറഞ്ഞ വാക്കുകളാണ്:

"ഓരോരുത്തരും ഒരു അസൽ (original) യാഥാർഥ്യമാണ്, പക്ഷേ, വളരെയാളുകൾ ഒരു ഫോട്ടോകോപ്പിയായി മരിച്ചുപോകുന്നു." നമ്മുടെ യുജവജനങ്ങൾക്ക് ഇങ്ങനെ സംഭവിക്കാതിരിക്കട്ടെ എന്ന് പാപ്പ ആശിക്കുന്നു. അതിന് യുവജനങ്ങൾക്കുണ്ടായിരിക്കേണ്ട ഒരു അടിസ്ഥാന ബോധ്യത്തെക്കുറിച്ച് പാപ്പ പറയുന്നു: "ചെറുപ്പമായിരിക്കുക എന്നത് നൈമിഷികമായ സുഖസന്തോഷങ്ങളിലും ഉപരിപ്ലവമായ നേട്ടങ്ങളിലുമല്ല അടങ്ങിയിരിക്കുന്നത്. നിങ്ങളുടെ യുവത്വത്തിന്റെ വർഷങ്ങൾ, ജീവിതത്തിന്റെ തന്നെ ഉദ്ദേശം നേടുന്നതിന് ഉപകരിക്കണമെങ്കിൽ അവ ഔദാര്യപൂർണമായ ഒരു സമർപ്പണത്തിന്റെ, സമ്പൂർണ ഹൃദയത്തോടു കൂടിയ ഒരു പ്രതിഷ്ഠയുടെ , പ്രയാസമേറിയതെങ്കിലും ആത്യന്തികമായ, ഫലപ്രദമായ ബലിദാനത്തിന്റെ സമയമായിരിക്കണം" (നം.108).

## മഹത്തായൊരു സന്ദേശം

എല്ലാവരും നിരന്തരം കേട്ടുകൊണ്ടിരിക്കേണ്ട മൂന്നു വലിയ സത്യങ്ങൾ ഉൾക്കൊള്ളുന്ന മഹത്തായ ഒരു സന്ദേശമാണ് പാപ്പ നാലാം അധ്യായത്തിൽ യുവജനങ്ങളോട് പങ്കുവയ്ക്കുന്നത്: "ദൈവം നിങ്ങളെ സ്നേഹിക്കുന്നു; ക്രിസ്തു നിങ്ങളെ രക്ഷിക്കുന്നു; ക്രിസ്തു ജീവിക്കുന്നു."

ക്രൈസ്തവ വിശ്വാസത്തിലെ കാതലായ ഈ സത്യങ്ങൾ തികഞ്ഞ ബോധ്യത്തോടെ യാതൊരു പ്രശ്നത്തിനുമുള്ള പരിഹാരമാർഗമായിക്കണ്ട് പാപ്പ പ്രഘോഷിക്കുന്നു: "ദൈവം നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾക്ക് ജീവിതത്തിൽ എന്തുസംഭവിച്ചാലും, ഇതിനെപ്പറ്റി ഒരിക്കലും സംശയിക്കരുത്. ഓരോ നിമിഷവും നിങ്ങൾ അപരിമിതമായി സ്നേഹിക്കപ്പെടുന്നു." (നം.112) പിതൃത്വത്തെപ്പറ്റിയുള്ള നിങ്ങളുടെ അനുഭവം എന്തുതന്നെയായാലും നിങ്ങളുടെ സ്വർഗീയ പിതാവിന്റെ ആശ്ലേഷത്തിൽ നിങ്ങൾക്ക് സുരക്ഷിതത്വം കണ്ടെത്താൻ കഴിയും. അവിടുന്ന് നിങ്ങളുടെ ഉറച്ച പിന്തുണയായിരിക്കും. അവിടുന്ന് പൂർണമായി നിങ്ങളുടെ സ്വാതന്ത്ര്യത്തെ ആദരിക്കുമെന്നും നിങ്ങൾ മനസ്സിലാക്കും" (നം. 113).

ദൈവവചനത്തിൽ കാണുന്ന ദൈവസ്നേഹത്തിന്റെ അനേകം ആവിഷ്കാരങ്ങളിൽ ചിലത് ഹൃദയസ്പർശിയായി പാപ്പ സൂചിപ്പിക്കുന്നുണ്ട്. തന്റെ കുട്ടികളോടുകൂടി കളിക്കുന്ന വാത്സല്യമുള്ള ഒരു പിതാവിനെപ്പോലെയും (ഹോസി. 11:4), മാതൃവാത്സല്യം നിറഞ്ഞ അമ്മയെപ്പോലെയും (ഏശ. 49:15) തന്റെ ഉള്ളംകൈകളിൽ പ്രിയതമയുടെ ചിത്രം സൂക്ഷിക്കുന്ന ഒരു കാമുകനെപോലെ (ഏശ. 49:16) യുമാണ് ദൈവപിതാവിന്റെ സ്നേഹം. ആ സ്നേഹത്തിന്റെ അചഞ്ചലമായ കരുത്തും (ഏശ. 54:10) അനന്തമായ വിശ്വസ്തതയും (ജറെ. 31:3) വ്യക്തിപരമായ അടുപ്പവും (ഏശ. 43:4) ആർക്കും വിസ്മരിക്കാനാവില്ല.

ദൈവത്തിന് നാം ഓരോരുത്തരും പ്രാധാന്യമുള്ളവരും താല്പര്യവുമുള്ളവരുമാകയാൽ യുവജനങ്ങളെ ദൈവത്തിന്റെ ഓർമ്മയിൽ വിശ്വാസിക്കുവാൻ പാപ്പ അഹ്വാനം ചെയ്യുന്നു. ദൈവത്തിന്റെ ഓർമ്മയുടെ സവിശേഷതയാകട്ടെ: 'നമ്മുടെ എല്ലാ വിവരങ്ങളും "സൂക്ഷിക്കുകയും" പുരാവസ്തു നിലനിർത്തുകയും ചെയ്യുന്ന ഒരു 'ഹാർഡ് ഡിസ്കല്ല' അവിടുത്തെ ഓർമ്മ. മൃദുലമായ അനുകമ്പകൊണ്ടുനിറഞ്ഞ ഒരു ഹൃദയമാണ് അവിടുത്തെ ഓർമ്മ. തിന്മയുടെ എല്ലാ അടയാളവും നമ്മിൽ നിന്ന് 'മായ്ച്ചുകളയുന്ന'തിൽ ആനന്ദം കാണുന്നു. നിങ്ങളുടെ കുറവുകളുടെ രേഖ അവിടുന്ന് സൂക്ഷിക്കുന്നില്ല" (നം.115).

*(തുടരും)*

ലേഖനം

**ചിന്താ ജെറോം**
യുവജന കമ്മിഷൻ ചെയർപേഴ്സൺ



# അതിജീവനത്തിന്റെ യൗവനപാഠങ്ങൾ

സ്നേഹം നിശബ്ദമായ ഒരു രാഷ്ട്രീയ മുദ്രാവാക്യമാണ് എന്ന് കേരളത്തെ ഓർമ്മിപ്പിച്ചത് പ്രളയകാലമാണ്. 453 പേർ മരിച്ച ദുരന്തത്തെ ഈ നൂറ്റാണ്ടിന്റെ ഏറ്റവും വലിയ പ്രളയമായാണ് ഐക്യരാഷ്ട്ര സഭ വിശേഷിപ്പിച്ചത്. 1924 നു ശേഷം കേരളം കണ്ട ഏറ്റവും വലിയ പ്രളയം 2018 ആഗസ്റ്റ് മാസം കേരളത്തിന്റെ ചരിത്രത്തിലെ ഏറ്റവും വിഷാദ പൂർണമായ ഒരധ്യായത്തിനാണ് തുടക്കം കുറിച്ചത്. സംസ്ഥാന സർക്കാരിന്റെ കണക്കു പ്രകാരം 54 ലക്ഷം പേരെയാണ് പ്രളയം ബാധിച്ചത്. 14 ലക്ഷം പേർക്ക് വീടു വിട്ടു പോകേണ്ടിവന്നു. 30,000 കോടിയിലേറെ രൂപയുടെ സാമ്പത്തിക നഷ്ടമാണ് യു എൻ ന്റെ പഠന റിപ്പോർട്ട് വിലയിരുത്തുന്നത്. പൂർണമായി തകർന്ന വീടുകളാകട്ടെ 17,000 ത്തോളം വരും. പൊതുമരാമത്ത് റോഡുകൾ, കൃഷി, പാലങ്ങൾ തുടങ്ങിയവയൊക്കെ പ്രളയത്തിന്റെ ദുരന്തപ്പട്ടികക്ക് ആക്കം കൂട്ടുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി സുസജ്ജമായി പ്രവർത്തിച്ച 5645 ദുരിദാശ്വാസ ക്യാംപുകളിൽ മാത്രം ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിൽ 8 ലക്ഷത്തോളം ദുരിതബാധിതരായിരുന്നു ഉണ്ടായിരുന്നത്. എന്നിട്ടും പ്രളയകാലം ഒരു സമൂഹമെന്ന നിലയിൽ കേരളത്തിന്റെ ചരിത്ര വഴികളിൽ വേറിട്ട ഹൃദയമിടിപ്പായി തെളിഞ്ഞു നില്ക്കുന്നത് നമ്മുടെ യൗവനം എത്രമേൽ സാമൂഹികമാനമുള്ളതാണ് എന്ന് ബോധ്യപ്പെടുത്താൻ അവസരമൊരുക്കി.

## അതിജീവനത്തിന്റെ സങ്കീർത്തനങ്ങൾ

ചരിത്രം യുവതയുടേതാണ്. വർത്തമാനവും ഭാവിയുമതേ. ജീനുകളിൽ യൗവനത്തിന്റെ മാസ്മരികത ആലേഖനം ചെയ്തവരാണ് അതിജീവനത്തിന്റെ സങ്കീർത്തനങ്ങൾ കൊണ്ട് ഏതൊരു കാലത്തേയും പാകപ്പെടുത്തിയിട്ടുള്ളത്. ഭൂമിക്ക് വച്ചു നീട്ടിയ കരുണയുടെ യൗവനോത്സവമായിരുന്നു ക്രിസ്തു. ക്രിസ്തുവിന്റെ യൗവനം വിമോചനത്തിന്റെ സാംസ്കാരിക അനുഭവമായിരുന്നത് ഒരു ജനതയ്ക്ക് മുഴുവനായിരുന്നു. നേര് തോല്ക്കുന്നിടങ്ങളിലെല്ലാം, കരുണ ഊർദ്ധൻ വലിക്കുന്നിടത്തെല്ലാം യുവാവായ ക്രിസ്തു ഒരു സാധ്യതയായി പുനർജനിക്കുന്നുണ്ട്. അതുകൊണ്ടാണ് ചരിത്രത്തിന്റെ മറ്റൊരു കാലത്തിരുന്നുകൊണ്ട്, ചരിത്രത്തെ പലവുരു വിസ്മയിപ്പിച്ച മറ്റൊരു യുവാവിന്, സ്വാമിവിവേകാനന്ദന് ക്രിസ്തു എന്റെ കാലത്താണ് ജീവിച്ചിരുന്നതെങ്കിൽ എന്റെ ഹൃദയ രക്തം കൊണ്ട് ഞാനാ മഹാന്റെ കാൽ കഴുകുമായിരുന്നു എന്ന് പറയാനാകുന്നത്.

പ്രളയകാലം കേരളത്തിന്റെ യൗവനത്തെ,

അതിന്റെ സചേതനമായ കരുത്തിനെ, ഉശിരുള്ള കരുണയുടെ ചുമലുകളെയൊക്കയും ലോകത്തിന് കാട്ടിക്കൊടുത്ത കാലമായിരുന്നു. കരിയറിസ്റ്റുകളെന്നും, അവനവനിസ്റ്റുകളെന്നും നമ്മുടെ മുതിർന്നവർ ഒളിഞ്ഞും തെളിഞ്ഞും വിമർശിച്ചു പോന്നിരുന്ന യൗവനത്തിന്റെ ചുമലിൽ മുറുകെപ്പിടിച്ചാണ് മൂന്നരക്കോടി മനുഷ്യർ പ്രളയത്തിന്റെ ദുരിതപ്പേമാരി നീന്തിക്കയറിയത്. കോളേജുകളിൽ നിന്നും, തൊഴിലിടങ്ങളിൽ നിന്നും, ഐ.ടി.പാർക്കുകളിൽ നിന്നും ലീവെടുത്ത് നമ്മുടെ ചെറുപ്പക്കാർ ദുരിതാശ്വാസ ക്യാംപുകളിലേക്കും, കളക്ഷൻ സെന്ററുകളിലേക്കും ഓടിയെത്തിയത് ചെറുപ്പത്തിന് മാത്രം സാധ്യമായ ആത്മവിശ്വാസത്തോടെയായിരുന്നു. കളക്ഷൻ സെന്ററുകളിലേക്ക് സ്വകാര്യ വ്യക്തികളിൽ നിന്നു പോലും കോടിക്കണക്കിന് രൂപയുടെ വസ്ത്രങ്ങളും, ആഹാരവും വന്നു നിറഞ്ഞു. ജാതിയും, മതവും, ലിംഗബോധവും നമ്മുടെ ഓർമ്മകളിൽ നിന്നേ മാഞ്ഞുപോയ ദിവസങ്ങളായിരുന്നു പ്രളയത്തിന്റേത്. സാനിറ്ററി നാപ്കിനുകൾ കളക്ഷൻ സെന്ററുകളിൽ നിന്ന് കേരളത്തിന്റെ ചെറുപ്പക്കാർ (ആണുങ്ങളും, പെണ്ണുങ്ങളും, ട്രാൻസുകളും) ഒന്നിച്ച് പാക്ക് ചെയ്ത്, ദുരിതാശ്വാസ ക്യാംപുകളിലേക്ക് കയറ്റി അയക്കുന്ന കാഴ്ച ആർത്തവം അശുദ്ധമാണെന്ന മലയാളത്തിന്റെ പൊതുബോധത്തിന്റെ ശിരസിലടിച്ച ഒടുവിലത്തെ ആണിയായിരുന്നു. കേരളത്തിന്റെ സൈന്യമെന്ന് നാം അഭിമാനത്തോടെ വിളിച്ചാരാധിച്ച മത്സ്യത്തൊഴിലാളി സഹോദരങ്ങൾ, അതിൽത്തന്നെ ജയ്സലിനെപ്പോലെയുള്ളവർ ബാക്കിവച്ചു പോകുന്നത് യൗവനത്തിന്റെ കർമശേഷിയും, കാരുണ്യബോധവുമാണ്. കേരളീയ യൗവനത്തിന്റെ ഉദാത്തമായ മിനിയേച്ചർ(miniature) ജയ്സൽ എന്ന മത്സ്യത്തൊഴിലാളിയാണെന്ന് നിസംശയം പറയാം. കേരളത്തിന്റെ സാംസ്കാരിക ഓർമ്മയിലെ ആധുനിക മാവേലിയായി എക്കാലവും ജയ്സൽ ഓർമ്മിക്കപ്പെടും. തന്റെ ചുമല് കുനിച്ചുകൊടുത്ത് അയാൾ ചുമന്ന് കയറ്റിയത് ഒടുക്കമില്ലാത്ത പ്രത്യാശയുടെ നെടുവീർപ്പുകളെയാണ്. ഒരർഥത്തിൽ കേരളത്തിലെ മത്സ്യത്തൊഴിലാളികളും, നിതാന്തജാഗ്രതയോടെ കേരളത്തിന് കാവൽ നിന്ന സംസ്ഥാന സർക്കാരും യൗവനത്തിന് പുതുഭാഷ ചമയ്ക്കുകയായിരുന്നു. നമ്മുടെ യൗവനം 21-ാം നൂറ്റാണ്ടിൽ വിളിച്ച ഏറ്റവും സർഗാത്മകമായ രാഷ്ട്രീയ മുദ്രാവാക്യം നാം കേട്ട് കോൾമയിർകൊണ്ടത് പ്രളയകാലത്തായിരുന്നു. നമ്മളൊന്നാണ് എന്നവർ നിശബ്ദം വിളിച്ചു പറഞ്ഞു. നമ്മളൊന്നാണ് എന്നവർ ഏറ്റവും മധുരമായി ജീവിച്ചു സാക്ഷ്യപ്പെടുത്തി.

## സാമൂഹികമാധ്യമങ്ങൾ അതിജീവനത്തിന്റെ ജാതകമെഴുതിയപ്പോൾ

കേരളത്തിന്റെ യുവത സാമൂഹികമാധ്യമത്തിന്റെ സാധ്യതയും, കരുത്തും ഏറ്റവും സമഗ്രമായി പ്രത്യക്ഷീകരിച്ചത് പ്രളയകാലത്താണ്. രക്ഷാപ്രവർത്തനത്തിനും, പിന്നീട് ദുരിതാശ്വാസ പ്രവർത്തനങ്ങളിലും നമ്മുടെ യുവത ഒന്നിച്ചത് നവമാധ്യമങ്ങളുടെ കൈപിടിച്ചായിരുന്നു. രാപ്പകലില്ലാതെ വീടുകളിലും,ഒറ്റപ്പെട്ട ഇടങ്ങളിലും കുടുങ്ങിക്കിടന്നവരുടെ വിവരങ്ങൾ തമ്മിൽ കൈമാറി രക്ഷ ഉറപ്പാക്കാനുമായിരുന്നു യുവത പ്രളയം രൂക്ഷമായ ആദ്യ ദിവസങ്ങളിൽ നവമാധ്യമങ്ങളെ ഉപയോഗിച്ചത്. ഫേസ്ബുക്ക് അടക്കമുള്ള പൊതു ഇടങ്ങളെ രക്ഷാപ്രവർത്തനത്തിനുള്ള വിവര കൈമാറ്റ ഇടങ്ങളായി യുവാക്കൾ എളുപ്പത്തിൽ മാറ്റിയെടുത്തു. ദുരിതാശ്വാസ പ്രവർത്തനം കേരളത്തിൽ അങ്ങനെ ജനകീയ ഉദ്യമമായി മാറി. വിവിധ ക്യാമ്പുകളിലായി കഴിഞ്ഞിരുന്ന 8 ലക്ഷത്തിലേറെ ദുരിതബാധിതർക്ക് അവശ്യ സാധനങ്ങളും, ആഹാരവും ഉറപ്പാക്കുന്നതിനുള്ള കൂട്ടായ ശ്രമങ്ങൾ സാധ്യമാക്കുന്നതിലും ഗുണപരമായ പങ്ക് വഹിച്ചത് യുവാക്കളുടെ നേതൃത്വത്തിലുള്ള ഇത്തരം നവമാധ്യമ പ്ലാറ്റ്ഫോമുകളാണ്.

## നവകേരളം....... നവയുവത

കേരളത്തിന്റെ സമഗ്രവികസനത്തെ സാധ്യമാക്കുന്ന നവകേരളം എന്ന ലക്ഷ്യത്തിലേക്ക് സർക്കാർ സുസ്ഥിര മുന്നേറ്റം ആരംഭിച്ചു കഴിഞ്ഞു. പ്രളയാനന്തര പുനരുദ്ധാരണ പ്രവർത്തനങ്ങൾ നവകേരള നിർമ്മാണത്തിനുള്ള അടിസ്ഥാന ശിലയൊരുക്കൽ കൂടിയാണ്. യുവത്വത്തെ അഭിസംബോധന ചെയ്ത യുവതയുടെ പൂർണാർഥത്തിലുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് എല്ലാക്കാലത്തും യൗവനമുള്ള ഒരു നാടിനെ പുനർനിർമ്മിക്കാനാവും. കാലത്തിലേക്കും, ചരിത്രത്തിലേക്കും തുറന്നു വച്ച കാതുകളുള്ള നവയുവതക്കു മാത്രമേ സംസ്ഥാനത്തിന്റെയു രാജ്യത്തിന്റെയും ലോകത്തിന്റെയും നിർമ്മിതിയെ ബലപ്പടുത്താൻ കഴിയൂ. അതിന് ആലസ്യം വെടിഞ്ഞ് യുവത ഉയർത്തെഴുന്നേക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇതിന് പ്രളയകാലത്തേക്കാൾ വലിയൊരു സാക്ഷ്യപ്പെടുത്തൽ വേറെയില്ല. ■





# ഹോംമിഷൻ
## പ്രതീക്ഷകളും കാഴ്ചപ്പാടുകളും

ലേഖനം

**ജെ. സൈമൺ, പുതിയതുറ**

**ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ ആതിരൂപതയിൽ നടന്നുവരുന്ന ഹോംമിഷൻ പ്രവർത്തനങ്ങളെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുകയാണ് ലേഖകൻ. പ്രതീക്ഷാനിർഭരമായ ഈ പ്രവർത്തനത്തിന് ഒരു തുടർപ്രവർത്തനം അനിവാര്യമാണെന്ന് അദ്ദേഹം സമർത്ഥിക്കുന്നു.**

കുടുംബങ്ങളുടെ വിശ്വാസ നവീകരണം എന്ന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ഇടവകതലത്തിൽ നടന്നുവരുന്ന ഹോം മിഷൻ ഇന്ന് വിശ്വാസികളുടെ ഇടയിൽ ഏറെ ചർച്ചയ്ക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ഒരു അജപാലന പ്രവർത്തനമാണ്. രൂപതാ തലത്തിലും ഇടവകതലത്തിലും ദീർഘനാളത്തെ തയ്യാറെടുപ്പുകളോടും ചിട്ടയായ ക്രമീകരണങ്ങളോടും കൂടിയാണ് ഈ ദൗത്യം പുരോഗമിച്ചുവരുന്നു എന്നതിനാൽ തന്നെ രൂപതാ നേതൃത്വം ഈ പ്രക്രിയയ്ക്ക് വളരെയേറെ പ്രാധാന്യം നൽകുന്നു എന്നുവ്യക്തം. 25 ഓളം സമർപ്പിതരുടെ ഒരു കൂട്ടായ്മ പരിശീലനത്തിനും പ്രാർത്ഥനാനിർഭരമായ ഒരുക്കത്തിനും ഒടുവിൽ ഒരു ഇടവകയിലെത്തി. ജനങ്ങൾക്കിടയിൽ വസിച്ച് കൃത്യമായ ആസൂത്രണത്തിലൂടെ ഇടവകയിലെ മുഴുവൻ കുടുംബങ്ങളെയും വ്യക്തികളെയും നേരിൽ കണ്ട് വിശ്വാസ ജീവിതം കരുത്താർജ്ജിക്കുവാനും മൂല്യബോധം പകർന്നുനൽകുവാനും ശ്രമിക്കുക എന്നത് ശ്രമകരമാണെന്നറിഞ്ഞുകൊണ്ടുതന്നെ പ്രതീക്ഷ കൈവിടാതെ ഈ ദൗത്യത്തിലേർപ്പെട്ടിരിക്കുന്ന സമർപ്പിതരെ എത്ര പ്രശംസിച്ചാലും അധികമാവില്ല. (യാതൊരു വിവേചനവുമില്ലാതെ ധനവാനെന്നോ ദരിദ്രനെന്നോ, വിശ്വാസം കൂടിയവനെന്നോ കുറഞ്ഞവനെന്നോ ഉള്ള യാതൊരു തരംതരിവുമില്ലാതെ എല്ലാപേർക്കും തുല്യപരിഗണനയും സ്നേഹവും നൽകി അവരെ സമീപിക്കുന്നു എന്നതിൽ ജനത്തിനുണ്ടാകുന്ന സ്വാഭിമാനം ചെറുതല്ല. കൂടാതെ അവരോടൊത്തിരുന്ന പ്രാർത്ഥിക്കുന്നതും ഭക്ഷണം കഴിക്കുന്നതും കുടുംബാംഗങ്ങൾക്ക് ശക്തിയും ആത്മവിശ്വാസം പകരുക മാത്രമല്ല, അവരറിയാതെ നല്ല ആനുകൂല്യങ്ങളും സംസ്കാരങ്ങളും അവർക്ക് കൈമാറുക കൂടി ചെയ്യുന്നു.

### ഹോം മിഷനെക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകൾ

മിഷൻ കുടുംബ പ്രേഷിതത്വം, വിശ്വാസ നവീകരണം എന്നീ പ്രക്രിയകളിൽ ഊന്നിയുള്ളതാണ്. കുടുംബങ്ങളിലും വ്യക്തികളും സമൂഹത്തിലും പൊതുവായി കാണപ്പെടുന്ന മൂല്യച്യുതിക്കെതിരായ, അല്ലെങ്കിൽ മൂല്യങ്ങളെ തിരിച്ചുപിടിക്കാനുള്ള ഒരു പരിശ്രമമായും ഇത് വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ വിശ്വാസവും പൊതുവായ മൂല്യച്യുതിയും രണ്ടായി തന്നെ കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്.

വിശ്വാസം പരിപോഷിപ്പിക്കുവാൻ നാം ശക്തമായ രൂപതാ സംവിധാനങ്ങൾ അടിക്കടി നവീകരിക്കുന്നതും വലിപ്പം കൂട്ടിക്കൊണ്ടിരിക്കുന്നതുമായ പള്ളികൾ, പതിനായിരങ്ങൾ ഒത്തുചേരുന്ന ഇടവക പെരുന്നാളുകൾ, ഒരു

കൊടിയിറങ്ങുന്നതു നോക്കിയിരുന്ന് അടുത്ത കൊടിയേറ്റുന്ന തിരുനാൾ നിരകൾ എന്നിവയെയാണ്. എന്നിട്ടെന്താണ് നേരത്തെ പറഞ്ഞ മൂല്യങ്ങളുടെ ഗ്രാഫ് പിന്നെയും പിന്നെയും താഴ്ന്നുവരുന്നത്. അപ്പോൾ രോഗം നാം കാണുന്നതിനേക്കാൾ സങ്കീർണ്ണമാണ്. വിശ്വാസ ഉണർവിനൊപ്പം സാമൂഹ്യമായ ഉണർവും സമാന്തരമായി ഉണ്ടാകേണ്ടതുണ്ട്. എങ്കിലേ കുടുംബ ഉണർവിന് ആയുസ്സുണ്ടാവുകയുള്ളൂ. അല്ലെങ്കിൽ ഭവനത്തിൽ നിന്നും സിസ്റ്റേഴ്സ് ഇറങ്ങുമ്പോൾ തന്നെ പിന്നാലെ ഉണർവും ഇറങ്ങിപ്പോകും.

## ഹോം മിഷന്റെ കണ്ടെത്തലുകളും ഉൾക്കാഴ്ചകളും

ഹോം മിഷന്റെ പ്രവർത്തനഫലമായി പുതിയതുറയിൽ വളരെ നല്ല ഒരു റിപ്പോർട്ട് പുറത്തുവരുകയുണ്ടായി. യുക്തിക്കും സത്യത്തിനും നിരക്കുന്നത്. ഇതിന്റെ പിന്നിലെ അദ്ധ്വാനത്തെ എത്ര ശ്ലാഘിച്ചാലും മതിവരില്ല. ഇതിലെ കണ്ടെത്തലുകളിൽ പ്രധാനം ദൈവവിശ്വാസക്കുറവ്, ഭാര്യാ ഭർത്താക്കന്മാർ, മക്കൾ എന്നിവർക്കിടയിലെ സങ്കീർണമായ കുടുംബപ്രശ്നങ്ങൾ, കടബാധ്യത, മന്ത്രവാദം, ദാരിദ്ര്യം, ആത്മഹത്യ, വിദ്യാഭ്യാസമില്ലായ്മ, മദ്യപാനം മുതലായവ. മേൽപ്പറഞ്ഞവ, പുതിയതുറ ഗ്രാമത്തിൽ മാത്രം കാണപ്പെടുന്ന സവിശേഷ സാഹചര്യമല്ല. തീരദേശത്തിന്റെ അഥവാ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പൊതുവായ പ്രശ്നങ്ങളാണ്. ഇതൊക്കെയെന്ന് ചുറ്റും നോക്കിക്കാണുന്ന ആർക്കും മനസ്സിലാകും. പ്രദേശത്തിനനുസരിച്ച് തീവ്രത കൂടിയും കുറഞ്ഞുമിരിക്കുമെന്നുമാത്രം. അപ്പോൾ മേൽപ്പറഞ്ഞ തരത്തിലുള്ള വെല്ലുവിളികൾ കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ എന്നതിലുപരി സമൂഹം ഒന്നായി നേരിടുന്ന പ്രശ്നങ്ങളാണ്. അങ്ങനെയെങ്കിലും കുടുംബങ്ങളിലൂടെ സമൂഹ നിർമ്മിതി എന്നതിനു സമാന്തരമായി സമൂഹ നിർമിതിയിലൂടെ മെച്ചപ്പെട്ട കുടുംബം എന്നും ചിന്തിക്കാം. ഈ ചിന്തക്ക് ആക്കം കൂട്ടുന്നതാണ് ഹോംമിഷന്റെ പുതിയതുറയിലെ കണ്ടെത്തലുകളിലൊന്ന്. പുതിയതുറയിലെ 11, 12 വാർഡുകളിലെ കുടുംബങ്ങളിൽ താരതമ്യേന പ്രശ്നങ്ങൾ കുറവാണ് എന്നാണ് കണ്ടെത്തിയിരിക്കുന്നത്. കാരണം 11, 12 വാർഡുകൾ മറ്റു വാർഡുകളുമായി സാമ്പത്തികമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും വ്യത്യസ്തത പുലർത്തി മുന്നിൽനിൽക്കുന്നു. ഗൾഫിലൊക്കെ പോയി കുറച്ചുപണം സമ്പാദിച്ച് സാമ്പത്തിക ഭദ്രത ഉറപ്പാക്കി, മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുന്നു, പരമ്പരാഗത തൊഴിലിൽ നിന്നും ഏറെക്കുറെ വിട്ടുനിൽക്കുന്നു. ഇതു നൽകുന്ന പാഠം മെച്ചപ്പെട്ട കുടുംബങ്ങളുടെ രൂപീകരണത്തിനും പരിപാലനത്തിനും സാമൂഹ്യമായ ഉന്നതി അനിവാര്യം എന്ന സത്യമാണ്.

വിശ്വാസവളർച്ചയ്ക്കായി നൂറ്റാണ്ടുകളായി നാം ആകുന്നതെല്ലാം ചെയ്തുവരുന്നു. ഇടവകതലത്തിൽ ശക്തവും സുസ്ഥിരവുമായ സംവിധാനങ്ങൾ നിലനിറുത്തിപ്പോരുന്നു. അപ്പോഴും സാമൂഹ്യപ്രശ്നങ്ങൾ അതേപോലെയോ അതിലും രൂക്ഷതയോടെയോ തുടരുന്നു. ഇതുസൂചിപ്പിക്കുന്നത് വിശ്വാസ വളർച്ച മാത്രമല്ല, സമഗ്ര വളർച്ചയാണ് വേണ്ടത് എന്നാണ്. സമഗ്രമെന്നാൽ സാമ്പത്തിക സ്വയം പര്യാപ്തത, ആത്മവിശ്വാസവും സാമൂഹ്യമൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ജനത, രാഷ്ട്രീയവും സാമൂഹ്യവുമായ മേഖലകളിൽ പങ്കാളികളാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. സാർവത്രികവും മെച്ചപ്പെട്ടതുമായ വിദ്യാഭ്യാസം ഉയർന്ന സാമ്പത്തിക സാംസ്കാരിക വളർച്ചയ്ക്ക് ഹേതുവാകും. വിദ്യാഭ്യാസത്തിനു മേൽ വികസനം പണിയുന്നത് പാറമേൽ ഭവനം പണിയുന്നതിന് സമാനം. ഒരു കൊടുങ്കാറ്റിനും അതിനെ മറിച്ചിടാനാകില്ല. നമ്മുടെ സമൂഹത്തിന്റെ ഇന്നത്തെ വിദ്യാഭ്യാസ അവസ്ഥ ഇവിടെ ചിന്തനീയമാണ്. മത്സ്യത്തൊഴിലാളി സമൂഹം പിന്നോക്കക്കാരിലെ പിന്നോക്കക്കാരാണെന്നും അതിന്റെ മൂലകാരണം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയാണ് എന്നുമുള്ള കാര്യത്തിൽ തർക്കമില്ല. ഈ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുടെ കാരണങ്ങളും വ്യക്തമാണ്. പ്രധാനമായും ഒരു വിദ്യാഭ്യാസ സംസ്കാരത്തിന്റെ അഭാവം, അതുമൂലം പഠനത്തോടുള്ള താല്പര്യക്കുറവ്, ഉന്നത വിദ്യാഭ്യാസം നേടുന്നതിലുള്ള അർജ്ജവമില്ലായ്മ, ഉന്നതവിദ്യാഭ്യാസത്തോടുള്ള ആൺകുട്ടികളുടെ താല്പര്യക്കുറവ് ഈ സമൂഹത്തെ ദോഷകരമായി ബാധിക്കുന്നു. വിദ്യാഭ്യാസം നേടിയ പെൺകുട്ടികൾ വിവാഹത്തോടെ ഒതുങ്ങിക്കൂടുന്നു. ചുരുക്കത്തിൽ സമുദായത്തിന്റെ സമഗ്ര വികസനത്തിനായി ഒരു വിദ്യാഭ്യാസ മുന്നേറ്റം അനിവാര്യമായിരിക്കുന്നു.

**മാസങ്ങൾ നീണ്ട അദ്ധ്വാനത്തിലൂടെ രൂപപ്പെടുന്ന ഇടവക റിപ്പോർട്ടുകൾ ഇരുട്ടാർന്ന അറകളിൽ കിടന്നു മൺമറഞ്ഞുപോകാതിരിക്കാൻ തുടർ നടപടികളും ഇതോടൊപ്പം ആലോചിക്കേണ്ടതുണ്ട്.**

## ഹോം മിഷൻ തുടർ പ്രവർത്തനങ്ങളുടെ അനിവാര്യതയും നിർദ്ദേശങ്ങളും

ഹോംമിഷന്റെ തുടർച്ചയായി ഒരു രണ്ടാംഘട്ടം തീർച്ചയായും വിഭാവനം ചെയ്തിട്ടുണ്ടാകും. നേരത്തെ സൂചിപ്പിച്ച പലതും. രണ്ടാംഘട്ടമില്ലാത്ത ഒന്നാംഘട്ടം വ്യർത്ഥമാണ്.

മാസങ്ങൾ നീണ്ട അദ്ധ്വാനത്തിലൂടെ രൂപപ്പെടുന്ന ഇടവക റിപ്പോർട്ടുകൾ ഇരുട്ടാർന്ന അറകളിൽ കിടന്നു മൺമറഞ്ഞു പോകാതിരിക്കാൻ തുടർ നടപടികളും ഇതോടൊപ്പം ആലോചിക്കേണ്ടതുണ്ട്. ഇതിലേക്കായി ഭവന സന്ദർശന വേളകളിൽ തന്നെ മെച്ചപ്പെട്ട മനുഷ്യവിഭവങ്ങളെയും കണ്ടെത്തി ലിസ്റ്റു തയ്യാറാക്കണം. താമസം വിനാ ഇവരെയും കമ്മിറ്റി ശുശ്രൂഷാ പ്രതിനിധികളെയും വിളിച്ചുചേർത്ത് പ്രസ്തുത റിപ്പോർട്ടിന്മേൽ കൂടുതൽ യുക്തിസഹമായ ചർച്ചകൾക്കും വിലയിരുത്തലുകൾക്കും വഴിയൊരുക്കണം. സമൂഹത്തിൽ നിന്ന് വിവിധ മേഖലകളിൽ വൈദഗ്ധ്യമുള്ള കൂടുതൽ പ്രൊഫഷണലുകളെയും ഇതിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം. തുടർന്ന് അവരവരുടെ അഭിരുചിക്കനുസരിച്ച് ടാർഗറ്റ് ഗ്രൂപ്പുകൾ രുപീകരിക്കുകയും മൂപ്പ് ഇളപ്പ് തർക്കങ്ങൾക്കിടം കൊടുക്കാതെ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾക്കായി നിയോഗിക്കുകയും വേണം. ഇതിലേക്കാവശ്യമായ പണം ഇടവക വരുമാനത്തിൽ നിന്നും മുൻഗണന തിരിച്ച് ചെലവിടുകയും ആ വർഷത്തേക്ക് ഇടവക തലത്തിൽ നിർമാണ പ്രവർത്തനങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും വേണം.

കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളിൽ മുഖ്യമായും കണ്ടെത്തിയ, കടബാധ്യത, സ്വാഭിമാനമില്ലായ്മ, മന്ത്രവാദം, കുടുംബത്തിൽ സന്തോഷവും സമാധാനവുമില്ലായ്മ നിരവധിയായ സാമൂഹ്യപ്രശ്നങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നു. ഇന്ന് 50 വയസ്സുകഴിയുമ്പോൾ മനുഷ്യരിൽ നിന്നും, പ്രത്യേകിച്ച് പുരുഷന്മാരിൽ നിന്നും ചിരിമായുന്നു. പിന്നെ വലിഞ്ഞുമുറുകിയ മനസ്സും അത് പ്രതിഫലിക്കുന്ന മുഖവുമായുള്ള നടപ്പാണ്. മക്കളുടെ ഉന്നതവിദ്യാഭ്യാസ ചെലവുകൾ, ഭവന നിർമാണം, പെൺമക്കളെ കെട്ടിച്ചയക്കാനുള്ള സാമ്പത്തിക ഭാരത്തെക്കുറിച്ചുള്ള ആധി, മക്കൾ മുതിർന്നിട്ടും സാമ്പത്തിക കൈത്താങ്ങ് ലഭ്യമല്ലാതാകുക മുതലായ സാമ്പത്തിക പരാധീനതകൾ ഒരുവശത്ത്, ഇത് ഫലപ്രദമായി നേരിടാൻ കഴിയാതെ വരുമ്പോൾ പൊങ്ങച്ചത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും സ്വാധീനത്തിൽപ്പെട്ട ഭാരയുടെയും മക്കളുടെയും പരിഹാസം മറ്റൊരുവശത്ത്. അവൻ സ്നേഹമില്ലാത്തവനോ, മദ്യപാനിയോ, ദുർബലനാണെങ്കിൽ ആത്മഹത്യയ്ക്കോ മറ്റൊരു കാരണം വേണ്ട. ഇതിന് ആത്മീയ വളർച്ചയാണ് പരിഹാരം എന്നുപറഞ്ഞുമാറിപ്പോകുന്നത് യാഥാർഥ്യങ്ങളെ അഭിമുഖീകരിക്കാൻ മെനക്കെടാതെയുള്ള ഒളിച്ചോട്ടമാണ്. വ്യക്തിപരമായും സാമൂഹ്യമായും അവനെ ശക്തിപ്പെടുത്തുകയാണ് ഇവിടെ വേണ്ടത്.

ഉപഭോഗ സംസ്കാരത്തിന് പിറകെ പോകാതെ, ഉള്ള വരുമാനത്തിനനുസരിച്ച് ചെലവുകൾ ക്രമീകരിച്ച് ജീവിതം ചിട്ടപ്പെടുത്തുന്നതിന് കുടുംബങ്ങളെ പ്രാപ്തരാക്കണം. തിരുനാളുകൾ ലളിതമാക്കുവാനുള്ള ആവശ്യകത ജനങ്ങളിലുണർത്തണം. വിശ്വാസികൾക്കിടയിലെ സാമ്പത്തിക ദുർവ്യയം നിരുത്സാഹപ്പെടുത്താവൻ മുൻകൈയെടുക്കണം. വിശ്വാസ വഴികളിൽ വിഘടിച്ചുനിൽക്കുന്ന കുടുംബങ്ങളെ മുഖ്യധാരയിൽ കൊണ്ടുവരാൻ ശ്രമങ്ങൾ നടത്തണം. ■

# ഹോം

വ്യക്തിയേയും കുടുംബത്തേയും സമൂഹത്തെയും ദൈവവചനാധിഷ്ഠിത ജീവിതത്തിന് പ്രാപ്തമാക്കുന്ന ഹോം മിഷൻ പ്രവർത്തനങ്ങളിലൂടെ ദൈവപരിപാലനയുടെ ഉപകരണങ്ങളായി മാറാൻ കഴിഞ്ഞതിലെ ആത്മനിർവൃതിയിലാണ് ഞങ്ങളിന്ന്. സ്വീകരിച്ച ദൈവവിളിയുടെ മഹത്വവും ദൗത്യവും തിരിച്ചറിഞ്ഞ് ബോധ്യപ്പെട്ട നിമിഷങ്ങൾ. തിരുവനന്തപുരം ലത്തീൻ അതിരൂപത ബിസിസി കമ്മിഷന്റെ ആഭിമുഖ്യത്തിൽ വഴയില സെന്റ് ജൂഡ് ഇടവകയിൽ നടന്ന ഹോം മിഷൻ പ്രവർത്തനങ്ങളാണ് ഞങ്ങളെ ഈ ബോധ്യങ്ങളിലേക്കും ആത്മനിർവൃതിയിലേക്കും എത്തിച്ചത്.

കുടുംബ പ്രേഷിത അജപാലന ശുശ്രൂഷ അതിന്റെ മൂന്നാം വർഷത്തിലേക്ക് കടക്കുന്ന വേളയിൽ വഴയില സെന്റ് ജൂഡ് ഇടവകയിൽ തുടക്കം കുറിച്ച ഹോംമിഷനിൽ പങ്കാളികളാകാൻ തെരഞ്ഞെടുക്കപ്പെട്ട്, വിവിധ സന്യസ്ത ഭവനങ്ങളിൽ നിന്നും എത്തിയവരായിരുന്നു ഞങ്ങൾ 24 പേർ. അതിരൂപത ക്രമീകരിച്ച പ്രത്യേക പരിശീലനത്തെ തുടർന്ന് പ്രാർത്ഥിച്ച് ഒരുങ്ങി ഞങ്ങൾ നടത്തിയ പ്രവർത്തനങ്ങൾ എത്ര മഹത്തരമെന്ന് വ്യക്തമാക്കുന്നതായിരുന്നു വഴയില ഇടവക ജനങ്ങളുടെ പങ്കാളിത്തവും, സഹകരണവും തയ്യാറെടുപ്പും. ഇടവക വികാരിയുടെ നേതൃത്വത്തിൽ ഇടവക സമിതികളും വിശ്വാസികളും 'പാകമാക്കിയ കൃഷിയിടത്തിൽ മഴയ്ക്കായി കാത്തിരുന്ന കൃഷിക്കാരെപ്പോലെ' ആത്മീയമായി സർവ്വസജ്ജരായിരുന്നു. ആ കൃഷിയിടത്തിൽ വചനം വിതയ്ക്കാൻ ദൈവസ്നേഹം പങ്കുവയ്ക്കാൻ, ദുഃഖദുരിതങ്ങൾക്ക് പരിഹാരമേകാൻ ഞങ്ങൾ ദൈവോപകരണങ്ങളായി.

വിശ്വാസം വെളിച്ചമാണെന്നും, വിശ്വാസനാളം അണഞ്ഞുപോകുമ്പോൾ മറ്റെല്ലാ പ്രകാശങ്ങളും മങ്ങിത്തുടങ്ങുമെന്നുമുള്ള ഫ്രാൻസിസ് പാപ്പയുടെ വാക്കുകളുടെ നേർക്കാഴ്ചകൾ, ഭവനസന്ദർശനം തങ്ങളുടെ സന്യാസ ജീവിതധർമ്മമാണെന്നുള്ള യാഥാർത്ഥ്യത്തിന് അടിവരയിടുന്നതായിരുന്നു. ജീവിതത്തിന്റെ ശക്തിസ്രോതസ് യേശുവിലുള്ള വിശ്വാസമാണെന്നും, വചനവും, കൂദാശകളും, കുടുംബപ്രാർത്ഥനയും ശക്തിപ്പെടുമ്പോൾ അടഞ്ഞുപോയെന്നുകരുതിയ വാതിലുകളും അജ്ഞാതമായിരുന്ന വഴികളും തുറക്കുമെന്ന യാഥാർത്ഥ്യം മനസ്സിലാക്കി വിടർന്ന കണ്ണുകൾ ഞങ്ങളുടെ സന്യാസ ജീവിതത്തിന്റെ സാഫല്യങ്ങളിലൊന്നായി മാറി.

# മിഷൻ നൽകിയ ഉൾക്കാഴ്ച

ജ്ഞാനസ്നാനത്തിലൂടെ തങ്ങളുടെ ആത്മാവിൽ കത്തിച്ച തിരിനാളം മങ്ങിപ്പോകാതെ, കരിന്തിരി കത്താതെ സൂക്ഷിക്കാൻ, പ്രോജ്വലിപ്പിക്കാൻ സമർപ്പിതരുടെ സാമിപ്യവും സ്നേഹവും കാരണമായെന്ന സാക്ഷ്യവും, ഉയർന്ന വിദ്യാഭ്യാസവും ജോലിയും ഭദ്രതയാർന്ന സാമ്പത്തിക സ്ഥിതിയും ദൈവത്തെ തേടുന്ന ആത്മാവിന്റെ ദാഹം ശമിപ്പിക്കുന്നില്ല എന്ന യാഥാർത്ഥ്യത്തെ തൊട്ടറിയാനായതും ഞങ്ങൾക്ക് പ്രചോദനമായി.

ആൾക്കൂട്ടത്തിനിടയിലെ ഏകാന്തതയിൽ എന്നെ കേൾക്കാനാരുമില്ല എന്ന ഗദ്ഗദം ഉള്ളിലൊതുക്കുന്നവർ, ബന്ധങ്ങൾ തകരുന്നത് നിസഹായതയോടെ നോക്കി നെടുവീർപ്പിടുന്നവർ, അസമാധാനത്തിന്റെ അന്തരീക്ഷത്തിൽ ഉറക്കം നഷ്ടപ്പെടുന്നവർ, പതറുന്ന കൈകൾ ബലത്തിനായി കേഴുമ്പോൾ ഇടറുന്ന കാലുകൾ ഊന്നുവടിക്കായി കാത്തിരിക്കുമ്പോൾ, കർത്താവിന്റെ കാരുണ്യം ഒരു അമൂർത്ത ആശയമല്ലെന്ന തിരിച്ചറിവ് സമർപ്പിത ജീവിതത്തിന്റെ ഭാഗ്യമായി ഞങ്ങൾ കരുതുന്നു.



*വഴയില സെന്റ് ജൂഡ് ഇടവകയിൽ നടന്ന ഹോം മിഷനിൽ പങ്കാളികളായവർ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യത്തോടൊപ്പം*

വി. മദർതെരേസ പറയുന്നതുപോലെ ലോകത്തെ സ്നേഹിക്കുവാനും അതിനെ എത്രമാത്രം സ്നേഹിക്കുന്നു എന്ന് കാണിക്കുവാനും അവിടുന്ന് നമ്മെ ആശ്രയിക്കുന്നു. ഞങ്ങളുടെ സുരക്ഷിതത്വത്തിൽ തന്നെ ഞങ്ങൾ ഒതുങ്ങിക്കഴിഞ്ഞിരുന്നുവെങ്കിൽ, പീഠത്തിലേക്കുയർത്തപ്പെടാത്ത ദീപങ്ങളായ്, ഉറകെട്ടുപോയ ഉപ്പായ് ഞങ്ങൾ മാറുമായിരുന്നില്ലേ എന്ന സന്ദേശം കൂടി നൽകുന്ന ഓരോ യജ്ഞവും അത്രമാത്രം ഞങ്ങളുടെ സമർപ്പിത ജീവിതത്തെ സായൂജ്യവൽക്കരിക്കുന്നു. ഓരോ ഇടവകയിലേയും ഹോം മിഷൻ അനുഭവങ്ങൾ ദൈവകാരുണ്യത്തിന്റെ വിസ്മയങ്ങളുടെ വിശ്രുതകഥയായ ബൈബിളൊന്നു തുറന്നുനോക്കാൻ, കാരുണ്യം കാണിക്കുന്നതിൽ ആനന്ദിക്കുന്ന ദൈവത്തെ കുമ്പസാരകൂട്ടിൽ കണ്ടുമുട്ടാൻ, വിശുദ്ധകുർബാനയുടെ തണലിൽ സകലഭാരങ്ങളും ഇറക്കിവയ്ക്കാൻ ഒരാത്മാവിനെ സഹായിക്കുന്നതെത്ര ധന്യമാണ് എന്ന ബോധവും നല്കുന്ന നിമിഷങ്ങൾ. നമ്മുടെ ഹൃദയങ്ങളിൽ നാം വഹിക്കുന്ന പ്രത്യാശയും അത് നൽകുന്ന ആനന്ദവും കൊണ്ട് അനേകം കുഞ്ഞുമക്കൾക്ക് അനുഭവപ്പെടുന്ന ശൂന്യതാബോധം തരണം ചെയ്യാനാവും. പ്രത്യാശയ്ക്കും യഥാർത്ഥ ആനന്ദത്തിനുമുള്ള സാക്ഷികളാകാൻ ഹോം മിഷനിലൂടെ യേശു ഞങ്ങളെ വിളിച്ചതിൽ ഞങ്ങൾ സന്തുഷ്ടരാണ്. അപ്പോഴും ഞങ്ങളുടെ മനസ്സിനെ അലട്ടുന്ന, ഇനിയും ഉത്തരം കണ്ടെത്തേണ്ട, ഒരു യാഥാർത്ഥ്യമാണ് ഈ കുടുംബ പ്രേഷിത യജ്ഞത്തിന്റെ തുടർ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ച.

ഈ കുടുംബ നവീകരണ യജ്ഞത്തിലൂടെ ലക്ഷ്യം വയ്ക്കുന്ന ഇടവക മക്കളുടെ സമഗ്രമായ വളർച്ചയും നവീകരണവും വലിയൊരു അളവ് വരെ യാഥാർത്ഥ്യമാകുന്നത് ഇതിന്റെ തുടർ പ്രവർത്തനങ്ങളിലൂടെയാണ്. ഹോം മിഷൻ ടീം അംഗങ്ങളായ ഞങ്ങൾ കുടുംബ സന്ദർശനത്തിലൂടെ കുടുംബങ്ങളുടെ, ഇടവകയുടെ ഇന്നത്തെ അവസ്ഥ എന്താണെന്ന് ഒരു നേർചിത്രം അവതരിപ്പിക്കാൻ ശ്രമിക്കുന്നു. അതിനാൽ തന്നെ നിലനിൽക്കുന്ന അവസ്ഥാന്തരങ്ങൾക്ക് പരിഹാരം നിശ്ചയിക്കേണ്ടതും നടപ്പിലാക്കേണ്ടതും തുടർ പ്രവർത്തനവേളയിലാണ്. ഇവിടെയാണ് ഞങ്ങളെ ആശങ്കയിലാഴ്ത്തുന്ന പ്രശ്നം ഉടലെടുക്കുന്നത്. ഈ തുടർ പ്രവർത്തനങ്ങൾ ആര് ചെയ്യും? എപ്പോൾ ചെയ്യും? എങ്ങനെ ചെയ്യും?

സമർപ്പിതരായ ഞങ്ങൾ മനസ്സിലാക്കുന്നത് അനുസരിച്ച് ഇതൊരു കൂട്ടുത്തരവാദിത്തമാണ്. പ്രഥമവും പ്രധാനവുമായി ഈ ഉത്തരവാദിത്വം നിക്ഷിപ്തമായിരിക്കുന്നത് ഹോം മിഷൻ നടക്കുന്ന ഇടവകയിലെ ഇടവക അജപാലന സമിതി (പാരിഷ് പാസ്റ്ററൽ കൗൺസിൽ) അംഗങ്ങളിലും അവരുടെ സഹപ്രവർത്തകരായ അടിസ്ഥാന ക്രൈസ്തവ സമൂഹ ഭാരവാഹികളിലും വിവിധ ശുശ്രൂഷാ സമിതി അംഗങ്ങളിലുമാണ്. ഇവർ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുവാനും അവർക്ക് ആവശ്യമായ പിന്തുണ നൽകുവാനും ഫെറോനയിലെയും അതിരൂപതയിലെയും ഉത്തരവാദിത്തപ്പെട്ട സമിതികളും സംയുക്തമായി പരിശ്രമിക്കണം എന്നാണ് ഞങ്ങൾ ആശിക്കുന്നതും പ്രാർത്ഥിക്കുന്നതും.

*(തയ്യാറാക്കിയത്:* **അതിരൂപതാ ഹോം മിഷൻ ടീം അംഗങ്ങൾ***)*

തുടർമഴ ........................ 8

ഫാ. ലെനിൻ ഫെർണാണ്ടസ്

**സെബദി എന്ന പുതിയ നിയമകഥാപാത്രത്തിന്റെ മനോവിചാരങ്ങൾ**

# ദുഖിതൻ

ഗലീലി കടൽത്തീരത്തുനിന്നുകൊണ്ട് കാലുകളിലേക്ക് ചെറുതായി അടിച്ചുകേറുന്ന തിരയെനോക്കി, 'സെബദി' എന്ന വൃദ്ധൻ ഇങ്ങനെ പിറുപിറുത്തു, "ആ നസ്രായൻ എന്റെ ഭവനത്തെ അനാഥമാക്കി." അവന്റെ കുരിശുമരണം കഴിഞ്ഞിട്ട് ഇന്നേക്ക് തൊണ്ണൂറു ദിവസങ്ങൾ ആകുന്നു. എന്റെ ഭവനത്തിൽ ആരുമില്ല, ഞാൻ ഏകനാണ്. മക്കളായ യാക്കോബും യോഹന്നാനും ഉയിർത്തെഴുന്നേറ്റവന്റെ മഹത്വം പാടാൻ അന്യദേശങ്ങളിലാണ്. അടുത്ത് എപ്പോഴും ഉണ്ടാകും എന്നുകുരുതി വിവാഹം ചെയ്തുകൊണ്ടുവന്ന തന്റെ പ്രാണപ്രേയസി, സലോമി എപ്പോഴും അന്യഭവനങ്ങളിൽ കയറിയിറങ്ങി യേശുവിന്റെ നാമത്തെക്കുറിച്ച് വാതോരാതെ സംസാരിച്ചുകൊണ്ട് നടക്കുന്നു. ഉം ശരിയാണ്, സെബദി ഓർത്തു; അവൾക്കായിരുന്നല്ലോ കൂടുതൽ ആവേശം. മക്കൾ രണ്ടും ആ നസ്രായന്റെ ഇടവും വലവും ഇരിക്കണം. അവൻ എവിടെ പോയാലും അവരെ കൂടെ കൂട്ടണം, അവിന്റെ പരിഗണന ആദ്യം തന്റെ മക്കൾക്ക് തന്നെ ലഭിക്കണം എപ്പോഴും. ഇത്തരം സ്വാർത്ഥ ചിന്തകളായിരുന്നു എപ്പോഴും തന്റെ ഭാര്യയ്ക്ക്. ഒരുപരിധിവരെ അവൾ അതൊക്കെ സാധിച്ചെടുക്കുകയും ചെയ്തു. എന്നാൽ അവളെ വല്ലാതെ ഉലച്ചുകളഞ്ഞത് അവന്റെ അതിക്രൂരമായ കുരിശുമരണം തന്നെയായിരുന്നു. ആ ക്രൂരമായ കുരിശുമരണ പീഡകൾ നേരിൽ കണ്ടശേഷം അവൾ വല്ലാതെ ദുഖിതയായിരുന്നു. പലവട്ടം ഉറക്കത്തിൽ നിന്നും ഞെട്ടി ഉണർന്ന് അവൾ ഉറക്കെ കരഞ്ഞിരുന്നു. ആ കരച്ചിലിനും ഉൾഭയത്തിനും കുറവ് സംഭവിച്ചത് ഈ അടുത്ത കാലത്ത് ജറുസലേമിൽ വച്ചുനടന്ന ആ വലിയ സംഭവത്തിന് ശേഷമാണ്. അന്ന് പെന്തക്കുസ്താ തിരുനാളായിരുന്നു. അവർ ഒരുമിച്ചു കൂടിയിരിക്കുമ്പോൾ കൊടുങ്കാറ്റ് അടിക്കുന്നതുപോലുള്ള ഒരു ശബ്ദം. ആകാശത്തുനിന്ന് കേട്ടതായും അഗ്നിജ്വാലകൾ പോലുള്ള നാവുകൾ അവർ ഓരോരുത്തരുടെയും മേൽ വന്നതായും അവർ വിവിധ ഭാഷകൾ സംസാരിച്ചതായും ഒക്കെ കേട്ടപ്പോൾ സത്യത്തിൽ ഞാനും ഒന്നു വിസ്മയിച്ചുപോയി. ആ കൂട്ടായ്മയുടെ ഭാഗമാകാൻ കഴിയാത്തതിൽ അൽപ്പം നിരാശയും തോന്നി. അന്നു തുടങ്ങിയാണ് എനിക്ക് എന്റെ കുടുംബത്തെ പൂർണമായും നഷ്ടമായത്. വലതുകാലുയർത്തി അമർഷത്തോടെ കടൽവെള്ളത്തെ തൊഴിച്ചുകൊണ്ട് സെബദി പിറുപിറുത്തു.

"ഇനി ഞാൻ ഒറ്റക്കുതന്നെ. എനിക്കാരുമില്ല."

സെബദി തിരികെ നടന്ന് പുൽത്തകിടിയിൽ ഇരുന്നു. എവിടെ നിന്നോ സുന്ദരമായ ഒരു ഗാനം, ഒരു സംഘഗാനം അലയടിച്ചെത്തുന്നത് അവൻ കേട്ടു. കാതോർത്തപ്പോൾ അവന് മനസ്സിലായി, അതും ആ നസ്രായനേ വാഴ്ത്തുന്ന ഗാനമായിരുന്നു. അവരുടെ കൂട്ടായ്മയിൽ അംഗബലം കൂടിവരുന്നുണ്ട്. ഞങ്ങളാണ് ആദ്യ ക്രൈസ്തവ കൂട്ടായ്മ എന്ന് സ്വയം അവർ പറയുന്നു. എന്തൊരു ഒരുമയാണ് അവരുടെ പ്രവർത്തനങ്ങൾക്ക്. കേൾക്കുന്ന ഗാനം പോലെ തന്നെ സുന്ദരമാണവരുടെ ചിന്തകളും പ്രവർത്തികളും. റോമൻ സൈന്യം ശത്രുക്കൾക്കുനേരെ നടത്തുന്ന പടനീക്കം പോലെ അടുക്കും ചിട്ടയുമുള്ളതാണ് അവരുടെ ഓരോ പ്രവർത്തനങ്ങളും.



ആ പുൽത്തകിടിയിൽ തലചായ്ച് ആ ഗാനത്തിന് കാതോർത്തുകൊണ്ട് സെബദി അങ്ങനെ കിടന്നു. പെട്ടെന്നാണ് അവൻ മറ്റൊരു കാര്യം ഓർത്തത്. ഈ പുൽത്തകിടിയിൽ വച്ചാണല്ലോ നസ്രായൻ അന്ന് താനുൾപ്പെട്ട അനേകായിരം പേർക്ക് ബാർലി അപ്പവും മീനും പകുത്തു നൽകി അത്ഭുതം നടത്തിയത്. അന്ന് ആ കൂട്ടത്തിൽ ഞാനും ഉണ്ടായിരുന്നു. അന്ന് പലരും പറഞ്ഞതോർക്കുന്നു, ഇവൻ മിശിഹായാണ്. ഇവന് മാത്രമേ റോമൻ പടയാളികളുടെ ക്രൂരതയിൽ നിന്നും അവരുടെ നുകത്തിൽ നിന്നും നമ്മെ രക്ഷിക്കാൻ സാധിക്കൂ. ജനക്കൂട്ടം ആർപ്പുവിളിച്ചതും നീ തന്നെയാണ് ഞങ്ങളുടെ രാജാവ് എന്ന് അവർ ആക്രോശിച്ചതും സെബദി ഓർത്തുപോയി. അന്ന് സലോമിയും താനും തമ്മിൽ ശക്തമായൊരു തർക്കവും ഭവനത്തിലുണ്ടായി. അവനിലേക്ക് പൂർണമായും അടുത്തുകഴിഞ്ഞിരുന്ന സലോമി പറഞ്ഞു, “അവൻ മിശിഹായാണ്, പ്രവചനങ്ങളുടെ പൂർത്തീകരണമാണ്, അവൻ പിതാവായ ദൈവത്തിന്റെ പുത്രനാണ്.” എന്നാൽ പുരുഷമേധാവിത്വത്തിന്റെ ഫരിസേയ സൂക്തങ്ങളും അറിവിന്റെ യുക്തിഭദ്രതയും കൂട്ടിച്ചേർത്ത് ഞാനന്നത് ചിരിച്ചുതള്ളുകയായിരുന്നു. വെറും ഒരു മരപ്പണിക്കാരന് എങ്ങനെ തെരഞ്ഞെടുക്കപ്പെട്ടവനാകാൻ സാധിക്കും? അതും അപരിഷ്ക്രിതവും തീരെ ചെറുദേശവുമായ നസ്രേത്തിൽ നിന്ന് എങ്ങനെ രക്ഷകന് വരാൻ സാധിക്കും? അന്നും ഇന്നും എന്നെ അലട്ടുന്നതായ ചോദ്യങ്ങളും ഇവ തന്നെയാണ്. സ്വന്തം ഭാര്യയായ സലോമിയും വാർധക്യത്തിൽ താങ്ങാകും എന്നുകരുതി സ്നേഹം ആവോളം നൽകി വളർത്തിയ സ്വന്തം മക്കളായ യാക്കോബും യോഹന്നാനും കൂടെയുള്ളപ്പോഴും ഈ കടൽത്തീരത്ത് അനാഥമാക്കപ്പെട്ട തന്റെ വാർധക്യത്തെ ഓർത്ത് അവൻ തെല്ലൊന്നു ആകുലപ്പെട്ടു. ആകാശത്തേക്ക് നോക്കിയപ്പോൾ ഒരു കൂട്ടം ദേശാടന പക്ഷികൾ ഒരുമിച്ചുപറന്നു നീങ്ങുന്ന മനോഹരമായ കാഴ്ച അവൻ കണ്ടു. അവ എങ്ങോട്ടാണ് എന്നോ എവിടെ എത്തിച്ചേരും എന്നോ അറിയാതെ അവർ ഒരുമിച്ചു പറന്നുനീങ്ങുന്നു. അവയുടെ ചിറകുകൾക്ക് ഭാരമോ ചിന്തകൾക്ക് കനമോ ഉള്ളതായി അവന് തോന്നിയില്ല. അവ എവിടെ നിന്നു വരുന്നുവെന്നോ എത്രനാൾ ജീവിക്കും എന്നോ അവയ്ക്ക് ബോധ്യമുള്ളതായി സെബദിക്കുതോന്നിയില്ല. എങ്കിലും അവ സന്തോഷമായി തന്നെ ചിറകടിച്ചകലുന്നു. ഈ പറന്നുപോകുന്ന കിളികൾക്ക് സമാനമാണോ സലോമിയും യാക്കോബും യോഹന്നാനും ഇന്ന്?

ചിന്തകൾ നൊമ്പരപ്പെടുത്തുന്നില്ല എങ്കിലും വല്ലാത്തൊരു അസ്വസ്ഥത രൂപപ്പെടുന്നതായി സെബദിക്കു മനസ്സിലായി. നസ്രായനായ യേശുവിന്റെ അപദാനങ്ങൾക്ക് പിന്നാലെ പോയ ഭാര്യയേയും മക്കളേയും ഓർത്തുള്ള ദുഃഖമായിരുന്നില്ല ആ അസ്വസ്ഥതയ്ക്ക് കാരണം മറിച്ച് ഒരു തീരുമാനം എടുക്കാനുള്ള മനസ്സിന്റെ അപക്വതയായിരുന്നു ആ ആശങ്കയ്ക്ക് കാരണം. താനിനി എങ്ങോട്ട്; ആരോടൊപ്പം? അതായിരുന്നു അവന്റെ ചിന്ത. ഭാര്യയും മക്കളും അനുഭവം കൊണ്ട് കാട്ടിത്തന്ന നസ്രായന്റെ കൂടെയോ അതൊ തന്റെ സാധാരണ ജീവിതത്തിലേക്കോ? ചോദ്യങ്ങൾ സ്വയംചോദിക്കുമ്പോഴാണ് ഉത്തരങ്ങൾ രൂപപ്പെടുന്നത്. സെബദിയുടെ ചിന്തകൾ മുഴുവൻ ചോദ്യങ്ങളാണ്. ശേഷിക്കുന്ന ജീവിതം കർമഭൂമിയിൽ, അവനുവേണ്ടി വ്യയം ചെയ്താൽ എനിക്കെന്തു നേട്ടം? എന്റെ സമ്പത്തു മുഴുവൻ വിറ്റ് ആദ്യ ക്രൈസ്തവ കൂട്ടായ്മയ്ക്ക് നൽകിയാൽ എനിക്കൊരു നേട്ടവും ഇല്ലല്ലോ. അവർക്കല്ലേ നേട്ടം? അവന്റെ ആകുലതകൾ അവനെ ഭാരപ്പെടുത്തി. അതിലേക്കുള്ള ഉൾവലിവുകൾ അവനെ കൂടുതൽ ദുഃഖിതനാക്കി. അവൻ എഴുന്നേറ്റ് നടന്നുതുടങ്ങി, എങ്ങോട്ടെന്നില്ലാതെ, അപ്പോഴും അവൻ പിറുപിറുത്തുകൊണ്ടേയിരുന്നു, “ആ നസ്രായൻ എന്നെ അനാഥനാക്കി....” ■






# കരകയറാം, സാമൂഹ്യ മാധ്യമങ്ങളിൽ നിന്ന്...

ലേഖനം

ഡോ. എ. ആർ. ജോൺ

**സാമൂഹികമാധ്യമങ്ങളുടെ നീരാളിപ്പിടുത്തത്തിൽ നിന്നും കുടുംബങ്ങളെ കരകയറ്റുക എന്നത് കാലത്തിൽ അടിസ്ഥാനപരമായ ആവശ്യമാണെന്ന് ഈ ലേഖനം സമർഥിക്കുന്നു**

ശരിയാണ്, സാമൂഹികമാധ്യമങ്ങൾ നമ്മുടെ വേഗതകൂട്ടി, കാര്യങ്ങൾ എളുപ്പമാക്കി, നവമായ വിനോദങ്ങൾ സമ്മാനിച്ചു. എന്നാൽ അവ നമ്മെ അലസരാക്കി, ഒറ്റപ്പെടുത്തി, ഉറക്കം കെടുത്തി, കുറ്റബോധത്തിന് വിധേയമാക്കി, നല്ല സൗഹൃദങ്ങൾ ഇല്ലാതാക്കി, നിരാശയും പിരിമുറുക്കവും ദേഷ്യസ്വഭാവും നൽകി, ഒരു പിടി ശാരീരിക പ്രശ്നങ്ങൾ ഒപ്പം നൽകി. നമ്മെ സഹായിക്കുമെന്ന് കരുതിയ, കാര്യങ്ങൾ സുഗമമാക്കും എന്ന് വിചാരിച്ച് ഉപയോഗമാരംഭിച്ച സാമൂഹിക മാധ്യമങ്ങളുടെ ഉപയോഗം അവസാനം നമ്മെ എത്തിച്ചത് നാമൊരിക്കലും ആഗ്രഹിക്കാത്ത പ്രവണതകളിലേക്കും ദുസ്വഭാവങ്ങളിലേക്കും മാനസിക അവസ്ഥകളിലേക്കുമാണ്. ഇവയിൽ നിന്നൊരു മോചനം അനിവാര്യം തന്നെ. അതിന് സാമൂഹിക മാധ്യമങ്ങളിൽ നിന്നും സാമൂഹിക മാറ്റത്തിലേക്ക് നാം ശ്രദ്ധ തിരിക്കേണ്ടിയിരിക്കുന്നു. വ്യക്തിത്വത്തിന്റെ മാഹാത്മ്യം വീണ്ടെടുക്കേണ്ടിയിരിക്കുന്നു, സൗഹൃദങ്ങളിലെ ഉഷ്മളതയിലേക്ക് മടങ്ങി വരേണ്ടിയിരിക്കുന്നു, കുടുംബങ്ങളിലെ ഹൃദ്യതയിലേക്ക് കരകയറേണ്ടിയിരിക്കുന്നു. ഇത് സാധ്യമാകണമെങ്കിൽ ഒന്നാമതായി സാങ്കേതികലോകം തീർത്ത, സാമൂഹ്യമാധ്യമങ്ങൾ ക്രിത്രിമമായി സൃഷ്ടിച്ച പുകമറയുടെ ലോകത്തുനിന്ന് യഥാർത്ഥ ലോകത്തിലേക്ക് ഇറങ്ങണം. ചുറ്റുമുള്ളവരെ കാണണം, സംസാരിക്കണം, പുഞ്ചിരിച്ച് നടന്നു നീങ്ങണം. അപ്പോൾ ഇമേജിസിൽ നിന്നും ആത്മഗതമായ ഇമോഷൻ പുറത്തുവരും മനസ്സ് ആനന്ദം അനുഭവിക്കും. വികാരങ്ങളാണ് മനുഷ്യന്റെ ജീവിതത്തെ വർണാഭമാക്കുന്നത്. അത് അനുദിന ജീവിതത്തിലുപയോഗിക്കണം. അല്ലാതെ വികാരഭാവങ്ങളുടെ ചിത്രങ്ങൾ അയച്ചുകൊടുക്കലല്ല. അത് അനുഭവിക്കലാണ് വേണ്ടത്. സെൽഫികൾ എടുത്ത് സ്വന്തം ചിത്രം ആസ്വദിക്കുന്നതിൽ നിന്നും സ്വാർത്ഥ സന്തോഷങ്ങളിൽ നിന്നും മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിക്കുന്ന സൗഹൃദകൂട്ടായ്മകളിലേക്ക് വരണം.

സ്വകാര്യ സ്മാർട്ട് ഫോണുകളിൽ നിന്നും അതികമകലെയല്ലാത്ത കാലത്തുണ്ടായിരുന്നതും ഇപ്പോൾ അന്യം നിൽക്കാനാരംഭിച്ചതുമായ ലാൻഡ് ഫോണിന്റെ സ്നേഹസംസ്കാരത്തിലേക്കും തിരിച്ചുവരണം. കുടുംബത്തിലെ ആർക്കും ആരുടേയും ഫോൺ എടുക്കാം, ഉപയോഗിക്കാം, മാറി മാറി ഫോൺ സംസാരിച്ച് കൈമാറാം. ഏതാണ്ടൊരു മധുരമനോഭാവമാണത്. ഒരു ഫോൺ വരുന്നു അത് അപ്പനെടുക്കുന്നു, സംസാരിച്ച് അമ്മയ്ക്ക് കൈമാറുന്നു, അമ്മ അത്

മക്കൾക്ക് സംസാരിക്കാൻ കൊടുക്കുന്നു...

ഇന്റർനെറ്റ് സൗകര്യമുള്ള കംപ്യൂട്ടർ ഫോണുകളും മറ്റ് ആധുനിക ഉപകരണങ്ങളും വീടിന്റെ പൊതുസ്ഥലങ്ങളിൽ ഇരുന്ന് ഉപയോഗിക്കാനും സൂക്ഷിക്കാനും കുടുംബങ്ങൾ ശീലിച്ചാൽ മക്കളുടെ ഭാവിയും കുടുംബത്തിന്റെ ഭദ്രതയും വർധിക്കും. ഇന്ന് എവിടെയും സ്വകാര്യതകളാണ്. അത് ഒരുപരിധിവരെ നല്ലതാണ്. എന്നാൽ സ്വകാര്യതകൾ നൽകുന്ന മറവിലാണ് ദുഃസ്വഭാവങ്ങൾ ജന്മം കൊള്ളുന്നത് എന്ന് ഓർക്കണം.

സാങ്കേതിക സൗകര്യങ്ങൾ ഇന്ന് സാധാരണക്കാരുടെ മസ്തിഷ്ക വികാസത്തിന് വലിയ തടസം തീർത്തിരിക്കുകയാണ്. ഫോൺ നമ്പറുകൾ പേരുകൾ സംഖ്യകൾ കണക്കുകൾ തുടങ്ങി ഹൃദസ്ഥമാക്കേണ്ട പല കാര്യങ്ങളും സാങ്കേതിക ഉപകരണങ്ങളിൽ ശേഖരിക്കുകയും ബുദ്ധിയുടെ അറിവുകളുടെ സ്വീകരണശേഷി, സംരക്ഷണശേഷി ആവശ്യസമയങ്ങളിൽ തിരിച്ചുനൽകുന്ന ശേഷി എന്നിവയെ സാരമായി ബാധിക്കുകയും ചെയ്തിരിക്കുന്നു.

മൊബൈലുകൾ പഠിക്കുന്ന സ്ഥലങ്ങളിൽ നിന്നും സ്വീകരണമുറികളിൽ നിന്നും ഉറങ്ങുന്നിടങ്ങളിൽ നിന്നും അകറ്റിനിറുത്തുക. അത് ഏകാഗ്രതയേയും മനസ്സിന്റെ ശാന്തതയേയും വർധിപ്പിക്കും.

ഇന്റർനെറ്റ് ഫാസ്റ്റിംഗ് (internet fasting) അഭ്യസിക്കുക. സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം ദിവസത്തിൽ രണ്ട് അല്ലെങ്കിൽ മൂന്നുപ്രാവശ്യമായി നിജപ്പെടുത്തുക.


ആവശ്യമായത് വായിക്കുക, അർഹിക്കുന്നവയ്ക്ക് മറുപടി നൽകുക, വിനോദ സമയത്ത് മനസ്സിനെ സന്തോഷിപ്പിക്കുന്ന കാര്യങ്ങളും അറിവുകളും സ്വീകരിക്കുക മറ്റ് സമയങ്ങളിൽ നെറ്റിലെ ഡാറ്റബെയിസ് ഓഫ് ചെയ്യുക. ഇതുവഴി വർധിച്ചുകൊണ്ടിരിക്കുന്ന മാനസിക പിരിമുറുക്കങ്ങളിൽ നിന്നും ഇന്റർനെറ്റ് വഴി വരുന്ന മാനസികരോഗങ്ങളിൽ നിന്നും അപകടമാർന്ന പ്രവണതകളിൽ നിന്നും രക്ഷനേടാൻ കഴിയും.

ഓഫറുകളുടെ കാലമാണ്. നെറ്റ് എത്രവേണമെങ്കിലും ഉപയോഗിക്കാം. എത്ര വേണേലും വിളിക്കാം. അൺലിമിറ്റഡ് എന്നവാക്കാണ് ഉപയോഗിക്കുന്നവരെ ആകർഷിക്കുന്ന വാക്ക്. എല്ലാം ഫ്രീ ആണെന്നുള്ള തോന്നൽ. എന്നാൽ ബിസിനസ്സിൽ ഫ്രീ എന്നത് ഒരു ചതിവഴിയാണ്, ചതി പ്രയോഗമാണെന്ന് തിരിച്ചറിയണം. ഒപ്പം സാങ്കേതികലോകത്ത് ഒന്നും രഹസ്യമല്ല എന്നും തിരിച്ചറിയണം. ഒന്നും ഒരിടത്ത് നിന്നും മായ്ക്കപ്പെടുന്നില്ല. നമ്മൾ മായ്ച്ചാലും.

വെറുപ്പിലും വൈരാഗ്യത്തിലും കൊലയിലും വരെ എത്തിച്ചിരിക്കുന്നു ട്രോളുകളും മനുഷ്യമനസ്സുകളെ മുറിപ്പെടുത്തുന്ന പരിഹാസ്യവാക്കുകളും. അർദ്ധസത്യങ്ങളും തെറ്റായ അറിവുകളും വാർത്തകളും വർഗീയ ചിന്തകളും നൽകി മനുഷ്യരിൽ അസഹിഷ്ണുത വളർത്തുന്ന പ്രതികാരബുദ്ധി വളർത്തത്തക്കവിധം തരംതാണിരിക്കുന്നു പല പ്രതികരണങ്ങളും ട്രോളുകളും. എന്നാൽ ഇതേ സാങ്കേതികവിദ്യ കൊണ്ട് സ്നേഹവും സൗഹൃദവും കൂട്ടായ്മയും വളർന്നു എന്നത് ആശാവഹമായ കാര്യമാണ്.

കുടുംബങ്ങളെ സാമൂഹികമാധ്യമങ്ങളുടെ നീരാളിപ്പിടുത്തത്തിൽ നിന്നും കരകയറ്റുക എന്നത് കാലത്തിൽ അടിസ്ഥാനപരമായ ആവശ്യമായി വന്നിരിക്കുകയാണ്. അതിന് ഓരോ കുടുംബവും മാധ്യമമുക്ത കുടുംബമണിക്കൂറുകൾ ആചരിക്കണം. എല്ലാ മാധ്യമ സൗകര്യങ്ങളും മാറ്റിവച്ചും ഓഫ് ചെയ്തും കുടുംബാംഗങ്ങൾ ഒന്നിച്ചുവരുന്ന സമയവും മണിക്കൂറുകളും അധികം ഉണ്ടാകണം. കുടുംബാംഗങ്ങൾ ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുന്ന ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്ന ഒന്നിച്ചിരുന്ന് സ്നേഹസംഭാഷണം നടത്തുന്ന നല്ല ശീലം വർധിക്കണം. അതാണ് കുടുംബങ്ങളുടെ ഊഷ്മളതയും ഹൃദ്യതയും വീണ്ടെടുക്കാനുള്ള വഴി. കുടുംബം തകർന്നാൽ സർവ്വത്ര തകർച്ചയാണ്. ■

**സാങ്കേതികലോകം തീർത്ത, സാമൂഹ്യമാധ്യമങ്ങൾ ക്രിത്രിമമായി സൃഷ്ടിച്ച പുകമറയുടെ ലോകത്തുനിന്ന് യഥാർത്ഥ ലോകത്തിലേക്ക് ഇറങ്ങണം. ചുറ്റുമുള്ളവരെ കാണണം, സംസാരിക്കണം, പുഞ്ചിരിച്ച് നടന്നുനീങ്ങണം.**



ലേഖനം

**ഫാ. ജോയി സി. മാത്യു**
ഇന്ത്യൻ ഫുട്ബോൾ റഫറി



# ഗാന്ധിജിയും ഫുട്ബോളും

**ഗാന്ധിജി എന്ന ഫുട്ബോൾ പ്രേമിയെ വായനക്കാർക്കായി പരിചയപ്പെടുത്തുകയാണ് ഇന്ത്യൻ ഫുട്ബോൾ റഫറി കൂടിയായ ലേഖകൻ. ഗാന്ധിജിയുടെ ചിന്തകളെയും ജീവിതചര്യകളെയും ഫുട്ബോൾ ഏറെ സ്വാധീനിച്ചിരുന്നുവെന്ന് ലേഖകൻ പറയുന്നു**

ലോകചരിത്രത്തിൽ ഭാരതാംബ ദർശിച്ച ഏറ്റവും വലിയ ആത്മീയ രാഷ്ട്രീയ നേതാവാണ് മഹാത്മാഗാന്ധി; സാമൂഹ്യനീതിയുടെയും സമത്വത്തിന്റെയും എക്കാലത്തേയും വക്താവായി ഗാന്ധിജി നിലകൊള്ളുമ്പോൾ, കാൽപന്തുകളിയിലൂടെ അദ്ദേഹം നേടിയെടുത്ത ചിന്തകളും ജീവിതചര്യകളും എപ്രകാരമാണ് ആ യുഗപുരുഷനെ സ്വാധീനിച്ചത്. പ്രത്യേകിച്ച് അദ്ദേഹം ദക്ഷിണാഫ്രിക്കയിലായിരുന്നപ്പോൾ, ജീവിതത്തിൽ പ്രതീക്ഷയും അച്ചടക്കവും പരിശീലിപ്പിക്കുവാൻ ദക്ഷിണാഫ്രിക്കയിലെ ഡർബാർ ഗ്രൗണ്ടിലൂടെ സാധിച്ചുവെന്ന കാര്യം ഒരുപക്ഷേ നമുക്ക് പുത്തനറിവായിരിക്കും. കാൽപ്പന്തുകളിയുടെ വശ്യത ഗാന്ധിജിയെപ്പോലുള്ള മഹാത്മാവിനെ എങ്ങനെ സ്വാധീനിച്ചുവെന്നതാണീ ലേഖനം.

ഫുട്ബോൾ എന്ന ലോകോത്തര കളി പൊതുവേ, മനുഷ്യരെ ഒരുമയിലും സാഹോദര്യത്തിലും വളർത്തുന്നതാണ്. ഇക്കാര്യം അറിയുന്നവർ ഈ കളിയെ ഒരുപാട് ഇഷ്ടപ്പെടുന്നു. അതുകൊണ്ടുതന്നെ മഹാത്മാഗാന്ധിയെപ്പോലുള്ള ഒരു ചരിത്രപുരുഷന് അനുയായികളെ കളിയിലൂടെ ആകർഷിക്കുവാനും വർണവിവേചനത്തിനെതിരെ പോരാടുവാനും സാധിച്ചത്. 2010 ഫിഫ വേൾഡ് കപ്പ് നടന്നത് ഈ മണ്ണിലാണെന്നതിൽ നമുക്കഭിമാനിക്കാം. കാരണം. ഈ മണ്ണിലാണ് യുവത്വമേറിയ ഒരു വലിയ ചരിത്രപുരുഷന്റെ ക്ഷമയോടുകൂടിയ വളർച്ചയും വരവേൽപ്പും നടന്നത്. അതും കാൽപ്പന്തുകളിയിൽ നിന്നും ഒപ്പിയെടുത്ത അച്ചടക്കത്തിലൂടെയും ആർജ്ജിച്ച അഹിംസാവാദവും അപരന്റെ കാലുകളിൽ നിന്നും പന്ത് തട്ടിയെടുക്കുന്നത് അവനെ നോവിക്കാതിരിക്കണമെന്നുള്ള തത്വത്തിൽ നിന്നായിരിക്കണം. ഒരുപക്ഷേ ആ വലിയ മഹാത്മാവിന് അഹിംസാവാദം എന്ന ആശയം ലഭിച്ചത്. അക്കാലത്ത് ദക്ഷിണാഫ്രിക്കയിലെ ഫോണിക്സ് സെറ്റിൽമെന്റിന്റെ ഒഫീഷ്യൽ ഗൈഡായിരുന്ന ഒബാങ്കാനി നിക്കോളെ എന്ന ഫുട്ബോൾ സ്നേഹി രേഖപ്പെടുത്തുന്നു, “ഗാന്ധിജി ഇംഗ്ലണ്ടിൽ നിയമം പഠിക്കുമ്പോൾ തന്നെ ഫുട്ബോൾ കളിക്കുകയും കൂടെയുള്ള ഫുട്ബോൾ കളിക്കാരെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. ഫുട്ബോൾ അത്രയേറെ ആഫ്രിക്കയിൽ പ്രബലമാകാത്ത സമയത്തുപോലും അദ്ദേഹം ഫുട്ബോളിനെ ഹൃദയത്തിൽ പേറിയിരുന്നു. എല്ലാ കളികളെയുംകാൾ ഫുട്ബോളിനെ സ്നേഹിച്ചിരുന്നു. മാത്രമല്ല, ഫുട്ബോൾ കളിയുടെ ചാതുര്യതയിലൂടെ ഭിന്നിച്ചിരുന്ന നാട്ടുരാജ്യങ്ങളെ ഇണക്കിച്ചേർക്കാനും മേലാള-കീഴാള കീഴ്‌വഴക്കങ്ങൾ കുറച്ച് തുല്യതയും ഐക്യവും സംജാതമാക്കുവാൻ സാധിക്കുമെന്ന് ആ മഹാത്മാവ് കരുതിയിരുന്നു”

1893 ൽ ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ വന്ന സമയത്ത് ഒരു ഇന്ത്യൻ പൗരന്റെ കേസ് വാദിക്കാൻ ദർബനിൽ നിന്നും പ്രിറ്റോറിയയിലേക്ക് പോകുമ്പോൾ ഒന്നാംക്ലാസ് കംമ്പാർട്ടുമെന്റിൽ യാത്ര ചെയ്ത് തെറ്റായി പോയെന്നുള്ള അപഹാസ്യതയ്ക്ക് ട്രെയിനിൽ നിന്നും ഇറക്കിവിടപ്പെട്ട ഗാന്ധിക്ക് അന്നത്തെ രാത്രിയിൽ പീറ്റേഴ്സ്ബർഗ് സ്റ്റേഷനിൽ ഒറ്റയ്ക്ക് കഴിച്ചുകൂട്ടേണ്ടിവന്നു. വർണവിവേചനത്തിനും അസമത്വത്തിനും, ജാതി വ്യവസ്ഥിതിക്കുമെതിരെ പോരാടാൻ ഗാന്ധിജി തീരുമാനിച്ചു. അതിനായി ഇംഗ്ലണ്ടിൽ നിന്നും അഭ്യസിച്ച കാൽപന്തുകളിയുടെ

ധാർമിക വശങ്ങളുടെ പരിണിത ഫലമാണ് ഗാന്ധിക്ക് ദക്ഷിണാഫ്രിക്കയിൽ വെള്ളക്കാർക്കെതിരെയുള്ള പോരാട്ടത്തിന് തുടക്കം കുറിക്കാൻ കാരണമായത്. ഫുട്ബോളിലൂടെ ധാരാളം സുഹൃത്തുക്കളെ നേടിയെടുത്ത ഗാന്ധിജി കളികഴിഞ്ഞാൽ ഫുട്ബോൾ ഗ്രൗണ്ടുകളെ പ്രസംഗമൈതാനങ്ങളാക്കി മാറ്റി വെള്ളക്കാരുടെ വർണവിവേചനത്തിനെതിരെ പോരാടി. അതിന്റെഫലമായി കറുത്തവർഗക്കാർ തേർഡ് ക്ലാസിൽ നിന്നും സെക്കൻഡ് ക്ലാസാക്കി മാറ്റുവാൻ ഫുട്ബോൾ മൈതാനങ്ങളിലൂടെ സാധിച്ചു. തുടർന്ന് കറുത്തവർഗക്കാരുടെ പോരാട്ടങ്ങൾക്ക് ആക്കം കൂട്ടുന്നതിനായി ഡർബർ, പ്രിറ്റോറിയ, ജോഹന്നാസ് ബർഗ് എന്നിവിടങ്ങളിലൂടെ മൂന്ന് ഫുട്ബോൾ ക്ലബുകൾ സ്ഥാപിച്ചു. 1904 നുശേഷം ഈ എസ് ക്ലബുകൾക്ക് പാസീവ് റെസിസ്റ്റേൾസ് സോക്കർ ക്ലബ് എന്ന ഒരേ പേര് നൽകപ്പെട്ടു. ഓരോ കളിയുടെയും ആദ്യവും അവസാനവും ഹാഫ് ടൈമും ഒരു കോച്ചിനെപ്പോലെ ഗാന്ധി തന്റെ സത്യാഗ്രഹ ചിന്തകൾ പങ്കുവയ്ക്കുന്നതായുള്ള ഫോട്ടോസ് ഇന്നും ഡർബനിലെ ഓൾഡ് ഹൗസ് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.

ആഫ്രിക്കയിലെ ഗാന്ധിജിയുടെ ജീവിതത്തെക്കുറിച്ച് റിസർച്ച് ചെയ്യുന്ന റെബേക്കാ നായ്ഡു പറയുന്നു: "അക്കാലത്ത് ലീഗ് കക്ഷികൾ അധികം പ്രാബല്യത്തിൽ വരാത്ത സമയമായിരുന്നു. പിന്നെ സൗഹൃദ മത്സരങ്ങൾ മാത്രമായിരുന്നു. ഫോണിക്സ് സെറ്റിൽമെന്റിലും ടോൾസ്റ്റോയി ഫാമിലും നടന്നിരുന്ന സൗഹൃദ മത്സരങ്ങൾ പാവപ്പെട്ടവരുടെ ഉന്നമനത്തിനായും മാരക രോഗങ്ങളുടെ ദൂരീകരണത്തിനുമായി ഉപകരിക്കുവാൻ സാധിച്ചു. അങ്ങനെ ഒരുവിധത്തിൽ മേലാളന്മാരുടെ കുത്തഴിഞ്ഞ വളർച്ചയെ ഇത് പ്രതികൂലമായി ബാധിച്ചു. ഇങ്ങനെ ധീരവും ശക്തവുമായ നീക്കത്തിലൂടെ ദക്ഷിണാഫ്രിയയിലെ ജനങ്ങൾക്ക് മോചനത്തിന്റെ പാത തുറന്നുവന്നു.

ഗാന്ധിജിയുടെ രാഷ്ട്രീയ ലക്ഷ്യങ്ങൾ സാധൂകരിക്കാൻ കാൽപ്പന്തുകളി എത്രമാത്രം ഉപകരിച്ചുവെന്ന് സൗത്ത് ആഫ്രിക്കൻ ഇൻഡോർ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് പൂബാലൻ ഗോവിന്ദസ്വാമി സാക്ഷ്യപ്പെടുത്തുന്നു. ഒരു മികച്ച ടീം ഉണ്ടാക്കി ധാർമ്മിക മൂല്യത്തിൽ അധിഷ്ഠിതമായ ടീം സ്പിരിറ്റും ഫെയർ പ്ലേയും ഉണ്ടാക്കുവാൻ ഗാന്ധിജിക്ക് സാധിച്ചു. അക്കാലഘട്ടത്തിൽ ഒറ്റയാൻ പ്രകടനങ്ങൾക്ക് പ്രാധാന്യമില്ലായിരുന്നു; കൂട്ടായ ശ്രമമാണ് ഏതൊരു കളിയുടെയും വിജയമെന്ന് ഗാന്ധിജി പഠിപ്പിച്ചു. ഫുട്ബോളിലൂടെ ഗാന്ധിജി തന്റെ സാമൂഹ്യചുറ്റുപാടും വർഗവിവേചനവും വളരെ നന്നായി ഗ്രഹിച്ചിരുന്നതുകാരണമായിരുന്നു ഇന്നത്തെ ആഫ്രിക്കൻ സമൂഹത്തിന്റെ ഉയിർത്തെഴുന്നേൽപ്പ്. അനായാസം കരഗതമായത് ഇംഗ്ലീഷുകാരുടെ ക്രിക്കറ്റ് യുഗത്തോടൊപ്പം സാധാരണക്കാരന് 'റിലാക്സ്' ആകാൻ ഫുട്ബോൾ ഉടലെടുത്തു. ട്രാൻസ്വാൾ ഇന്ത്യൻ ഫുട്ബോൾ അസേസിയേഷൻ ക്ലിപ്പ് റിവർ ഡിസ്ട്രിക്ട് ഇന്ത്യൻ ഫുട്ബോൾ അസോസിയേഷൻ സൗത്ത് ആഫ്രിക്കൻ അസോസിയേഷൻ ഓഫ് ഹിന്ദു ഫുട്ബോൾ എന്നീ ഗാന്ധിജി സംജാതമാക്കിയ ഫുട്ബോൾ സംഘടനകളിലൂടെയാണ് ഇന്ത്യയിൽ ഇന്നുകാണുന്ന ഐ-ലീഗ് മത്സരങ്ങളും നാഷണൽ ഫെഡറേഷൻ മത്സരങ്ങളും ഉടലെടുത്തതെന്ന് ഗോവിന്ദസ്വാമി സാക്ഷ്യപ്പെടുത്തുന്നു.

1914-ലോടുകൂടി ഗാന്ധിജി ഇന്ത്യൻ മണ്ണിലേക്ക് സജീവമായപ്പോൾ ആഫ്രിക്കയിൽ ഗാന്ധിജിയുടെ ജോലികൾ തുടർന്നുകൊണ്ടിരുന്നു. അതിന്റെ പരിണിത ഫലമായി വേണം 2010 വേൾഡ് കപ്പിനെ നാമറിയുന്നത്. ഗാന്ധിജിയുടെ സാന്നിധ്യം ഏറ്റവും കൂടുതല റിഞ്ഞ പാസീവ് റെസിസ്റ്റേഴ്സ് ഫുട്ബോൾ ടീമിൽ നിന്നും 2010 വേൾഡ് കപ്പിൽ സൗത്താഫ്രിക്കൻ ടീമിന് ധാരാളം കളിക്കാരും സംഭാവന ചെയ്യുന്നിൽ നിർണായകമായ പങ്കുവഹിച്ചു. അങ്ങനെ ഗാന്ധിജിയുടെ പ്രയത്നഫലം സൗത്താഫ്രിക്കയ്ക്ക് ഉപകരിച്ചു. അന്ധകാരത്തിലാണ്ടുപോയ ഒരു ജനതയ്ക്ക് ഫുട്ബോളിലൂടെ പ്രകാശം കാണിച്ചുകൊടുക്കുവാൻ ഗാന്ധിജിക്ക് സാധിച്ചുവെന്നതിൽ നമുക്ക് അഭിമാനിക്കാം. ■



*ഗാന്ധിജി ഫുട്ബോൾ ടീം അംഗങ്ങളോടൊപ്പം*

അഗസ്റ്റിൻ കണിപ്പിള്ളി



# കലിതുള്ളുന്ന കടലും കനിയാത്ത സർക്കാരും

പതിവുപോലെ ഈ വർഷവും മൺസൂണും അനുബന്ധ കടലാക്രമണവും വന്നുപോയി. തിരുവനന്തപുരത്ത് വലിയതുറ, കൊച്ചുതോപ്പ്, തോപ്പ് തുടങ്ങിയ തീരദേശ മേഖലയിൽ 30 ലേറെ വീടുകൾ പൂർണമായും 80 ലേറെ വീടുകൾ ഭാഗികമായും തകർന്നു. 72 കുടുംബങ്ങളെ വലിയതുറ ഫിഷറീസ് ഗോഡൗൺ, ബഡ്സ് സ്കൂൾ, വലിയതുറ യു.പി. സ്കൂൾ എന്നിവിടങ്ങളിലെ ദുരിതാശ്വാസ കേന്ദ്രങ്ങളിലേക്ക് മാറ്റിപാർപ്പിച്ചു. കോർപ്പറേഷൻ കൗൺസിലർ മുതൽ മന്ത്രിമാർ വരെയുള്ള രാഷ്ട്രീയ നേതാക്കളും വിവിധ വകുപ്പുതലവന്മാരും കടലാക്രമണ പ്രദേശങ്ങൾ സന്ദർശിച്ചു. മുൻവർഷങ്ങളിലേതുപോലെ തന്നെ വിവരങ്ങൾ ചോദിച്ചറിഞ്ഞ് എഴുതിക്കൊണ്ടുപോയി, അത്രമാത്രം. ഇനി കുറച്ചുകഴിയുമ്പോൾ കടലടങ്ങും. ഒപ്പം ദുരിതബാധിതരുടെ മുറവിളിയും.... ഇതൊക്കെ നാം എത്ര കണ്ടിരിക്കുന്നുവല്ലേ! ശരിയാണ്. ഇത്തരം ദുരന്തങ്ങളും ദുരിതബാധിതരോടുള്ള അവഗണനയും നാം എത്രയോ തവണ കണ്ടിരിക്കുന്നു. തീരദേശവാസി-മത്സ്യത്തൊഴിലാളി അവന് വിവരവും വിദ്യാഭ്യാസവുമില്ലല്ലോ. അവരോട് എത്രയോ തവണ പറഞ്ഞിരിക്കുന്നു തീരം വിട്ട് മറ്റെവിടെയെങ്കിലും പോകാൻ. ഇതനുസരിച്ചില്ലെന്ന ഒറ്റക്കാരണത്താലാണോ ഈ അവഗണന. അതല്ലെങ്കിൽ ഈ ജനതയ്ക്ക് ഇത്രയും മതിയെന്ന ധാരണയാണോ. മാറിവന്ന സർക്കാരുകളും സംവിധാനങ്ങളും ഞങ്ങളോട്, തീരവാസികളോട്, മത്സ്യത്തൊഴിലാളികളോട് പുലർത്തിപ്പോന്നത് ഈ നയം തന്നെയാണ്. അതുകൊണ്ട് അത്തരക്കാരുടെ ഇന്നത്തെ നിലപാടിൽ അത്ഭുതമില്ല.

പക്ഷേ ഒരു കാര്യം പറയാം. ഒരിക്കൽ എന്തിന് കഴിഞ്ഞവർഷം നിങ്ങൾ പറഞ്ഞില്ലേ ഞങ്ങൾ മത്സ്യത്തൊഴിലാളികളാണ് കേരളത്തിന്റെ സ്വന്തം സൈന്യമെന്നും അതിനും മുമ്പ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പറഞ്ഞു, ഞങ്ങൾ മത്സ്യത്തൊഴിലാളികളാണ് രാജ്യത്തിന്റെ വിദേശ നാണ്യശേഖരത്തിൽ ഏറിയപങ്കും നേടിത്തരുന്നതെന്നും പിന്നെയും നിങ്ങൾ പറഞ്ഞു, തീരദേശം വഴിയുള്ള തീവ്രവാദത്തെ ചെറുക്കുന്നത് ഞങ്ങളാണെന്ന്. വേണ്ടിവന്നാൽ സഹോദരങ്ങൾക്കുവേണ്ടി, നാടിനുവേണ്ടി രാജ്യത്തിനുവേണ്ടി കരൾ പറിച്ച് കൊടുക്കുന്നതാണ് ഞങ്ങളുടെ സംസ്കാരം. എന്നിട്ടും സർക്കാരുകളുടെയും ബന്ധപ്പെട്ടവരുടെയും അവഗണന കാണുമ്പോൾ മനസ്സിൽ ഒരു കടലോളം നൊമ്പരമുണ്ട്. ഇന്നത്തെ ഈ ദുരന്തത്തിന് കാരണം നിങ്ങളുടെ ചെയ്തികളാണല്ലോ എന്നോർക്കുമ്പോൾ ആ നൊമ്പരം മനസ്സിൽ കനലായി എരിയുകയാണ്. നിങ്ങളും നിങ്ങളുടെ പിണിയാളുകളും കടലും കടലോരവും യഥേഷ്ടം കൈയേറിയതിന്റെ തിക്തഫലമല്ലേ ഓരോ വർഷവും രൂക്ഷമായിക്കൊണ്ടിരിക്കുന്ന കടലാക്രമണം. കടലും കടൽത്തീരവും ഞങ്ങളുടേത് മാത്രമെന്ന് ഞങ്ങൾ ശഠിച്ചിട്ടില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ തീരദേശത്തെ കൈയേറ്റത്തിൽ നിന്നും മാലിന്യത്തിൽ നിന്നും സംരക്ഷിക്കാമായിരുന്നു. ഇന്നിപ്പോൾ 550 കി.മീറ്റർ

വരുന്ന കേരള തീരം പൂർണമായി സുരക്ഷിതമല്ലാതായി മാറിയിരിക്കുന്നു. എന്താണ് കാരണം. അശാസ്ത്രീയമായ കയേറ്റം തന്നെ. അതിന്റെ ഫലം അനുഭവിക്കാൻ വിധിക്കപ്പെട്ടവർ മത്സ്യത്തൊഴിലാളികളായ ഞങ്ങളും.

മുൻ വർഷങ്ങളിൽ ഇത്ര രൂക്ഷമായ കടലാക്രമണം ഉണ്ടായിട്ടില്ല. വലിയതുറയിലും കൊച്ചുതോപ്പിലും 7-ാമത്തെ നിരവീടുകളാണ് ഇപ്പോൾ കടലെടുത്ത് പൊയ്ക്കൊണ്ടിരിക്കുന്നത്. വർഷങ്ങളായി കടലിനോട് മല്ലിട്ടു നേടിയതൊക്കെ സ്വരുക്കൂട്ടി കെട്ടിയുയർത്തിയ ഞങ്ങളുടെ സ്വപ്ന ഭവനങ്ങളാണ് തകർന്നുപോകുന്നത്. ഞങ്ങൾ മത്സ്യത്തൊഴിലാളികളും മനുഷ്യരാണ്. ഞങ്ങൾക്കൊരു സംസ്കാരമുണ്ട്. ഒരു ആവാസവ്യവസ്ഥയുണ്ട്. കടലും കടലോരവും ഇട്ടിട്ട് ഓടിപ്പോവാൻ ഞങ്ങൾ നാടോടികളല്ല. ഞങ്ങളുടെ പൂർവികർ ഉണ്ടും ഉറങ്ങിയും ഓടിക്കളിച്ചും വളർന്ന കടൽത്തീരം വിട്ടുപോകാൻ ഞങ്ങളുടെ മനസ് അനുവദിക്കുന്നില്ല. ഞങ്ങളുടെ കാർണവൻമാരുടെ കാലത്ത് കടൽ ഇങ്ങനെ കലിപൂണ്ടതായി പറഞ്ഞുകേട്ടിട്ടില്ല. ഞങ്ങളുടെ തൊഴിലും സമ്പാദ്യവും ജീവിതവും എല്ലാം കടലാണ്. തീരത്തിരുന്ന് നോക്കിയാൽ കടലിൽ മയിലുകൾക്കപ്പുറം വരുന്ന മീൻ കൂട്ടത്തെ കാണാൻ ഞങ്ങൾക്കാവും. കടലിന്റെ സ്വഭാവം പ്രവചിക്കാൻ ഞങ്ങൾക്കറിയാം. അതാണ് ഞങ്ങളുടെ കടലറിവ്. ഞങ്ങളുടെ അറിവും തൊഴിലും കിടപ്പാടവും ഉപേക്ഷിച്ച് പോകണമെന്നോ? കടൽത്തീരത്തുനിന്ന് ഏറിയാൽ 200 മീറ്റർ അതിനപ്പുറം മാറിത്താമസിക്കാൻ ഞങ്ങൾക്കാവില്ല. പക്ഷേ ഒരു കാര്യം അതിനായി സർക്കാർ വാഗ്ദാനം ചെയ്ത 10 ലക്ഷം രൂപയ്ക്ക് സ്ഥലവും വീടും ലഭ്യമാക്കിത്തരണം. തരാൻ പറ്റുമോ? ഇവിടെയും ഞങ്ങളെ വഞ്ചിക്കാനല്ലേ ഉദ്ദേശ്യം. നാലഞ്ചുവർഷമായി ദുരിതാശ്വാസ ക്യാമ്പിൽ കഴിഞ്ഞ 192 പേർക്ക് മുട്ടത്തറയിൽ പണിതുകൊടുത്ത ഫ്ളാറ്റ് ഇപ്പോൾ മഴയിൽ ചോർന്നൊലിക്കുകയാണ്. എന്തിന് മത്സ്യത്തൊഴിലാളികളോട് ഈ ചതി.

വിഴിഞ്ഞം തുറമുഖനിർമാണത്തോടെയല്ലെ വിഴിഞ്ഞത്തിന്റെ തെക്കോട്ടുള്ള പ്രദേശങ്ങളായ പൂന്തുറ മുതൽ ശംഖുമുഖം തീരം വരെ കടൽ വിഴുങ്ങിയത്. ഒരു ഭാഗത്ത് കൈയേറ്റം നടത്തുമ്പോൾ അടുത്തഭാഗം ആക്രമിക്കപ്പെടുമെന്ന പ്രതിഭാസമല്ലേ നടക്കുന്നത്. വലിയതുറ പാലത്തിന് സമീപത്തുണ്ടായിരുന്ന മൈതാനം ഇന്ന് എവിടെ. വിഴിഞ്ഞം തുറമുഖത്തിന്റെ പണിതുടങ്ങിയപ്പോൾ ഈ പ്രദേശത്തെ ആദ്യ നിരവീടുകൾ കടൽകൊണ്ടുപോയി. ഇപ്പോൾ ഒരു കിലോമീറ്റർ കടൽ നിങ്ങൾ കൈയേറിയപ്പോൾ ശംഖുമുഖം തീരവും കഴിഞ്ഞ് റോഡുവരെ കടലെടുത്തു. ഇന്നിപ്പോൾ തിരുവനന്തപുരം എയർപോർട്ടും കടലും തമ്മിൽ അരകിലോമീറ്റർ അകലമേയുള്ളൂ. വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ഒരു വിദേശ കമ്പനി പറഞ്ഞതല്ലേ, പോർട്ടിന്റെ പണിക്കുമുൻപ് സമീപ പ്രദേശത്തിന്റെ സുരക്ഷാ ഉറപ്പാക്കണമെന്നും അല്ലെങ്കിൽ പ്രത്യാഘാതമുണ്ടാകുമെന്നും. ആ മുന്നറിയിപ്പ് ആരെങ്കിലും വകവച്ചോ. അന്ന് മത്സ്യത്തൊഴിലാളികളും തിരുവനന്തപുരം ലത്തീൻ അതിരൂപതയും മുന്നോട്ടുവച്ച ആശങ്ക ഉൾക്കൊണ്ട് അത്തരം പ്രത്യാഘാതങ്ങളുണ്ടായാൽ അതുനേരിടാനായി വകയിരുത്തിയ 475 കോടി രൂപയിൽ ഒരു രൂപയെങ്കിലും ഇക്കണ്ട ദുരിതങ്ങളെല്ലാം ഉണ്ടായിട്ട് ചെലവഴിച്ചോ? കാലാകാലങ്ങളായി ഞങ്ങളും ഞങ്ങളുടെ അതിരൂപതാ നേതൃത്വവും കടലാക്രമണ കെടുതികളെ കുറിച്ച് ബന്ധപ്പെട്ടവരോട് പരാതിപ്പെടാറുള്ളതല്ലേ. ഞങ്ങളുടെ സങ്കടം നിങ്ങൾക്ക് വെറും വനരോദനമാണോ? ജീവനും സ്വത്തും തൊഴിലും സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് ഞങ്ങൾ എത്രയോ സമരങ്ങൾ നടത്തിയിരിക്കുന്നു. അതിജീവനത്തിനുവേണ്ടി ഇത്രയും സമരങ്ങൾ നടത്തിയ ഏത് വിഭാഗമുണ്ട് കേരളത്തിൽ. ഞങ്ങളുടെ പരാതികളും പരിഭവങ്ങളും ദുരിതങ്ങളും ബന്ധപ്പെട്ട സർക്കാരുകൾ വേണ്ടത്ര ഗൗരവത്തിലെടുത്തില്ല. പരിസ്ഥിതിയെക്കുറിച്ച് ശരിയായി പഠിച്ചില്ല. അല്ലെങ്കിൽ പഠനറിപ്പോർട്ടുകൾ പരിഗണിച്ചില്ല. ഫലമോ തീരദേശ ജനതയ്ക്ക് നിത്യദുരിതത്തിലേക്ക് നടന്നു കയറേണ്ടിവന്നില്ലേ.



ഇനിയും ഞങ്ങൾക്ക് പറയുനുണ്ട്. അശാസ്ത്രീയമായ, ആഘാത പഠന റിപ്പോർട്ടുകൾ മറച്ചുവച്ചുള്ള വികസന പ്രവർത്തനങ്ങൾ അവസാനിപ്പിക്കണം. കടലിൽ കല്ലിട്ടുള്ള പണിവേണ്ട. ഇതുവരെയിട്ട കല്ലുകൾ കടൽ വിഴുങ്ങിയില്ലേ. പുലിമുട്ട് വേണ്ട. തീരദേശവാസികളുടെ പൊതുവികാരമാണിത്. ഞങ്ങൾക്ക് സുരക്ഷിതമായ കെട്ടുറപ്പുള്ള തലചായ്ക്കാനൊരിടം വേണം. നാശനഷ്ടങ്ങൾക്ക് അനുയോജ്യമായ പരിഹാരം കിട്ടണം. ദുരിതാശ്വാസ ക്യാമ്പുകൾ വേണ്ട. ഇനി ദുരിതാശ്വാസ ക്യാമ്പുകളാക്കുന്ന സ്കൂൾ കെട്ടിടങ്ങളിലേക്ക് ഞങ്ങൾ പോകില്ല. അത് ഞങ്ങളുടെ മക്കൾക്ക് പഠിക്കാനുള്ള സ്ഥലമാണ്. അങ്ങനെ പോകേണ്ടിവന്നാൽ സർക്കാർ ഓഫീസുകൾ തേടിപ്പിടിച്ച് ഞങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളാക്കി മാറ്റും. ഞങ്ങൾ മത്സ്യത്തൊഴിലാളികൾ തീരദേശ ജനതയ്ക്ക്, ഒന്നേ പറയാനുള്ളൂ. ഞങ്ങളെ നിരന്തരം ദുരിതത്തിലേക്ക് തള്ളിവിടുന്ന പ്രവണത ബന്ധപ്പെട്ടവർ അവസാനിപ്പിക്കണം. ഞങ്ങൾക്ക് സംരക്ഷണം വേണം, ശാശ്വതമായ സംരക്ഷണം. ■

# വാർത്തകൾ

# അകാലത്തിൽ പൊലിഞ്ഞ മകന്റെ ഓർമയ്ക്കായ്...



*നന്ദൻകോട് ഇടവകാംഗമായ എ.ജെ.പോളും കുടുംബവും മകൻ ജിതിൻ ജോൺ പോൾ സ്മരണാർഥം ഭവനം ഒരു സമ്മാനം പദ്ധതിയിലേക്ക് ദാനമായി നൽകിയ വസ്തുവിന്റെ രേഖകൾ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന് കൈമാറുന്നു. ഫാ. ലെനിൻരാജ്, നോഡൽ ഓഫീസർ ജെറാൾഡ്, ടെമ്പറാലിറ്റി ഡയറക്ടർ ശശിധരൻ എന്നിവർ സമീപം*

തിരുവനന്തപുരം: അകാലത്തിൽ വേർപെട്ടുപോയ മകൻ ജിതിൻ ജോൺ പോളിന്റെ ഓർമ്മ നിലനിർത്താൻ ഒരു കുടുംബം സമൂഹത്തിലെ മൂന്ന് നിർധന കുടുംബങ്ങൾക്ക് കിടപ്പാടം ഒരുക്കി. ബിടെക് വിദ്യാർഥിയായിരുന്ന മകന്റെ അപകടമരണമാണ് നന്ദൻകോട് ഇടവകാംഗമായ എ.ജെ.പോളിനെയും കുടുംബത്തെയും ഇത്തരം ഒരു സൽകർമത്തിന് പ്രേരിപ്പിച്ചത്.

കോളേജിൽ നിന്നും വിനോദയാത്രയ്ക്ക് പോയ വാഹനം അപകടത്തിൽപ്പെട്ടാണ് ജിതിൻ മരണമടഞ്ഞത്. 2013 മാർച്ചിലായിരുന്നു സംഭവം. മകന്റെ മരണം ആ കുടുംബത്തിന് താങ്ങാവുന്നതിലും അപ്പുറമായിരുന്നു. മകന്റെ വേർപിരിയാത്ത ഓർമ്മ എന്നും നിലനിൽക്കണമെന്ന് ആ കുടുംബം ആഗ്രഹിക്കുന്നു. അതിനായി അവർ മകന്റെ വിഹിതമായി വർക്കലയിലുള്ള 11 സെന്റ് സ്ഥലം നിർധകുടുംബങ്ങൾക്കായി നൽകാൻ തീരുമാനിച്ചു. തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന്റെ മെത്രാഭിഷേക രജത ജൂബിലിയുടെ ഭാഗമായി നടപ്പാക്കുന്ന ഭവനം ഒരു സമ്മാന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്ഥലത്ത് വീടുവച്ചുനൽകാനാണ് വർക്കലയിലെ സ്ഥലം ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി വഴി അതിരൂപതയ്ക്ക് കൈമാറിയത്. പ്രസ്തുത വസ്തുവിന്റെ പ്രമാണങ്ങളും അനുബന്ധ രേഖകളും എ.ജെ. പോളും കുടുംബവും വെള്ളയമ്പലം ആർച്ച് ബിഷപ്സ് ഹൗസിലെത്തി സൂസപാക്യം പിതാവിന് കൈമാറി.



## കാരുണ്യസ്പർശവുമായ് പരുത്തിയൂർ

പരുത്തിയൂർ: റ്റിഎസ്എസ്എസ് പരുത്തിയൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ 72 ബിസിസി യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുത്ത കുടുംബങ്ങൾക്ക് കാരുണ്യ സ്പർശത്തിന്റെ ഭാഗമായി അരി വിതരണം ചെയ്തു. അരി വിതരണം ഇടവക സഹവികാരി ഫാ. റോജൻ റോബർട്ട് നിർവഹിച്ചു. കമ്യൂണിറ്റി ഓർഗനൈസർ സിസ്റ്റർ മേരി അഗസ്റ്റിൻ, സിസ്റ്റർ വിനിത, സാമൂഹ്യ ശുശ്രൂഷാ സമിതി കൺവീനർ ജോൺ സി. ദാസ് എന്നിവർ നേതൃത്വം നൽകി.

## പരിസ്ഥിതി ദിനാചരണം

വലിയതുറ: സാമൂഹ്യ ശുശ്രൂഷാ വലിയതുറ ഫെറോനയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം സംഘടിപ്പിച്ചു. സെന്റ് സേവ്യേഴ്സ് ഇടവകയിൽ വച്ചുനടന്ന ദിനാചരണ ചടങ്ങിൽ 350 വൃക്ഷത്തൈ വിതരണം ചെയ്തു. 10 പേർക്ക് അടുക്കളത്തോട്ടനിർമാണത്തിനായി വിത്ത്, വളം, ഗ്രോബാഗ് തുടങ്ങിയവയും വിതരണം ചെയ്തു. വാർഡ് കൗൺസിലർ ഷീബ പാട്രിക്, ഫെറോന വികാരി ഫാ. ഹയസിന്ത് നായകം, കെഎൽഎം രൂപത സെക്രട്ടറി ഫാ. ജോൺ ഡാൾ, ഫെറോന കോർഡിനേറ്റർ ഫാ. പോൾ ജി, ഇടവക വികാരി ഫാ. ടോം താന്നിയിൽ, കെഎൽഎം കോർഡിനേറ്റർ – അന്നറീത്താ, സി. ഷാലോം എന്നിവർ പ്രസംഗിച്ചു.

*സാമൂഹ്യ ശുശ്രൂഷാ വലിയതുറ ഫെറോനയുടെ നേതൃത്വത്തിൽ നടന്ന പരിസ്ഥിതി ദിനാചരണം ഫാ. ഹയസിന്ത് നായകം ഉദ്ഘാടനം ചെയ്യുന്നു*




*വിവിധ രംഗങ്ങളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ കെഎൽസിഎ തിരുവനന്തപുരം ലത്തീൻ അതിരൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം മൊമന്റോ നൽകി ആദരിക്കുന്നു. അഡ്വ. എം.എ. ഫ്രാൻസിസ്, ആന്റണി ആൽബർട്ട്, പാട്രിക് മൈക്കിൾ, ജോസഫ് ജോൺസൺ, ഫെനിൽ ആന്റണി എന്നിവർ സമീപം*

# ഉയരങ്ങളിലെത്തിയവർ മറ്റുള്ളവർക്ക് വെളിച്ചമാകണം : ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം

തിരുവനന്തപുരം: വിദ്യാഭ്യാസ-രാഷ്ട്രീയ-സാമ്പത്തിക മികവിലൂടെ ഉയരങ്ങളിൽ എത്തിയിട്ടുള്ള ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾ സാമൂഹികമായി പിന്നോക്കം നിൽക്കുന്ന സാധാരണക്കാരുടെ വളർച്ചയ്ക്ക് പ്രചോദനവും മാതൃകയുമാകണമെന്ന് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. വിവിധ രംഗങ്ങളിൽ ഉന്നത ശ്രേണിയിലെത്തുന്നവർ ഇന്ന് പാവപ്പെട്ടവരുടെയും സാധാരണക്കാരുടെയും ഇടയിൽ നിന്ന് മാറിതാമസിക്കാനാണ് ഇഷ്ടപ്പെടുന്നതെന്നും അപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നും അർച്ച്ബിഷപ്പ് പറഞ്ഞു. കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ തിരുവനന്തപുരം അതിരൂപതാ സമിതി വിവിധ മേഖലയിൽ വിജയം വരിച്ച വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ആദരിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ആർച്ച് ബിഷപ്പ്.

ഏതൊരു സമൂഹത്തിന്റെയും വളർച്ച വിദ്യാഭ്യാസത്തിലധിഷ്ഠിതമാണെന്നും, ശരിയായ വിദ്യാഭ്യാസത്തിലൂടെ മാത്രമേ മറ്റുള്ളവരെ മനസ്സിലാക്കാനും സമൂഹത്തിൽ തുല്യനീതി നടപ്പിലാക്കാനും കഴിയുകയുള്ളൂവെന്നും, ശരിയായ വിദ്യാഭ്യാസം ലഭിച്ചവരായിരിക്കണം രാഷ്ട്രീയ-ഭരണതലങ്ങളിലേക്ക് ഉയർന്നുവരേണ്ടതെന്നും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. ചടങ്ങിൽ കെഎൽസിഎ അതിരൂപതാ പ്രസിഡന്റ് പാട്രിക് മൈക്കിൾ, അധ്യക്ഷത വഹിച്ചു.

കാനഡയിൽ വച്ച് ലിംഗ സമത്വവും സ്ത്രീകളുടെ അകാശങ്ങളും എന്ന വിഷയത്തിൽ നടന്ന വിമൻഡെലിവർ കോൺഫ്രൻസിൽ ദക്ഷിണേന്ത്യയെ പ്രതിനിധീകരിച്ച ശ്രീകാര്യം ലയോള കോളേജിലെ എം.എ.സോഷ്യോളജി വിദ്യാർത്ഥിനിയും പുതിയതുറ ഇടവകാംഗവുമായ ജിമാ റോസ്, കേരള യൂണിവേഴ്സിറ്റി ബി.എ. പൊളിറ്റിക്കൽ സയൻസിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ആഴാകുളം ഇടവകാംഗമായ ആര്യ എസ്.എസ്, കേരള യൂണിവേഴ്സിറ്റി ബി.എസ്സി ഇലക്ട്രോണിക്സിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ നെല്ലിയോട് ഇടവകാംഗം ആർഷ ആന്റണി, സിബിഎസ്സി പ്ലസ്-ടു പരീക്ഷയിൽ ദേശീയതലത്തിൽ ഏഴാം റാങ്കും സംസ്ഥാനതലത്തിൽ നാലാം റാങ്കും നേടിയ കഴക്കൂട്ടം ഇടവകാംഗമായ ആൻലുവല്ല ജോൺ എന്നിവരെ ചടങ്ങിൽ മെമന്റോ നൽകി ആദരിച്ചു.

കെഎൽസിഎ ഭാരവാഹികളായ ആന്റണി ആൽബർട്ട്, ജോസഫ് ജോൺസൺ, അഡ്വ. എം.എ. ഫ്രാൻസിസ്, ഫെനിൽ ആന്റണി എന്നിവർ പ്രസംഗിച്ചു.

## 2022 ലെ ലോക യുവജന സംഗമത്തിന്റെ പ്രമേയം

വത്തിക്കാൻ സിറ്റി: പോർച്ചുഗലിന്റെ തലസ്ഥാനമായ ഡിസ്ബനിൽ 2022 ൽ നടക്കുന്ന ലോക യുവജന സംഗമനത്തിന്റെ പ്രമേയം ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ചു. 'മറിയം എഴുന്നേറ്റു തിടുക്കത്തിൽ പുറപ്പെട്ടു' എന്നതാണ് ലോക യുവത കാത്തിരിക്കുന്ന സംഗമത്തിന്റെ പ്രമേയം. അന്താരാഷ്ട്ര യുവജനഫോറത്തിന്റെ സമാപന ചടങ്ങിലാണ് പാപ്പ ഇക്കാര്യ പ്രഖ്യാപിച്ചത്.




# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ സാമൂഹ്യസേവനം

## കോൺഫറൻസ് വാർഷികം

പാളയം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി പാളയം സെന്റ് ജോസഫ് ഇടവക മദർ തെരേസ കോൺഫറൻസിന്റെ രണ്ടാം വാർഷികം പാരിഷ് ഹാളിൽവച്ച് നടന്നു. കോൺഫറൻസ് പ്രസിഡന്റ് സി. സെലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഡോ. നിക്കോളാസ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ്, ഏരിയ കൗൺസിൽ പ്രസിഡന്റ് ഡോ. എം.എ. ജോർജ്ജ്, സെന്റ് ജോസഫ് കോൺഫറൻസ് പ്രസിഡന്റ് തോമസ് എന്നിവർ ആശംസകളർപ്പിച്ചു.

## ഗാർഹിക തൊഴിലാളി ദിനാചരണം

തിരുവനന്തപുരം: കേരള ലേബർ മൂവ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐശ്വര്യ ഗാർഹിക തൊഴിലാളി ദിനാചരണം റ്റി.എസ്.എസ്.എസ് സെന്റ് ആന്റണീസ് ഹാളിൽ ലിഡാ ജേക്കബ് ഐഎഎസ് ഉദ്ഘാടനം ചെയ്തു. റ്റി.എസ്.എസ്.എസ് ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ് അദ്ധ്യക്ഷത വഹിച്ചു. പ്രവാസി, കെ.എൽ.എം രൂപത എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. ജോൺഡാൾ, കെ.എൽ.എം രൂപതാ കോർഡിനേറ്റർ ഫാ. ലെനിൻ രാജ്, പുഷ്പബായി, ഐശ്വര്യാ കോർഡിനേറ്റർ സിന്ധു വി, മേഘ എന്നിവർ പ്രസംഗിച്ചു. ചടങ്ങിൽവച്ച് ഗാർഹിക തൊഴിലാളികളെ ആദരിച്ചു. തുടർന്ന് ടിഎസ്എസ്എസ് മുൻ ഡയറക്ടർ ഫാ. ലെനിൻരാജിന്റെ കഴിഞ്ഞകാല പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഡോ. സാബാസ് സംസാരിച്ചു. അദ്ദേഹത്തിന്റെ സേവനങ്ങൾക്ക് നന്ദിയർപ്പിക്കുകയും സ്നേഹോപകാരം നൽകുകയും ചെയ്തു. പ്രസ്തുത ദിനാചരണത്തോടനുന്ധിച്ച് ഗാർഹികതൊഴിലാളികളുടെ ഉത്തരവാദിത്വങ്ങളും കടമകളും എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ക്ലാസ് നടന്നത്.



*അരയതുരുത്തി ഇടവകയിലെ സ്വയംതൊഴിൽ സംരംഭകർക്കുള്ള ആടുവിതരണത്തിന്റെ ഉദ്ഘാടനം ഇടവക വികാരി ഫാ. ജോൺ ബോസ്കോ നിർവഹിക്കുന്നു.*

പാളയം: സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന അരയതുരുത്തി ഇടവക ആൾസെയിൻസ് കോൺഫറൻസിന്റെ നേതൃത്വത്തിൽ ഇടവകയിലെ നിർദ്ധനരായ സ്വയം തൊഴിൽ സംരംഭകർക്ക് ആടുകൾ വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് സേവ്യർ ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഇടവക വികാരി ഫാദർ ജോൺ ബോസ്കോ പ്രോജക്ട് ഉദ്ഘാടനം ചെയ്തു സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ് വൈസ് പ്രസിഡന്റ് ഡയനേഷ്യസ് പെരേര ഏരിയ കൗൺസിൽ പ്രസിഡന്റ് ടോണി പത്രോസ് എന്നിവർ ആശംസകളർപ്പിച്ചു.

പുതിയതുറ ഇടവക സെന്റ് നിക്കോളാസ്, സെന്റ് ജോർജ്ജ് കോൺഫറൻസുകളുടെ നേതൃത്വത്തിൽ ഇടവകയിലെ മത്സ്യകച്ചവടക്കാരായ 67 സ്ത്രീകൾക്ക് 10,000 രൂപ വീതം സ്വയംതൊഴിൽ പദ്ധതി പ്രകാരം വായ്പ നൽകി. ഇടവക വികാരി ഫാ. ഇഗ്നേഷ്യസ് രാജശേഖരൻ തുക വിതരണം ചെയ്തു. കോൺഫറൻസ് പ്രസിഡന്റ് വില്യത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ് ആശംസകളർപ്പിച്ചു.





*ഗാർഹിക തൊഴിലാളി ദിനാചരണം ലിഡാ ജേക്കബ് ഐഎഎസ് ഉദ്ഘാടനം ചെയ്യുന്നു.*

# വെള്ളലുമ്പ് ദേവാലയ പുനർനിർമ്മാണം നമുക്ക് കൈകോർക്കാം

വെള്ളലുമ്പ്: വെള്ളലുമ്പ് സെന്റ് ഫ്രാൻസീസ് സേവ്യർ ഇടവകാംഗങ്ങൾ തങ്ങളുടെ സ്വപ്നസാക്ഷാൽക്കാരത്തിനു വേണ്ടിയുള്ള പ്രയാണത്തിലാണ്. 75 വർഷത്തിലധികം പഴക്കമുള്ളതും ജീർണാവസ്ഥയിലും അപകടാവസ്ഥയലുമായ തങ്ങളുടെ ഇടവക ദേവാലയം പുതുക്കിപ്പണിയുകയെന്നതാണ് ലക്ഷ്യം. പ്രാർത്ഥനയിലും ഉപവാസത്തിലും അധിഷ്ഠിതമായ കർമ്മത്തിലൂടെ ഈ ലക്ഷ്യം പ്രവർത്തിപഥത്തിലെത്തിക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. പ്രേഷിതവര്യനായ വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ അനുഗ്രഹം ഈ സൽക്കർമ്മത്തിന് അവരെ പ്രാപ്തരാക്കുന്നു.

പുതിയ ദേവാലയത്തിന് ഏകദേശം തൊണ്ണൂറ് ലക്ഷത്തോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. നൂറിൽ താഴെ കുടുംബങ്ങൾ ഉള്ള വെള്ളലുമ്പ് ഇടവകയ്ക്ക് ഇത്രയും വലിയൊരു തുക കൂട്ടിയാൽ കൂടുന്നതല്ല. നിത്യവൃത്തിക്കായി കൂലിപ്പണിയെടുത്തു ജീവിക്കുന്നവരാണ് ഇവിടത്തെ ഇടവക ജനങ്ങൾ. തങ്ങളാലാവുന്ന തരത്തിൽ ദേവാലയ നിർമ്മിതിയിൽ പങ്കുചേരുന്നതോടൊപ്പം സജ്ജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രസ്ഥാനങ്ങളിലും നിന്നും അവർ സാമ്പത്തിക സഹായവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

അതിവിശുദ്ധമായ ഈ ദൈവിക നിയോഗത്തിന്റെ പൂർത്തീകരണത്തിനായി സാമ്പത്തിക-പ്രാർത്ഥനാ സഹായങ്ങൾ നൽകാൻ ഇടവക വികാരി ഡോ. ജോർജ് ജെ.ഗോമസ് അഭ്യർത്ഥിക്കുന്നു.



*പുനർനിർമിക്കുന്ന ദേവാലയത്തിന്റെ ചിത്രം*

# ജിമ റോസിന് അഭിനന്ദനങ്ങൾ



2019 ജൂൺ 1 മുതൽ 6 വരെ കാനഡയിൽ വച്ചുനടന്ന വിമൻ ഡെലിവർ കോൺഫറൻസിൽ ദക്ഷിണേന്ത്യയിലെ പ്രതനിധീകരിച്ച ഏക മിടുക്കി. ശ്രീകാര്യം ലയോള കോളേജിലെ എം.എ. സോഷ്യോളജി വിദ്യാർഥിനിയായ ജിമ റോസ് പുതിയതുറ സെന്റ് നിക്കോളാസ് ഇടവകാംഗമായ ജെയിംസ്, മേരി പുഷ്പം ദമ്പതികളുടെ മകളാണ്. ലിംഗസമത്വവും സ്ത്രീകളുടെ അവകാശങ്ങളും ചർച്ചയായ പ്രസ്തുത സമ്മേളനത്തിലേക്ക് ജിമ റോസ് തെരഞ്ഞെടുക്കപ്പെട്ടത് രണ്ടുവർഷം നീണ്ടുനിന്ന യങ് ലീഡേഴ്സ് പ്രോഗ്രാമിനുശേഷമായിരുന്നു. ഐക്യരാഷ്ട്രസഭ, കനേഡിയൻ സർക്കാർ, ബിൽഗേറ്റ്സ് ഫൗണ്ടേഷൻ, നെതർലാന്റ്, ഡെൻമാർക്ക് വിദേശകാര്യ മന്ത്രാലയങ്ങൾ എന്നിവയുടെ സഹായത്തോടെയായിരുന്നു പരിശീലനം. കാനഡയുടെ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ മുതൽ കലാ-രാഷട്രീയ-സാംസ്കാരിക രംഗങ്ങളിലെ ലോകമെമ്പാടുമുള്ള പ്രമുഖർ പങ്കെടുത്ത സമ്മേളനത്തിൽ പ്രതിനിധിയാകാനും പ്രഭാഷണം നടത്തുവാനും ജിമ റോസിന് കഴിഞ്ഞു.

# വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി നിയമസഭാ മാർച്ച്

തിരുവനന്തപുരം: മത്സ്യമേഖലാ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതിൽ പ്രതിഷേധിച്ച് കേരള മത്സ്യമേഖല വിദ്യാർത്ഥി സമിതിയുടെ ആഭിമുഖ്യത്തിൽ നിയമസഭാ മാർച്ച് നടത്തി. സ്വാശ്രയ ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നടപ്പാക്കുക ഹോസ്റ്റൽ ഫീ നിയമവിരുദ്ധമായി വെട്ടിക്കുറച്ച നടപടി പുനഃപരിശോധിക്കുക, അഡ്മിഷൻ, പരീക്ഷാ തുടങ്ങിയവയ്ക്കുള്ള ഫീസ് നിർത്തലാക്കിയ സർക്കാർ ഉത്തരവ് നടപ്പിലാക്കുക, കേന്ദ്രസർക്കാർ ആനുകൂല്യത്തിന് സമാനമായ രീതിയിൽ ഫിഷറീസ് മന്ത്രാലയം വഴി മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും സംസ്ഥാന ആനുകൂല്യം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് കേരള മത്സ്യമേഖലാ വിദ്യാർത്ഥി സമിതി നിയമസഭാ മാർച്ച് സംഘടിപ്പിച്ചത്. മാർച്ച് ബിഷപ്പ് ഡോ. ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. കെഎംവിഎസ് പ്രസിഡന്റ് സതീഷ് ജോസഫ്, പ്രീതി ഫ്രാങ്ക്ളിൻ, ടോണി ലയോൺസ്, ഫാ. ഷാജിൻ ജോസ് ഡിക്സൺ ഡേവിഡ്, രമ്യ എസ്, ഷാജി സ്റ്റെല്ലസ്, സ്നേഹ, സുനിൽ ഡേവിഡ്, ബിമൽ ആന്റണി, തദയൂസ് പൊന്നയ്യൻ എന്നിവർ നേതൃത്വം നല്കി.




## 'കടലേറ്റം' സെമിനാർ

**തിരുവനന്തപുരം :** തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടപ്പിച്ച 'കടലേറ്റം : കാരണങ്ങളും പരിഹാരമാർഗങ്ങളും' സെമിനാർ ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്തു. പ്രസ് ക്ലബ്ബ് പ്രസിഡന്റ് ജി. പ്രമോദിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ യേശുദാസ് വില്യം സ്വാഗതവും സെക്രട്ടറി എം. രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു. എം. വിൻസെന്റ് എംഎൽഎ, ഡിസാസ്റ്റർ മാനേജ്മെന്റ് മുൻ ഡയറക്ടർ ഡോ. കെ. ജി. താര, ആർക്കിടെക്ട് ജി. ശങ്കർ, നാഷണൽ ഫിഷ് വർക്കേഴ്സ് ഫോറം ജനറൽ സെക്രട്ടറി ടി. പീറ്റർ, ഫാദർ യൂജിൻ എച്ച്. പെരേര, കെ. വി. തോമസ് എന്നിവർ സംസാരിച്ചു.




*തിരുവനന്തപുരം പ്രസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സംഘടപ്പിച്ച 'കടലേറ്റം : കാരണങ്ങളും പരിഹാരമാർഗങ്ങളും' സെമിനാർ ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ ഉദ്ഘാടനം ചെയ്യുന്നു*

## ലോക ലഹരിവിരുദ്ധ ദിനാചരണം

**തിരുവനന്തപുരം :** തിരുവനനന്തപുരം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ചൈൽഡ് ലൈൻ ഇന്ത്യയുടെയും സംയുക്താഭിമുഖ്യത്തിൽ വെട്ടുകാട് കമ്യൂണിറ്റിഹാളിൽവച്ച് ലോക ലഹരിവിരുദ്ധദിനാചരണം സംഘടിപ്പിച്ചു. അതിരൂപതാ സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആറിന്റെ അധ്യക്ഷതയിൽ നടന്ന അതിരൂപതാതല ദിനാചരണം വലിയതുറ പോലീസ് സബ് ഇൻസ്പെക്ടർ രാജൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ സാമൂഹ്യ ശുശ്രൂഷാ സമിതി ഡയറക്ടർ ഡോ. സാബാസ് ഇഗ്നേഷ്യസ്, ഫോറോനാ കോർഡിനേറ്റർ ഫാ. പോൾ ജി, ഫാ. ജോസഫ് ബാസ്റ്റിൻ, രൂപതാ തല മദ്യവിരുദ്ധ സമിതി കോർഡിനേറ്റർ സി. ജിൻസ, ചൈൽഡ് ലൈൻ കോർഡിനേറ്റർ കിരൺ, ഫൊറാനാ ആനിമേറ്റർ ഷീജ ടി.കെ.,വില്ലി ബ്രോഡ് തുടങ്ങിയവർ പ്രസംഗിച്ചു.



*ലോക ലഹരിവിരുദ്ധ ദിനാചരണത്തിന്റെ അതിരൂപതാ തല ഉദ്ഘാടനം വലിയതുറ പോലീസ് സബ് ഇൻസ്പെക്ടർ രാജൻ നിർവഹിക്കുന്നു.*



*റ്റിഎസ്എസ്എസ് പരുത്തിയൂർ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തെരഞ്ഞെടുത്ത കുടുംബങ്ങൾക്കായി നൽകിയ അരിവിതരണത്തിന്റെ ഉദ്ഘാടനം ഇടവക സഹവികാരി ഫാ. റോജൻ റോബർട്ട് നിർവഹിക്കുന്നു*



*പുല്ലുവിള ഫൊറോനാ വിദ്യാഭ്യാസ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന ഡിഫൻസ് പരിശീലന പരിപാടിയുടെ ഉദ്ഘാടന സമ്മേളനത്തിൽ ഫൊറോനാ വിദ്യാഭ്യാസ കോർഡിനേറ്റർ ഫാ. ഫ്രെഡി സോളമൻ അധ്യക്ഷ പ്രസംഗം നടത്തുന്നു.*



*പുല്ലുവിള ഫൊറോനാ അജപാലന ശുശ്രൂഷാ സഭാനിയമങ്ങളും കൂദാശകളും എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ ഫാ. ഗ്ലാഡിൻ അലക്സ് ക്ലാസ് നയിക്കുന്നു. സെമിനാറിന് ഫൊറാനാ കോർഡിനേറ്റർ ഫാ. അഗസ്റ്റിൻ ജോൺ, ആനിമേറ്റർ മേരി ത്രേസ്യാ മൊറായിസ് എന്നിവർ നേതൃത്വം നൽകി.*



*ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും അഖിലേന്ത്യാ സമാധാന ഐക്യദാർഢ്യ സമിതിയുടെയും ആഭിമുഖ്യത്തിൽ നടന്ന ലോക പരിസ്ഥിതി വാരാചരണത്തിന്റെ സമാപനത്തോടനുബന്ധിച്ച് വലിയതുറ സെന്റ് സേവ്യേഴ്സ് ഐടിഐ കോമ്പൗണ്ടിൽ വൃക്ഷങ്ങൾ വച്ചുപിടിക്കുന്ന പരിപാടിയുടെ ഉദ്ഘാടനം ബിഷപ്പ് ഡോ. ക്രിസ്തുദാസ് വൃക്ഷത്തൈ നട്ട് നിർവഹിക്കുന്നു*

## ഡിഫൻസ് ഉദ്യോഗസ പരിശീലനം നൽകി

**പുല്ലുവിള:** പുല്ലുവിള ഫെറോനാ വിദ്യാഭ്യാസ ശുശ്രൂഷാ സമിതിയുടെ ആഭിമുഖ്യത്തിൽ 18 വയസ്സു മുതൽ 23 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്കായി കരസേന, നാവികസേന, വ്യോമസേന എന്നീ രംഗങ്ങളിൽ ഉദ്യോഗത്തിനായി ഡിഫൻസിൽ പരിശീലനം നൽകി. ഫെറോനാ വിദ്യാഭ്യാസ കോർഡനേറ്റർ ഫാ. ഫ്രെഡി സോളമന്റെ അധ്യക്ഷതയിൽ നടന്ന പരിശീലന പരിപാടി ഫെറോനാ വികാരി ഫാ. ജോർജോ ഗോമസ് ഉദ്ഘാടനം ചെയ്തു. വിവിധ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 43 ഉദ്യോഗാർത്ഥികൾ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

## ശ്രീലങ്കൻ സ്ഫോടനം: അനാഥരായ കുഞ്ഞങ്ങളുടെ സംരക്ഷണം സഭ ഏറ്റെടുക്കുന്നു

**കൊളംബോ:** ശ്രീലങ്കയിലുണ്ടായ സ്ഫോടനത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ പുനഃരധിവാസ കാര്യത്തിൽ സഭ പ്രത്യേകം ശ്രദ്ധ ചെലുത്തുമെന്ന് കർദിനാൾ മാൽക്കം രഞ്ജിത് പറഞ്ഞു. ഈസ്റ്റർ ദിനത്തിൽ ശ്രീലങ്കയിലുണ്ടായ സ്ഫോടനങ്ങളിൽ 176കുട്ടികളാണ് അനാഥരായത്.

മൂന്ന് ക്രൈസ്തവ ദേവാലയങ്ങളിലും മൂന്ന് ആഡംബര ഹോട്ടലുകളിലുമായി ഏപ്രിൽ 21 ന് നടന്ന ഭീകരാക്രമണത്തിൽ 258 പേർ മരിക്കുകയും 500 പേർക്ക് പരുക്കേൽക്കുകയും ചെയ്തിരുന്നു. ഈ പശ്ചാത്തലത്തിൽ ഈയിടെ റോമിൽ നടത്തിയ സന്ദർശന വേളയിലാണ് അനാഥരാക്കപ്പെട്ട കുഞ്ഞുങ്ങളുടെ കാര്യത്തിൽ സഭ ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പുവരുത്തുമെന്ന് കർദിനാൾ വ്യക്തമാക്കിയത്. സ്ഫോടനത്തെക്കുറിച്ച് സഭ നടത്തുന്ന പുനരധിവാസ ശ്രമങ്ങളെക്കുറിച്ചും ഫ്രാൻസിസ് പാപ്പയുമായി ചർച്ച നടത്തിയതായും കർദിനാൾ അറിയിച്ചു.



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

ആണ്ടുവട്ടം 14-ാം ഞായർ (ജൂലൈ 7)

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

# പറയുന്നവ തന്നെ പറയുന്നു; കേൾക്കുന്നവർ തന്നെ കേൾക്കുന്നു

ഏശ. 66: 10-14c | ഗല. 6: 14-18 | ലൂക്ക. 10:1-12, 17-20

സുവിശേഷം പ്രഘോഷിക്കുന്നവർക്കുള്ള പരിശീലനവും അതോടൊപ്പം അവർ എങ്ങനെയായിരിക്കണം എന്ന സന്ദേശവുമാണ് ഇന്നത്തെ സുവിശേഷത്തിന്റെ രത്നച്ചുരുക്കം.

യേശു അനേക കാര്യങ്ങൾ പറഞ്ഞിട്ടുണ്ടെങ്കിലും ഏറ്റവും പ്രധാനമായി പറഞ്ഞിരിക്കുന്നത് പരസ്പരം സ്നേഹവും, സുവിശേഷ പ്രഘോഷണവുമാണ്. സുവിശേഷ പ്രഘോഷണത്തിനായിട്ടാണ് സഭ തന്നെ നിലക്കൊള്ളുക. സുവിശേഷ പ്രഘോഷണ കാര്യത്തിൽ ഒഴിവു കഴിവും നീക്കുപോക്കും നാം കണ്ടെത്തികൊണ്ടിരിക്കുകയാണ്. കുറെ അനുഷ്ഠാന കർമ്മങ്ങളും കുറെ ജീവകാരുണ്യ പ്രവർത്തനങ്ങളും കൊണ്ട് നാം സ്വയം പരിമിതപ്പെടുകയാണ്. ഏറ്റവും പ്രധാനം എല്ലാവരും യേശുവിനെ അറിയുക എന്നതാണ്. അറിഞ്ഞു കഴിഞ്ഞിട്ടുള്ള നടപടികളാണ് സഭയിന്നു മുഖ്യമായി ചെയ്തുകൊണ്ടിരിക്കുക. ഭാരതത്തിൽ ക്രൈസ്തവർ 2.3 ശതമാനമേ ഉള്ളൂ. അമ്പതു വർഷം മുമ്പ് 2.5 ശതമാനം ഉണ്ടായിരുന്നു. എ.ഡി 52-ൽ തുടങ്ങിയ പ്രവർത്തനം കൊണ്ട് 2000 വർഷം കഴിഞ്ഞിട്ടും ക്രിസ്തുവിനെ അറിയുന്നവർ 2.5 ശതമാനം മാത്രം. ഭാരതത്തിലെ പ്രധാന നഗരങ്ങളിലൊക്കെ ദൈവാലയങ്ങളും സ്ഥാപനങ്ങളുമായി സഭ തലയുയർത്തി നിൽക്കുന്നെങ്കിലും ഭാരതത്തിന്റെ 5000 ഗ്രാമങ്ങളിൽ ഇനിയും സുവിശേഷം എത്തിയിട്ടില്ല. ഇതു കണ്ടു കൊണ്ടായിരിക്കും യേശു പറഞ്ഞത് വിളവധികം വേലക്കാർ ചുരുക്കം. വിളഞ്ഞു കിടക്കുന്ന ഭാരത മണ്ണിൽ സുവിശേഷ വേലയ്ക്ക് അനന്ത സാദ്ധ്യതകളുള്ളപ്പോൾ നാമിന്നും ചെയ്തുകൊണ്ടിരിക്കുന്നത് സുവിശേഷം കേട്ടവരെ തന്നെ കേൾപ്പിച്ചു കൊണ്ടിരിക്കുകയാണ്. സുവിശേഷ പ്രഘോഷണത്തിന്റെ വലിയ സാദ്ധ്യതകളും ആവശ്യകതയും കണ്ടു കൊണ്ടാണ് യേശു തന്റെ ശിഷ്യർക്ക് ഐഹിക ജീവിതത്തിൽ പരിശീലനം നൽകിയത്.

ആധുനിക പ്രേഷിത പ്രവർത്തനവുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ന് നടക്കുന്നത് സുവിശേഷ പ്രഘോഷണമല്ല (gospel proclamation); സുവിശേഷ ശിക്ഷണമാണ് നടക്കുക (gospel discipline) ഇ



സഭ ലോകത്തിൽ നിലനിൽക്കുന്നത് ഒരു വലിയ ദൗത്യത്തോടുകൂടിയാണ്. ഒരു മതസമൂഹമായോ, അനുഷ്ഠാന സമ്പ്രദായങ്ങളെ നിയന്ത്രിക്കുന്ന കാര്യവിചാരകരോ ആയിട്ടല്ല നിലകൊള്ളേണ്ടത്.



ന്ന് വ്യക്തിബന്ധം സ്ഥാപിക്കുന്നില്ല; മറിച്ച് മൈക്ക് വലിച്ചു കെട്ടി വലിയ പ്രഭാഷണങ്ങൾ നടത്തുന്നു. പറയുന്നവ തന്നെ പറയുന്നു. കേൾക്കുന്നവർ തന്നെ കേൾക്കുന്നു. യേശുവിനെ അറിയാത്തവരുടെ ഇടയിൽ ഇന്ന് പ്രസംഗങ്ങൾ ഇല്ല. ഇന്നത്തെ പ്രഭാഷണങ്ങളിലൂടെ സാമ്പത്തിക, ഭൗതിക നേട്ടങ്ങൾ ഉണ്ടാകുന്നു, ഉണ്ടാക്കുന്നു. ഇന്നത്തെ ഭാഷ നിയമത്തിന്റേയും പാരമ്പര്യത്തിന്റേയും വെറും ഭക്തിയുടേതുമായി പോയി. ശാസിയ്ക്കലും, കോപിക്കലും ഭാരപ്പെടുത്തലും പ്രസംഗങ്ങളിൽ സഹജമായി. ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെ പോലെ ആകുവാൻ സാധിക്കുന്നില്ല. അതുകൊണ്ടു തന്നെ ഇന്നത്തെ സുവിശേഷ പ്രസംഗങ്ങൾ കൊണ്ടോ, പ്രേഷിത പ്രവർത്തനങ്ങൾ കൊണ്ടോ വിജാതീയരെ, അക്രൈസ്തവരെ ആകർഷിയ്ക്കുവാനാവുന്നില്ല. വെറും മതപ്രസംഗങ്ങളല്ലാതെ യേശുവിനെ ആകർഷിക്കുവാനും, ആകർഷിപ്പിക്കുവാനും പറ്റിയ പ്രസംഗങ്ങളില്ല. തങ്ങളുടെ പാരമ്പര്യങ്ങളും കീഴവഴക്കങ്ങളും നിലനിർത്താനും സാമ്പത്തിക നേട്ടം കൈവരിക്കുവാനും മാത്രമേ ലക്ഷ്യമിടുന്നുള്ളൂ. സുവിശേഷപ്രസംഗങ്ങൾ അനാകർഷങ്ങളുമായി ഇവയ്ക്കൊരു ബദൽ ശൈലിയാണ് യേശുവിന്റെ ഇന്നത്തെ സുവിശേഷത്തിലെ സന്ദേശം.

ജനങ്ങളോട് പ്രസംഗിയ്ക്കാനും, ജനങ്ങളെ ദൈവരാജ്യത്തിന്റെ അംഗങ്ങളാക്കാനുമുള്ള പരിശീലനാർത്ഥമാണ് യേശു ശിഷ്യരെ അയയ്ക്കുക. ആരെയും നിർബന്ധിച്ച് ഒരു മതത്തിലേയ്ക്ക് പ്രവേശിപ്പിയ്ക്കരുതെന്ന് വിചാരിച്ചു കൊണ്ടാണ് യേശു പറഞ്ഞത്. നിങ്ങൾ ഒരു വീട്ടിൽ പ്രവേശിച്ചാൽ അവിടെയായിരിക്കുക. ആരെങ്കിലും സ്വീകരിച്ചില്ലെങ്കിൽ അവിടെ നിന്നും അടുത്ത വീടുകളിലേയ്ക്ക് പോകുക. നിർബന്ധമോ, സ്വാധീനമോ ഒന്നും സുവിശേഷപ്രഘോഷണത്തിലുണ്ടായിരിക്കരുത്. എന്ന് വച്ച് സുവിശേഷം പ്രഘോഷിക്കാതെയുമിരിക്കരുത്.

സഭ ലോകത്തിൽ നിലനിൽക്കുന്നത് ഒരു വലിയ ദൗത്യത്തോടു കൂടിയാണ്. ഒരു മതസമൂഹമായോ, അനുഷ്ഠാന സമ്പ്രദായങ്ങളെ നിയന്ത്രിക്കുന്ന കാര്യവിചാരകരോ ആയിട്ടല്ല നിലകൊള്ളേണ്ടത്. കഴിഞ്ഞ 20 നൂറ്റാണ്ടുകളിലൂടെ ഭക്തന്മാരും, വിശുദ്ധൻമാരും മാത്രം പറഞ്ഞവയും അനുഷ്ഠിച്ചവയും ആവർത്തിച്ചുകൊണ്ട് പ്രധാന ദൗത്യത്തെ മറന്നു പോകുന്നുണ്ടോ എന്ന് ചിന്തിക്കേണ്ടതുണ്ട്. അനുഷ്ഠാനങ്ങൾ നടത്തിയും, തീർത്ഥാടന കേന്ദ്രങ്ങൾ മത്സരിച്ച് പ്രഖ്യാപിച്ചും സന്ന്യാസസഭകൾ വഴികൂടാതെ ധ്യാനപ്രസംഗങ്ങൾ നടത്തിയും മടിശ്ശീലയും സഞ്ചിയും നാം വീർപ്പിക്കുകയാണോ ?

രോഗികളെ കൂടുതൽ മാനസിക രോഗികളാക്കണമോ? പാപികൾക്ക് ഒരിക്കലും മോചനമില്ലാത്ത പാപബോധം വർദ്ധിപ്പിച്ചും കൈയിൽ കിട്ടിയ കുഞ്ഞാടുകളെ മാത്രം കശക്കി ജീവിയ്ക്കുയാണോ? സുവിശേഷത്തിൽ നിന്നും ഒത്തിരി അകലെയാണ് നാമിന്ന് നിൽക്കുന്നതെന്ന് ആരും അറിയുന്നില്ല. അറിയുന്നെങ്കിൽ തന്നെ അറിയാത്ത ഭാവത്തിൽ ജീവിക്കുന്നു.

വി.ലൂക്കായുടെ സുവിശേഷത്തിൽ ശിഷ്യരെ അയക്കുന്ന രണ്ടു രംഗങ്ങളിൽ രണ്ടാമത്തേതാണ് ലൂക്കാ 10 : 1–10 ലുള്ളത്. ഇവിടെ 72 പേരെ അയക്കുന്നത് ഇസ്രായേൽക്കാർ അല്ലാത്തവരുടെ പക്കലേക്ക് അയ്ക്കുന്ന രംഗമാണ് സൂചിപ്പിക്കുക. വിജാതീയരുടെ പക്കലേക്ക് അയ്ക്കപ്പെടുന്നതിനാലാണ് യേശു കൂടുതൽ ശ്രദ്ധ വയ്ക്കുക. കാരണം ഇനിയും യേശുവിനെ അറിയാത്തവർ അറിയണമെന്നുള്ളതാണ് യേശു ആഗ്രഹിയ്ക്കുക. ലോകം യേശുവിനെ അറിയാൻ ആഗ്രഹിക്കുന്നു. സമരിയാക്കാരി യേശുവിനെ ലോകഗുരുവായി പട്ടണങ്ങളിലുള്ളവരെ അറിയിച്ചതു പോലെ ലോകം യേശുവിനെ അറിയണം. വിളവ് അധികം വിളഞ്ഞ് കിടക്കുന്നു. എല്ലാവരും അയ്ക്കപ്പെട്ടവരരായിരിക്കണം. ആർക്കും യേശുവിനെ അറിയിക്കാതിരിക്കാൻ ഒഴിവുകഴിവില്ല. സുവിശേഷ വേലയ്ക്ക് ഇറങ്ങി തിരിക്കുന്നവർ കുഞ്ഞാടിന്റെ നിഷ്കളങ്കതയോടു കൂടി ജീവിക്കുകയും, പ്രവർത്തിക്കുകയും വേണം. ലക്ഷ്യത്തിൽ നിന്നും പിന്തിരിയാതെ അഭിവാദ്യം പറഞ്ഞും, ആശംസകൾ പറഞ്ഞും നടന്നാൽ മതിയാകുന്നില്ല ആരെയൊക്കെ കണ്ടുമുട്ടുന്നുവോ അവർക്ക് സമാധാനം ആശംസിച്ച് യേശുവിന്റെ സമാധാനം എല്ലാവർക്കും കൊടുക്കണം. സ്വികരണം ഏറ്റുവാങ്ങി ഡിമാന്റുകൾ മാത്രം പറഞ്ഞ് ജീവിക്കാനല്ല സുവിശേഷകരാകുക. നമ്മുടെ ദൗത്യം വിജയിക്കുകയോ, വിജയിക്കാതിരിക്കുകയോ ചെയ്യാം. എന്നാൽ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിവില്ല, ദൈവരാജ്യം പ്രസംഗിക്കപ്പെടുക എന്നത് ക്രൈസ്തവന്റെ ധർമ്മമാണ്. ഈ ഒരൊറ്റ ലക്ഷ്യമായിരുന്നു യേശുവിന് ഉണ്ടായിരുന്നത്. ദൈവത്തിന്റെ രാജ്യവും ഭരണവും ഭൂമിയിലുണ്ടാവുക. പ്രേഷിത പ്രവർത്തനത്തിലൂടെ മാത്രമേ നടക്കൂ. ■

നീർച്ചാലുകൾ

റവ. ഡോ. ഡൈസൻ

# ആരാണ് അയൽക്കാരൻ ?

നിയ. 30: 10–14 | കൊളോ. 1:15–20 | ലൂക്ക. 10: 25-37



സ്വാർത്ഥയില്ലാതെ നന്മ ചെയ്യുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. ഈ ലോകം നിലനിന്നു പോകുന്നത് നല്ല അയൽക്കാർ ഉള്ളതുകൊണ്ടാണ്.

ഒരു നേരത്തെ ആഹാരത്തിനു പോലും വകയില്ലാതെ കീറിയ വസ്ത്രം ധരിച്ച്, തണുപ്പത്ത് വിറങ്ങലിച്ച് വഴിയോരത്തിൽ നില്ക്കുന്ന പെൺകുട്ടിയെ കണ്ടപ്പോൾ സാമൂഹ്യസേവകന് മനം നൊന്തു. ഉഗ്രകോപത്തോടെ അവൻ ദൈവത്തെ നോക്കി ആക്രോശിച്ചു: അങ്ങ് എന്തിന് ഇതനുവദിക്കുന്നു? ഈ കുഞ്ഞിന് സ്വന്തമെന്ന് പറയാൻ ആരുമില്ല, ആഹാരമില്ല, നല്ല വസ്ത്രമില്ല! ഇവൾക്ക് വേണ്ടി അങ്ങ് എന്തെങ്കിലും ചെയ്തു കൂടെ? നീണ്ട മൗനത്തിനുശേഷം ദൈവം അവനോട് പറഞ്ഞു: ഈ കുട്ടിയുടെ കാര്യത്തിൽ ഞാൻ ചിലത് ചെയ്തിട്ടുണ്ട് . സാമൂഹ്യസേവകൻ ചോദിച്ചു: അങ്ങ് എന്താണ് ചെയ്തത്? ദൈവം ഉത്തരം നല്കി. ഈ കുട്ടിയുടെ കാര്യം നോക്കുവാൻ വേണ്ടിയാണ് ഞാൻ നിന്നെ സൃഷ്ടിച്ചത്! ദൈവം നമ്മെ ഈ ലോകത്ത് സൃഷ്ടിച്ചത് പരസ്പരം നല്ല അയൽക്കാരാകാൻ വേണ്ടിയാണ്. അപകടത്തിൽപ്പെട്ടവൻ ശത്രുവായാൽ പോലും അവന്റെ ജീവനെ രക്ഷിക്കുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. യഥാർത്ഥ മനുഷ്യത്വവും സ്നേഹവും എന്താണെന്ന് സ്വന്തം ജീവിതത്തിലൂടെ കാണിച്ചു തരുന്ന സമറിയക്കാരൻ നമുക്ക് ഏവർക്കും അനുകരിക്കാവുന്ന ഏറ്റവും നല്ല മാതൃകയാണെന്ന് ഉപമ ചൂണ്ടിക്കാണിക്കുന്നു.

ജെറുസലേമിൽ നിന്ന് ജെറിക്കോയിലേക്കു പോകുന്ന പാതയ്ക്ക് 25 കിലോമീറ്ററിലധികം ദൂരമുണ്ട്. ബറാബ്ബാസ്പോലുള്ള കുപ്രസിദ്ധരായ കവർച്ചകാരുടെ താവളമായിരുന്നു ഈ പാത. അനേകം യാത്രക്കാരുടെ രക്തം കൊണ്ട് പങ്കിലമായിരുന്നു ഈ വഴി. അതുകൊണ്ട് ഈ വഴിക്ക് രക്തത്തിന്റെ പാത യെന്ന് പേരുണ്ടായിരുന്നു! ഈ വഴിയിലൂടെ യാത്ര ചെയ്ത മനുഷ്യൻ കവർച്ചക്കാരുടെ കൈയ്യിൽ അകപ്പെട്ടു. അവർ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞെടുത്ത്, അവനെ പ്രഹരിച്ച് അർദ്ധപ്രണനാക്കിട്ടു പൊയ്ക്കളഞ്ഞു! രക്തത്തിൽ കുളിച്ച് ജീവനുവേണ്ടി മല്ലിടുമ്പോൾ അശുദ്ധിയുടെ പേരിൽ പുരോഹിതനും, ലേവായനും അവനെ ഉപേക്ഷിച്ച് ദൈവാലയ ശുശ്രൂഷയ്ക്ക് പോയി. ചെയ്യാൻ സാധിക്കുമായിരുന്ന നന്മ ചെയ്യാതെയും ദൈവഹിതത്തിനു വിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുക വഴി ദൈവശുശ്രൂഷ ചെയ്യുന്നതിനു അയോഗ്യരായി തീരുകയാണ്. ആപത്തിൽപ്പെട്ട സഹോദരന്റെ ജീവൻ രക്ഷിക്കാൻ സാധിക്കുമായിരുന്നിട്ടും, അതു ചെയ്യാതിരിക്കുന്നത് കൊല്ലുന്നതിനു തുല്യമാണ്. അതേ സമയം അതു വഴി കടന്നു വന്ന സമറിയാക്കാരനും അശുദ്ധിയുടെ നിയമം ബാധകമാണ് (ലേവ്യ: 21:11). എങ്കിലും ജീവൻ രക്ഷിക്കുന്നതാണ് സുപ്രധാനമെന്ന തിരിച്ചറിവാണ് മരണത്തിന്റെ വക്കിലെത്തിയ ഒരു യഹൂദനെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സമറിയാക്കാരനെ പ്രേരിപ്പിച്ചത്.

പരസ്പരം സമ്പർക്കമില്ലാതെ ശത്രുതയിൽ കഴിഞ്ഞവരാണ് യഹൂദരും സമറിയാക്കാരും (യോഹ 4:9). യേശുവിനെ പോലും സ്വീകരിക്കാൻ തയ്യാറാകാത്തവരായിരുന്നു സമറിയാക്കാർ (ലൂക്ക 9:53). അവരെ സ്വർഗ്ഗത്തിൽ നിന്ന് അഗ്നി ഇറക്കി നശിപ്പിക്കാൻ തിടുക്കം കൂട്ടിയത് യാക്കോബും യോഹന്നാനുമായിരുന്നു (ലൂക്കാ 9:54). വിജാതിയരെക്കാൾ നികൃഷ്ടരായിട്ടാണ് യഹൂദർ സമറിയാക്കാരെ കണ്ടിരുന്നത്. ഇവർ തമ്മിലുള്ള ശത്രുതയ്ക്ക് പ്രധാനപ്പെട്ട കാരണം. സമറിയാക്കാർ അബ്രഹാത്തിന്റെ സന്തതി പരമ്പരയിൽപ്പെട്ടവരാണ്. ബാബിലോണിയൻ വിപ്രവാസത്തിലായിരുന്നപ്പോൾ വിജാതീയരുമായി വിവാഹബന്ധത്തിലേർപ്പെട്ട് ഒരു സങ്കരജനതയായി തീർന്നു. ഇങ്ങനെയുള്ളവരെ യഹൂദർ കണ്ടത് വർഗ്ഗ ശത്രുക്കളായിട്ടാണ്. ആപത്തിൽപ്പെട്ട് നിലവിളിക്കുന്നവന്റെ മുമ്പിൽ ജാതിയും, വർണ്ണവും, വർഗ്ഗവും നോക്കാതെ ജീവൻ രക്ഷിക്കാൻ മുന്നോട്ടു വന്ന സമറിയാക്കാരൻ നല്ല അയൽക്കാരനാണ്. ദുരിതം അനുഭവിക്കുന്ന മനുഷ്യരെ അവഗണിച്ച്, അവർക്ക് ചെയ്യേണ്ട നന്മ

ചെയ്യാതെ ദൈവലായത്തിന്റെ പേര് പറഞ്ഞ് ഒഴിഞ്ഞ് മാറുന്നവർ കപടഭക്തരാണ്. പ്രാണനുവേണ്ടി നിലവിളിക്കുന്നവരിൽ യേശുവിന്റെ നിലവിളി കേഴ്ക്കുവാനാവണം! നാം ജീവിക്കുന്ന ഈ ലോകത്തിൽ ആരാണ് യഥാർത്ഥ അയൽക്കാരൻ?

1. **നന്മ ചെയ്യുന്നവനാണ് നല്ല അയൽക്കാരൻ**: സ്വാർത്ഥയില്ലാതെ നന്മ ചെയ്യുന്നവനാണ് യഥാർത്ഥ അയൽക്കാരൻ. ഈ ലോകം നില നിന്നു പോകുന്നത് നല്ല അയൽക്കാർ ഉള്ളതുകൊണ്ടാണ്. അവധികാലം ചിലവഴിക്കാൻ ടോണി ദൈവത്തിന്റെ സ്വന്തനാടായ കേരളത്തിലെത്തി. ഫോർട്ട് കൊച്ചി സൗത്ത് കടൽപ്പുറത്തെ മാലിന്യകുമ്പാരം കണ്ട് അമ്പരന്നു. എല്ലാ ദിവസവും രാവിലെ 6 മുതൽ 9 മണി വരെ കടൽപ്പുറം ശുചിയാക്കി അവിടെ ഒരു ബോർഡ് സ്ഥാപിച്ചു: നിങ്ങളുടെ മക്കൾക്കു വേണ്ടി നിങ്ങളും ഇതു ചെയ്യുക . നമുക്ക് ആരും അല്ലാത്ത ടോണി നന്മ ചെയ്യുന്നതിലൂടെ നമ്മുടെ അയല്ക്കാരനായി മാറി. ഒറ്റദിവസം 20101 ചെടികൾ നട്ട് ഭൂമിയുടെ പച്ചപ്പ് നിലനിറുത്താൻ ശ്രമിച്ച മുഹമ്മദ് യുസഫ് നല്ല അയൽക്കാരനാണ്. ഇന്ത്യയിലെ 32 പട്ടണങ്ങളിൽ വിശപ്പനുഭവിക്കുന്ന ലക്ഷക്കണക്കിനാൾക്കാർക്ക് ആഹാരം എത്തിക്കാൻ 2000 മുകളിൽ ചെറുപ്പക്കാർ ഫിഡിങ്ങ് ഇന്ത്യ എന്ന സംഘടനയിൽ അംഗങ്ങളായിരുന്നു പിന്നിൽ അങ്കിത് കാവത്രയെന്ന നല്ല അയൽക്കാരനാണ്. ഗാന്ധിജിയും, മദർ തെരേസായും, വിൻസന്റ് ഡി പോളും നല്ല അയൽക്കാർ ആരാണെന്നുള്ളതിന് മാതൃകളാണ്. നന്മ ചെയ്യുന്നവർ നല്ല അയൽക്കാരാണ്. അവരുടെ എണ്ണം കൂടുംന്തോറും ഈ ലോകം ഒരു പറുദീസായായി മാറുന്നു. പ്രകൃതിയിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ കനികൾ നീട്ടുന്ന മരങ്ങളും, പാൽ ചുരത്തുന്ന കന്നുകാലികളും, മഴയായി പെയ്യുന്ന മേഘങ്ങളും, ചൂടും വെളിച്ചവും നല്കുന്ന സൂര്യനും ചന്ദ്രനും എല്ലാം നല്ല അയൽക്കാരാണ്. ആ പ്രകൃതിയെ നശിപ്പിക്കാതെ ഭാവി തലമുറക്കുവേണ്ടി അതിനെ സംരക്ഷിക്കുന്നവനാണ് ഇന്നിന്റെ സാഹചര്യത്തിൽ യഥാർത്ഥ അയൽക്കാരൻ.

2. **അപരനെ സഹോദരനായി കാണുന്നവനാണ് നല്ല അയൽക്കാരൻ:** ആരുമല്ലാത്ത വ്യക്തികൾ ആപത്തിൽപെടുമ്പോൾ അവരെ മാംസത്തിന്റെ മാംസമായി കണ്ട് സഹായഹസ്തം നീട്ടുന്നവനാണ് യഥാർത്ഥ അയൽക്കാരനും, കൂടപ്പിറപ്പും. പ്രളയം കേരളത്തെ വിഴുങ്ങുമ്പോൾ തങ്ങളുടെ ആരുമല്ലാത്ത അനേകരെ തങ്ങളുടെ കൂടെപ്പിറപ്പായി കണ്ട് അവരുടെ ജീവൻ രക്ഷിച്ച മത്സ്യത്തൊഴിലാളികൾ യഥാർത്ഥ അയൽക്കാരാണ്. ഭാരിച്ച കുരിശു വഹിച്ച് മനുഷ്യകുലത്തെ രക്ഷിക്കാൻ വേണ്ടി കാൽവരിയാത്രയിൽ കുരിശു താങ്ങി സഹായിച്ച ശിമയോനും, മുഖം തുടച്ച് ആശ്വാസം നല്കിയ വേറേനിക്കയും, യേശുവിന്റെ വേദനയിൽ കണ്ണുനീർ തൂകിയ ജറുസലേം സ്ത്രീകളും നല്ല അയൽക്കാരാണ്. മറ്റുള്ളവരുടെ സഹനത്തിൽ, ദു:ഖത്തിൽ പങ്കാളികളാകുകയും അവരുടെ മുറിവുകളെ സ്പർശിക്കാൻ തക്കവിധം അവരെ സമീപിക്കുകയും, എല്ല അകലങ്ങളെയും മറന്ന്, അവരുമായി അടുക്കുന്നവരാണ് നല്ല അയൽക്കാർ. യുദ്ധമുഖത്ത് ജീവനു മല്ലടിച്ച അനേകരെ ശുശ്രൂഷിക്കുകയും, ജീവനിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്ത ഫ്ളോറൻസ് നൈറ്റിംഗേലും നല്ല അയൽക്കാരിയാണ്. ആപത്തിൽപ്പെടുന്ന വ്യക്തികളെ സഹായിക്കുന്ന ഓരോരുത്തരും നല്ല അയൽക്കാരും കൂടപ്പിറപ്പുകളുമാണ്. ശത്രുതയിൽ കഴിയുന്ന സഹോദരങ്ങൾക്ക് നന്മ ചെയ്യുന്നവനും നല്ല അയൽക്കാരനാണ്. കൂടെപ്പിറപ്പായിരുന്നിട്ടും സഹോദരങ്ങളുടെ ഏറ്റവും കൂടുതൽ ക്രൂരത ഏറ്റുവാങ്ങിയ വ്യക്തിയാണ് പൂർവ്വപിതാവായ യൗസേപ്പ്. തന്നെ ദ്രോഹിച്ച സഹോദരങ്ങളോട് പ്രതികാരം ചെയ്യാതെ അവരെ വലിയ ക്ഷാമത്തിൽ നിന്ന് രക്ഷിക്കുകയും, അവരെ ഈജിപ്തിൽ ഉന്നതരാക്കുകയും ചെയ്ത പൂർവ്വ പിതാവായ യൗസേപ്പാണ് യഥാർത്ഥ കൂടെപ്പിറപ്പും, അയൽക്കാരനുമാണ്. സഹോദരനെ വഞ്ചിച്ച യാക്കോബ് വർഷങ്ങൾക്ക് ശേഷം മൂത്ത സഹോദരനായ ഏസാവിനെ കാണാൻ എത്തുമ്പോൾ, ഏസാവ് അവനെ ഹർദ്ദവമായി സ്വീകരിച്ചതു കണ്ടപ്പോൾ യാക്കോബ് അവനിൽ കാണുന്നത് ദൈവത്തിന്റെ മുഖമാണ്. ശത്രുവായി കാണുന്ന സഹോദരങ്ങളുടെ മുഖത്തിൽ ദൈവത്തെ കാണുവാൻ തുടങ്ങുമ്പോൾ അവൻ കൂടെപ്പിറപ്പും അയൽക്കാരനുമായി മാറുകയാണ്.

3. **കരുണ കാണിക്കുന്നവനാണ് നല്ല അയൽക്കാരൻ**. യേശു പ്രഘോഷിച്ച സുവിശേഷങ്ങളുടെ അകക്കാമ്പ് കരുണയാണ്. ദൈവത്തിന്റെ നാമമാണ് കരുണയെന്നും, ദൈവത്തിന്റെ തിരിച്ചറിയൽ കാർഡാണ് കരുണയെന്നും ഫ്രാൻസിസ് പാപ്പ പറയുന്നു. മനുഷ്യരോടുള്ള കാരുണ്യം കൊണ്ടാണ് ദൈവം മനുഷ്യനായതും, മനുഷ്യരെ രക്ഷിച്ചതും. ദൈവം നമ്മുടെ സ്രഷ്ടവാണെങ്കിലും, മനുഷ്യനായതിലൂടെ നമ്മുടെ വേദനകളിൽ ദു:ഖങ്ങളിൽ പങ്കാളിയായതിലൂടെ നമ്മുടെ ഏറ്റവും നല്ല അയൽക്കാരനുമായെന്ന് പറയുവാൻ സാധിക്കും. പാപികളായ നമുക്ക് രക്ഷയുടെ വാതിൽ തുറന്നു തന്നതിലൂടെ ദൈവത്തിന്റെ കാരുണ്യം നാം അനുഭവിക്കുന്നു. കർത്താവ് എല്ലാം പൊറുക്കുന്നില്ലെങ്കിൽ, ഈ ലോകം നിലനില്ക്കുകയില്ല. ദൈവവചനം പറയുന്നു കർത്താവേ അങ്ങ് ഞങ്ങളുടെ പാപങ്ങളുടെ കണക്കുവച്ചാൽ ആർക്ക് ഈ ലോകത്തിൽ നിലനില്ക്കാൻ സാധിക്കും (സങ്കീ 130:3). ദൈവത്തിന്റെ കരുണയെ കൂടാതെ ഈ ലോകത്തിന് നിലനില്ക്കാൻ സാധിക്കുകയില്ല. ദൈവത്തെപ്പോലെ നമ്മോട് കരുണ കാണിക്കുന്ന നല്ല അയൽക്കാരൻ ആരുണ്ട്? അനുദിന ജീവിതത്തിൽ സഹജരോട് കരുണ കാണിക്കുന്ന വ്യക്തികളും നല്ല അയൽക്കാരാണ്. ഉപമയിൽ മുറിവേറ്റ് വഴിവക്കൽ കിടക്കുന്നവനോട് കരുണ കാണിച്ച സമറിയാക്കാരൻ നല്ല അയൽക്കാരനാണ്.

ഏറ്റവും മാരകമായ മുറിവേറ്റവരെ ശുശ്രൂഷിക്കുന്ന യുദ്ധകളത്തിലെ ആശുപത്രിയായ സഭ ഉപമയിൽ മുറിവേറ്റവരെ പരിചരിക്കുന്ന സത്രത്തിനു തുല്യമാണ്! നല്ല അയൽക്കാരൻ യേശുവാണ്. യേശുവിന്റെ രണ്ടാം വരവിൽ സ്വർഗ്ഗത്തിൽ പോകാൻ സഭ സജ്ജമാകണമെന്നുള്ള യഥാർത്ഥ്യം മനസ്സിലാക്കി നമ്മൾ പരസ്പരം നല്ല അയൽക്കാരായി ജീവിക്കാം. ■

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# സ്നേഹത്തിന്റെ തീൻമേശകൾ

ഉൽ. 18: 1-10a | കൊളോ. 1: 24-28 | ലൂക്ക. 10: 38-42

വേനലിന്റെ ശരീരം തണുക്കവേ, കിളികൾ തണുവാർന്ന മരശിഖരത്തിൽ ചേക്കേറവേ, സൂഫി ആ കവിത പാടി:
"വേദനകളുടെ വിസ്തൃതവഴികളിൽ
നടന്നുതളരുമ്പോൾ
ഒരു പുഞ്ചിരിയെങ്കിലും പൊഴിക്കാൻ
ആളില്ലാതെ വരുമ്പോഴാണ്
നാം ശരിക്കും നിസ്വമാവുന്നത്"

ഈ ഗാനം നമ്മെ വല്ലാതെ ഉലയ്ക്കുന്നുണ്ട്. സ്നേഹത്തിന്റെ തീൻമേശക്കൂട്ടുകൾ തിരികെ വരുന്ന ഒരു കാലത്തിനായി നാം കാത്തിരിക്കുകയാണ്. ഓക്കുമരത്തോപ്പിനു സമീപം കണ്ട മൂന്നാളുകളെ അബ്രഹാം ഭക്ഷണത്തിനു ക്ഷണിക്കുന്നു. ഞാൻ നല്കുന്ന അപ്പം ഭക്ഷിച്ച് വിശപ്പടക്കിയിട്ട് യാത്ര തുടർന്നാൽ മതിയെന്ന അബ്രാഹത്തിന്റെ കാരുണ്യമൊഴി. വയർ നിറച്ചുകളയുന്ന അന്ന വിചാരം മൂന്നുപേർക്ക് ഭക്ഷിക്കാൻ മാത്രം ഒരു ഇളം കാളക്കുട്ടിയെ മുറിക്കുന്നു. അരുണാചൽ പ്രദേശ്കാരുടെ മൃഗമാണ് മിഥുൻ. വിശേഷാവസരത്തിൽ വിലപിടിപ്പുള്ള മിഥുനെ അറുത്ത് ഗ്രാമവാസികൾക്കെല്ലാം പങ്കുകൊടുക്കും. ഗ്രാമീണതയുടെ ഗോത്രവർഗങ്ങളുടെ ഇനിയും കൈവിട്ടുപോയിട്ടില്ലാത്ത നന്മയുടെ അടയാളങ്ങൾ.

ആ മൂന്നുപേർ ദൈവദൂതന്മാരായിരുന്നു. മൂന്നിടങ്ങഴി മാവുകൊണ്ട് കരുതലിന്റെ അപ്പം ഉണ്ടാക്കിയ സാറ. അവൾ കൂടാരത്തിലിരുന്ന് അപ്പം ഉണ്ടാക്കി അബ്രാഹത്തിന്റെ അടുക്കൽ കൊടുത്തുവിട്ടു. വസന്തകാലത്തിന്റെ ദളങ്ങൾ വിടരുമ്പോൾ ആനന്ദഭരിതമായി കുയിലുകൾ പാടുന്നപോലെ, വസന്തത്തിൽ ദൈവം തിരിച്ചുവരുമത്രേ, അപ്പോൾ സാറയുടെ ഉദരം അനുഗ്രഹിക്കപ്പെടും. മരവും ഇലകളും ഉണങ്ങിയാൽപ്പിന്നെ അത് അടർന്നുവീഴുമെന്നല്ലാതെ ഒരു വസന്തംകൂടി അതിന് സ്വപ്നം കാണാനാകുമോ? വാർദ്ധക്യത്തിന്റെ അടരുകളോടെ, ചുക്കിച്ചുളുങ്ങിയ ഉദരത്തോടെ നില്ക്കുന്ന സാറയ്ക്കാണ് സന്താനഭാഗ്യം. വിശ്വസിക്കാമോ? ദൈവത്തെക്കുറിച്ച് എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്ന ആളാണല്ലോ നിരീശ്വരൻ. വാഗ്ദാനം ചെയ്യപ്പെട്ടപോലെ ഒരു മകൻ അവർക്ക് പിറന്നല്ലോ.



യേശു മുന്നറിയിപ്പില്ലാതെയാണ് വരുന്നത്. അതുകൊണ്ടുതന്നെ മാർത്തയ്ക്ക് തിടുക്കമുണ്ട്, സഹായം ആവശ്യമുണ്ട്. മാർത്ത ഓടി നടക്കുന്നു. മറിയം സ്വസ്ഥമായി ഇരിക്കുന്നു. മാർത്തയുടേത് ലോകത്തിന്റെ വ്യഗ്രത മറിയത്തിന്റേത് ആത്മീയ ഉൽക്കർഷം.

## മാർത്തയുടെ സ്മാർത്തവിചാരം

രാമവർമ്മ മഹാരാജാവ് തന്റെ കൂട്ടാളികളെ ഒന്ന് പരീക്ഷിക്കാൻ തീരുമാനിച്ചു. "ഈ പായസത്തിനു വല്ലാത്ത കയ്പാണ്" രാജാവ് പായസം നമിച്ചുകൊണ്ട് പറഞ്ഞു.

രാജാവ് പായസം താഴെ വച്ചപ്പോൾ ബാക്കിയുള്ളവരും " അയ്യോ ... ഭയങ്കര കയ്പ്" എന്നും പറഞ്ഞ് അവരും പായസം താഴെ വച്ചു. അപ്പോൾ അതാ നമ്മുടെ കുഞ്ചൻ നമ്പ്യാർമാത്രം പായസം തൊട്ടു നുണയുന്നു. എല്ലാവരും ആശ്ചര്യപ്പെട്ടു. മഹാരാജാവ് "ഈ കയ്പുള്ള പായസം എങ്ങനെ നിങ്ങൽ കുടിക്കുന്നു" നമ്പ്യാർ പറഞ്ഞു "അടിയന്, ഈ കയ്പ് വളരെ ഇഷ്ടമാണ്. പായസത്തിന് കയ്പാണെന്ന് മഹാരാജാവ് പറഞ്ഞത് വെറുതെയാണ്. എല്ലാവർക്കും അറിയാമായിരുന്നു. ഇപ്പോൾ രാജാവിന്റെ മുമ്പിൽ അവർ ഇളിഭ്യരായി. യേശുവിന് വിരുന്നൊരുക്കിയിട്ടും അവന്റെ മുമ്പിൽ ഇളിഭ്യയായവൾ മാർത്ത.

മാർത്ത ഒരു വിധവയായിരുന്നു. കൂടെ കൊച്ചനുജത്തി മറിയവും പാവപ്പെട്ട മാർത്തയ്ക്ക് യേശുവിന് വിരുന്നൊരുക്കൽ വളരെ ചെലവേറിയ കാര്യമാണ്. ക്രിസ്തു മാത്രമല്ലല്ലോ. മുട്ടാളന്മാരായ 12 ശിഷ്യന്മാരും കൂടെയുണ്ടല്ലോ. ക്രിസ്തുവിനാകട്ടെ തന്റെ തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിൽ കുറച്ചുവിശ്രമം വേണം. യേശുവിന് സ്വന്തം കുടുംബം പോലെയാണ് ആ ഭവനം. 'ക്രിസ്തു ജീവിക്കുന്നു' എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പോസ്തലിക ആഹ്വാനത്തിൽ

പറയുന്ന 'സിനൊഡിയ' ആണത്. ജറുസലേമിലേക്ക് യാത്ര ചെയ്യുന്ന തിരുക്കുടുംബം ഉൾപ്പെടെയുള്ള വിശാലമായ ഒരു സമൂഹം അതുകൊണ്ടാണല്ലോ. യേശു യാത്രാസംഘത്തിന്റെ കൂടെക്കാണുമെന്ന് മാതാപിതാക്കൾ ധൈര്യപ്പെട്ടത്. ഒരിക്കലും യേശു അമ്മയുടെ അടുക്കൽവന്ന് ഭക്ഷിക്കുന്നതു നാം കാണുന്നില്ല. പോകുന്ന വഴികളിൽ ഭേദങ്ങളില്ലാതെ എവിടെയും ചെന്ന് അവൻ അതിഥിയാകും. അവന് ഒരല്പം ഭക്ഷണം മാത്രം മതി. അതുകൊണ്ടാണല്ലോ ഭക്ഷണവിഭവങ്ങൾകൊണ്ട് ഊട്ടുമേശ നിറക്കാൻ ഒരുങ്ങുന്ന മാർത്തയുടെ ഭാഗത്തെക്കാൾ ചെറിയ വചനമേശയ്ക്കരികിൽ ഇരിക്കുന്ന മറിയത്തിന്റെ ഭാഗം ശരിയാണെന്ന് യേശു പ്രസ്താവിക്കുന്നത്. ആയിരങ്ങളോട് പ്രസംഗിച്ച വചനം ഇതാ പാദാന്തികത്തിലിക്കുന്ന ഒരു പെൺകുട്ടിക്ക് യേശു പറഞ്ഞുകൊടുക്കുന്നു.

യേശു മുന്നറിയിപ്പില്ലാതെയാണ് വരുന്നത്. അതുകൊണ്ടുതന്നെ മാർത്തയ്ക്ക് തിടുക്കമുണ്ട്, സഹായം ആവശ്യമുണ്ട്. മാർത്ത ഓടി നടക്കുന്നു. മറിയം സ്വസ്ഥമായി ഇരിക്കുന്നു. മാർത്തയുടേത് ലോകത്തിന്റെ വ്യഗ്രത മറിയത്തിന്റേത് ആത്മീയ ഉൽക്കർഷം..

ആ കാലഘട്ടത്തിലെ ഇസ്രായേലിന്റെ ആതിഥ്യമര്യാദ സമ്പ്രദായത്തെ അതേ ഉപചാരതയോടെ നടത്തുകയാണ് മാർത്ത. മാർത്തയുടെ പരാതി പറച്ചിൽ തെറ്റൊന്നുമില്ല. അവൾ അനുജത്തിയുടെ സഹായം തേടിയതേയുള്ളൂ. യേശു മാർത്തയുടെ ഭക്ഷണം വേണ്ടെന്നും വച്ചില്ല. രണ്ടു ഭാഗങ്ങളിൽ കൂടുതൽ ശരി മറിയത്തിന്റെ ദൈവാരാധനയുടെ പക്ഷമാണെന്ന് യേശു ഓർമ്മപ്പെടുത്തുന്നു.

മാർത്ത - മാർത്ത

മാർത്ത - മാർത്ത ... എന്ന് അവളുടെ പേര് ആവർത്തിച്ചുവിളിക്കുന്ന യേശു അവളോടുള്ള തന്റെ സ്നേഹം പ്രകടിപ്പിക്കുകയും ഒപ്പം അവളെ അവളുടെ വ്യഗ്രതകളുടെ ലോകത്തുനിന്ന് ഉണർത്തുകയാണ്. ഭക്ഷണത്തെക്കാൾ പ്രധാനം വിശ്വാസമാണെന്ന്.

എപ്പിക്റ്റെറ്റസ് പറയുന്നതുപോലെ 'നീ ശവവും പേറി നടക്കുന്ന ചെറിയൊരു ആത്മാവാകുന്നു' ശരീരം, ഭോഗം ഇവയെക്കാൾ പ്രധാനമാണ് ആത്മാവ്. ക്രിസ്തുവിന് സഹിക്കേണ്ടിവന്ന പീഡകളുടെ പീഢകളുടെ കുറവ് സ്വന്തം ശരീരത്തിൽ നികത്തുകയാണ് പൗലോസ്.

" ആതിഥേയത്വമില്ല
ഇതന്നഫാലയം
ഒരതിഥിപോലും വരുന്നില്ല
വയ്ക്കുവാനും വിളമ്പുവാനുമാരുമില്ല'

തെരുവിൽ വിശ്രമിച്ച കവി അയപ്പനാണ് ഇങ്ങനെ പാടിയത്. നമ്മുടെ ആഘോഷങ്ങളിലെ വിരുന്നുകളിൽ ധൂർത്ത് പെരുകുന്നു. ഭക്ഷണം മാലിന്യകൂമ്പാരത്തിൽ തള്ളുന്നു. ദരിദ്രന്റെ വിശപ്പിനെ അവഗണിക്കുന്ന ആഘോഷം. ■

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ് IVDei

ആണ്ടുവട്ടം 17-ാം ഞായർ (ജൂലൈ 28)

# ഒരു ദിവസം പലവട്ടം പ്രാർത്ഥിക്കുന്ന യേശു

ഉൽ. 18:20-32 | കൊളോ. 2: 12-14 | ലൂക്ക. 11:1-13

ഒരു ദിവസം പലവട്ടം പ്രാർത്ഥിക്കുന്ന യേശുവിന്റെ ചിത്രം ശിഷ്യർക്കെന്നും അത്ഭുതമായിരുന്നു. എല്ലാ സുപ്രധാന സന്ദർഭങ്ങളിലും യാത്രാമദ്ധ്യേയും രാത്രിയിലുമൊക്കെ പ്രാർത്ഥിക്കുന്ന യേശുവിനെ അവർ ശ്രദ്ധിക്കാറുണ്ട്. യോഹന്നാൻ തന്റെ ശിഷ്യരെ പഠിപ്പിച്ചതു പോലെ തങ്ങളെയും പ്രാർത്ഥിക്കാൻ പഠിപ്പിക്കണമെന്ന് ജറുസലമിലേക്കുള്ള യാത്രാമദ്ധ്യേ ശിഷ്യന്മാർ യേശുവിനോട് അഭ്യർത്ഥിക്കുന്നു.

പ്രാർത്ഥനയെ സംബന്ധിച്ച മൂന്നു സംഭവങ്ങളാണ് ലൂക്കാ ഇവിടെ അവതരിപ്പിക്കുന്നത്. എങ്ങനെ പ്രാർത്ഥിക്കണമെന്ന് തങ്ങളെ പഠിപ്പിക്കാൻ ശിഷ്യർ യേശുവിനോട് ആവശ്യപ്പെടുന്നു (11:1). പ്രാർത്ഥനയുടെ ഒരു സുന്ദരമായ മാതൃക യേശു അവതരിപ്പിക്കുന്നു ( 11:2-4). പ്രാർത്ഥന കേൾക്കാൻ ദൈവം ഒരുക്കമാണെന്ന് കാണിക്കുന്ന ഉപമയും പ്രാർത്ഥനയുടെ ഫലദായകത്വവും യേശു വെളിപ്പെടുത്തുന്നു (11:5-8; 11:9-13).

വി.ഫ്രാൻസിസ് ബോർജിയുടെ ജീവചരിത്രത്തിൽ ഒരു സംഭവം രേഖപ്പെടുത്തുന്നുണ്ട്. ഒരിക്കൽ ശത്രുക്കൾ അദ്ദേഹത്തെ പിടിച്ച് ദേഹോപദ്രവം ഏൽപ്പിച്ചുകൊണ്ട് പറഞ്ഞു; നിന്റെ കണ്ണുകൾ ഞങ്ങൾ കുത്തിയെടുത്തു കളയും. അദ്ദേഹം വളരെ ശാന്തനായി അവരോടു പറഞ്ഞു; സഹോദരാ, താങ്കൾ എന്റെ വലതു കണ്ണ് കുത്തിയെടുത്തു കളയുകയാണെങ്കിൽ ഇടതു കണ്ണു കൊണ്ട് ഞാൻ താങ്കളെ സ്നേഹപൂർവം നോക്കും. ഇതുകേട്ട് അദ്ദേഹത്തെ ഉപദ്രവിച്ചവർ ലജ്ജിക്കുകയും പിന്നീട് യാ

തൊരു ഉപദ്രവവും ചെയ്യാതെ മടങ്ങിപ്പോവുകയും ചെയ്തു. ശത്രുക്കളോട് പ്രശാന്തതയോടെയും കാരുണ്യവായ്പ്പോടുകൂടിയും പെരുമാറുമ്പോൾ ഉണ്ടാകുന്ന മാറ്റ് വലുതായിരിക്കുമെന്നറിയുക.

ക്ഷമിക്കുന്നവർ പരാജയപ്പെടുകയാണ് എന്നാണ് നമ്മുടെയൊക്കെ വിചാരം. ബലഹീനന് ക്ഷമിക്കാൻ കഴിയില്ല. ക്ഷമ മനക്കരുത്തുള്ളവരുടെ ഗുണമാണ് എന്നാണ് ഗാന്ധിയൻ ഭാഷ്യം. കാരുണ്യത്തിന്റെ മുഖം എന്ന ഡിക്രിയിൽ ഫ്രാൻസിസ് പാപ്പ വി.തോമസ് അകിനോസിനെ ഉദ്ധരിച്ച് കാരുണ്യം ദൈവത്തിന്റെ ബലഹീനതയുടെയല്ല സർവ്വശക്തിയുടെ അടയാളമാണെന്ന് ഓർമ്മിക്കുന്നുണ്ട്. കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും ക്ഷമിക്കുക എന്നത് കരുത്തിന്റെ അടയാളമാണെന്ന് തിരിച്ചറിഞ്ഞാൽ എത്രമാത്രം അനുഗ്രഹമായിരിക്കും ഒഴുകിയെത്തുക. ക്ഷമിക്കുമ്പോൾ താൻ മറ്റുള്ളവരുടെ മുമ്പിൽ ചെറുതായിപ്പോകും എന്നു കരുതി വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും മനോഭാവത്തോടെ അഹങ്കാരപൂർവ്വം വ്യാപരിക്കുമ്പോൾ നിന്റെ ജീവിതത്തിലേക്ക് കൃപയുടെ നീരൊഴുക്ക് നീ തടസ്സപ്പെടുത്തുകയാണ്.

ക്ഷമിക്കുന്നതിന് പരിധിയും പരിമിതികളുമുണ്ടോ എന്ന് ചിന്തിക്കുന്നവരുണ്ട്. യഹൂദരുടെ വി.ഗ്രന്ഥ ഭാഷ്യമായ താൽമുദിൽ മൂന്നു തവണയേ ഒരുവൻ തന്റെ സഹോദരനോട് ക്ഷമിക്കണമെന്ന് പറയുന്നുള്ളൂ. അതിനെ ഇരട്ടിപ്പിച്ച് യഹൂദ ചിന്ത പ്രകാരം പൂർണ്ണസംഖ്യയാക്കാൻ ഒന്നു കൂടി ചേർത്ത് ഏഴു തവണ ക്ഷമിച്ചാൽ മതിയോ എന്നു ചോദിക്കുന്ന സുവിശേഷത്തിലെ പത്രോസ് കരുതിയത് യേശു തന്നെ പ്രശംസിക്കും എന്നു തന്നെയായിരിക്കണം. എന്നാൽ ഏഴന്നല്ല ഏഴ് എഴുപത് തവണ ക്ഷമിക്കാൻ– അതായത് വ്യവസ്ഥകളും കണക്കുമില്ലാതെ ക്ഷമിക്കാനുള്ള ആഹ്വാനമാണ് കർത്താവ് സുവിശേഷത്തിൽ നൽകുന്നത്.

ഒരിടത്ത് ഒരാശ്രമത്തിൽ വൃദ്ധനായ ഒരു സന്ന്യാസിശ്രേഷ്ഠനുണ്ടായിരുന്നു. മഠാധിപതിയായ അദ്ദേഹത്തിന് ധാരാളം ഗ്രന്ഥങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥശാലയുമുണ്ടായിരുന്നു. ഒരു ദിവസം അതിഥിയായി വന്ന ഒരു യുവസന്ന്യാസി ഗ്രന്ഥശാല സന്ദർശിച്ചു. അവിടെ കണ്ട വിലപിടിപ്പുള്ള ഒരു പുരാതന ബൈബിൾ അയാൾ രഹസ്യമായി കൈക്കലാക്കി കൊണ്ടു പോയി. പുസ്തകം മോഷണം പോയതറിഞ്ഞിട്ടും അത് തിരികെ വാങ്ങാനൊന്നും ആശ്രമ ശ്രേഷ്ഠൻ ശ്രമിച്ചില്ല. ബൈബിൾ വിറ്റ് കാശാക്കാൻ മോഷ്ടാവാകട്ടെ ഒരു ധനികനെ സമീപിച്ചു. വില കൃത്യമായി നിർണയിക്കാൻ ധനികൻ പുസ്തകം ഒരു ദിവസത്തേക്ക് കൊണ്ടു പോയി. മൂല്യനിർണ്ണയത്തിനായി ധനികൻ അതിനു യോഗ്യനായ ആശ്രമശ്രേഷ്ഠനെ തന്നെ സമീപിച്ചു. പുസ്തകം കണ്ടപ്പോഴേ അത് തന്റേതാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. പക്ഷേ, അറിഞ്ഞഭാവം നടിച്ചില്ല. ധനികൻ ചോദിച്ചു: ഒരു യുവസന്ന്യാസി കൊണ്ടുവന്ന ഈ പുസ്തകത്തിന് അയാൾ ഒരു തങ്കപ്പവൻ ചോദിച്ചു. ഇതിന് അത്ര വിലവരുമോ? വൃദ്ധസന്ന്യാസി മറുപടി പറഞ്ഞു: സൂക്ഷിക്കാൻ പറ്റിയ ഒന്നാന്തരം ബൈബിളാണിത്. ധൈര്യമായി വാങ്ങിക്കൊള്ളുക. വില ഒട്ടും കൂടുതലല്ല.

പിറ്റേന്ന് യുവസന്ന്യാസി ധനികനോട് ഒരു പവനെന്ന് വില സമ്മതിച്ചു. അവന് വളരെ സന്തോഷമായി. ആരെയാണ് നിങ്ങൾ പുസ്തകം കാണിച്ച് വില നിർണ്ണയിച്ചതെന്ന് ചെറുപ്പക്കാരൻ ചോദിച്ചു. ആശ്രമശ്രേഷ്ഠനെയാണെന്നും ഒരു പവനിൽ കൂടുതൽ വില വരുമെന്നും അദ്ദേഹം പറഞ്ഞതായി ധനികൻ അറിയിച്ചു. ഇതുകേട്ട്, യുവസന്യാസി വിളറി, സ്തബ്ധനായിപോയി. ഹൃദയത്തെ സ്പർശിക്കുന്ന അസാധാരണ പെരുമാറ്റം. കള്ളന് കുഴപ്പമുണ്ടാകരുതെന്ന് കരുതി സ്വന്തം മുതൽ വേണ്ടന്നു വച്ച മഹാമനസ്കൻ. ഇത്രയും ആർദ്രമായി ആരും തന്നോട് പെരുമാറിയിട്ടില്ല. ഇങ്ങനെ ചിന്തിച്ച് താനിത് വിൽക്കുന്നില്ല എന്നു പറഞ്ഞ് യുവസന്യാസി ധനികനിൽ നിന്ന് ബൈബിൾ തിരിച്ചു വാങ്ങി. രണ്ടു പവൻ തരാമെന്ന് ധനികൻ പറഞ്ഞിട്ടും അവൻ അത് വിറ്റില്ല. യുവസന്യാസി തിരിച്ച് മഠത്തിലെത്തി. ആശ്രമശ്രേഷ്ഠനെ കണ്ട് ബൈബിൾ തിരിച്ചു നൽകുമ്പോൾ അയാളുടെ കണ്ണ് നിറഞ്ഞിരുന്നു. കയ്യിൽ തന്നെ വച്ചു കൊള്ളു. അത് എടുത്തപ്പോൾ ഞാൻ നിശ്ചയിച്ചിരുന്നു. അത് താങ്കൾക്ക് നൽകണമെന്ന്. ആശ്രമശ്രേഷ്ഠൻ പറഞ്ഞു: ഇത് തിരികെ വാങ്ങി അങ്ങയുടെ കൂടെ പാർത്ത് വിവേകം അഭ്യസിക്കാൻ ദയവുണ്ടാകണമെന്ന് പറഞ്ഞ് യുവസന്യാസി ആശ്രമശ്രേഷ്ഠന്റെ കാലു പിടിച്ചു. ആശ്രമശ്രേഷ്ഠൻ അതു സമ്മതിച്ചു. അവൻ ശിഷ്ടകാലം ആശ്രമത്തിൽ കഴിച്ചു കൂട്ടി.

ഓർക്കുക, ശത്രുക്കളോട് ക്ഷമിക്കണമെന്ന് പറയുക. മാത്രമല്ല അത് ജീവിതശൈലിയാക്കി മാറ്റിയ കർത്താവു തന്നെയാണ് നമുക്ക് മാതൃക. കുരിശിൽ പിടയുമ്പോഴും ശത്രുക്കളോട് ക്ഷമിച്ച് അവർക്കായി പ്രാർത്ഥിച്ച അവിടുത്തെ വെളിച്ചത്തിൽ നമുക്ക് യാത്ര തുടരാം. ■



ക്ഷമിക്കുന്നവർ പരാജയപ്പെടുകയാണ് എന്നാണ് നമ്മുടെയൊക്കെ വിചാരം. ബലഹീനന് ക്ഷമിക്കാൻ കഴിയില്ല. ക്ഷമ മനക്കരുത്തുള്ളവരുടെ ഗുണമാണ് എന്നാണ് ഗാന്ധിയൻ ഭാഷ്യം. കാരുണ്യത്തിന്റെ മുഖം എന്ന ഡിക്രിയിൽ ഫ്രാൻസിസ് പാപ്പ വി.തോമസ് അക്വിനോസിനെ ഉദ്ധരിച്ച് കാരുണ്യം ദൈവത്തിന്റെ ബലഹീനതയുടെയല്ല സർവ്വശക്തിയുടെ അടയാളമാണെന്ന് ഓർമ്മിക്കുന്നുണ്ട്.




# ദിവ്യബലിക്കുള്ള ഓസ്തി

തിരുവനന്തപുരം അതിരൂപതയിലെ ഒരു വൈദികനാണ് ഞാൻ. ദിവ്യബലിക്കാവശ്യമായ ഓസ്തിയികൾ വെള്ളയമ്പലം സെന്റ് പോൾസിൽനിന്നാണ് വാങ്ങിയിരുന്നത്. ധാരാളം ഓസ്തികൾ കവറിൽനിന്നും പൊട്ടിച്ചുമാറ്റുമ്പോൾതന്നെ പൊടിഞ്ഞുപോകാറുണ്ട്. പട്ടം തിരുസന്നിധിയിൽനിന്നും വാങ്ങുന്ന ഓസ്തികൾ വേഗത്തിൽ പൊടിഞ്ഞുപോകില്ലെന്ന് പലരും പറയുന്നു. അങ്ങനെയെങ്കിൽ ദിവ്യബലിയ്ക്കാവശ്യമായ ഓസ്തികൾ മലങ്കര കത്തോലിക്കാ സഭയിൽനിന്നും വാങ്ങിക്കൂടേ?

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 924 926 പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 706-707§1എന്നിവയാണ് ദിവ്യബലിയ്ക്ക് ഉപയോഗിക്കേണ്ട ഓസ്തിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. CIC 924, CCEO 706 പ്രകാരം, ഓസ്തി ഗോതമ്പിൽനിന്ന് മാത്രമുള്ളതും കേടുവരാൻ സാധ്യതയില്ലാത്തവിധം അടുത്തകാലത്ത് ഉണ്ടാക്കിയതുമായിരിക്കണം.



CCEO 707§1 പ്രകാരം, ദിവ്യബലിക്കായി ഉണ്ടാക്കുന്ന ഓസ്തി ഏതുരീതിയിലായിരിക്കണമെന്ന് ഓരോ സ്വയംഭരണാധികാര സഭകളുടെ പ്രാദേശിക നിയമം വ്യക്തമാക്കിയിരിക്കണം. ഇന്ത്യയിലെ രണ്ടു സ്വയംഭരണാധികാര കത്തോലിക്കാ സഭകളാണ് മലങ്കര സഭയും സീറോ മലബാർ സഭയും. അവരുടെ പ്രാദേശിക നിയമമനുസരിച്ച്, പുരോഹിതൻ ബലിയർപ്പിക്കുമ്പോൾ പുളിയുള്ള ഓസ്തിയാണ് ഉപയോഗിക്കേണ്ടത്. അതേസമയം CIC 926 പ്രകാരം, ദിവ്യബലിയർപ്പണത്തിൽ ലത്തീൻ സഭയുടെ പ്രാചീന പാരമ്പര്യമനുസരിച്ച് പുരോഹിതൻ എവിടെ ബലിയർപ്പിച്ചാലും പുളിപ്പില്ലാത്ത അപ്പം (ഓസ്തി) ആണ് ഉപയോഗിക്കേണ്ടത്.

ഇനി താങ്കളുടെ സംശയത്തിലേക്കുവരുന്നു. ഇന്ത്യയിലെ പൗരസ്ത്യ കത്തോലിക്കാ സഭകൾ ദിവ്യബലിക്ക് ഉപയോഗിക്കുന്ന ഓസ്തി പുളിപ്പുള്ള അപ്പമാണ്. ലത്തീൻ സഭയുടെ പാരമ്പര്യവും നിയമവും ഓർമിപ്പിക്കുന്നത് ദിവ്യബലിക്ക് ഉപയോഗിക്കുന്ന ഓസ്തി പുളിപ്പില്ലാത്ത അപ്പമായിരിക്കണമെന്നാണ്. ഇക്കാരണത്താലാണ് ലത്തീൻ സഭയിലെ ഇടവകകൾ ദിവ്യബലിക്കുള്ള ഓസ്തികൾ ലത്തീൻസഭ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽനിന്നും വാങ്ങണമെന്ന് ആവശ്യപ്പെടുന്നത്. ■

## അഭിനന്ദനങ്ങൾ

### ആൻ ലുവല്ല ജോൺ



സിബിഎസ്ഇ, +2 പരീക്ഷകളിൽ അഖിലേന്ത്യാ തലത്തിൽ 7-ാം റാങ്കും സ്ഥാനതലത്തിൽ 4-ാം റാങ്കും കരസ്ഥമാക്കിയ ആൻ ലുവല്ല ജോൺ കഴക്കൂട്ടം ഇടവകയിൽ കെ.ജെ.ജോണിന്റെയും സോണിയുടെയും മകളാണ്.

### ആർഷ ആന്റണി



കേരള യൂണിവേഴ്സിറ്റി ബിഎസ്സി ഇലക്ട്രോണിക്സ് പരീക്ഷയിൽ 3-ാം റാങ്കുനേടിയ ആർഷ ആന്റണി കോവളം ഫൊറോന നെല്ലിയോട് അമലോത്ഭവമാതാ ഇടവകാംഗമായ ഡി.ആന്റണിയുടെയും ആനി ആന്റണിയുടെയും മകളാണ്.

### ആര്യ എസ്.എസ്.



കേരള യൂണിവേഴ്സിറ്റി ബി.എ. പൊളിറ്റിക്കൽ സയൻസ് പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ആര്യ എസ്.എസ്. കോവളം ആഴാകുളം ഇടവകാംഗമായ സജിദാസിന്റെയും സിന്ധുവിന്റെയും മകളാണ്.




**2019 ആഗസ്റ്റ് മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്**

# അധികാരവികേന്ദ്രീകരണം ഫലവത്തായ പ്രവർത്തനത്തിന്



## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

നമ്മുടെ രൂപതാ – ഫൊറോന – ഇടവകതലത്തിൽ ഭരണ നിർവ്വഹണത്തിലും ശുശ്രൂഷാ പ്രവർത്തനങ്ങളിലും അധികാര വികേന്ദ്രികൃത (ഡിസെൻട്രലൈസേഷൻ) ശൈലി നടപ്പിലാക്കുവാൻ ശ്രമം തുടങ്ങിയിട്ട് ഒരു വർഷത്തിലേറെയായി. തുടക്കത്തിൽ ആശയതലത്തിൽ തന്നെ പല അവ്യക്തതകളും ഉണ്ടായിരുന്നുവെങ്കിലും ക്രമേണ ഇതിനെക്കുറിച്ചുള്ള വ്യക്തത കൈവരിക്കുന്നതായിട്ടാണ് അനുഭവങ്ങളിൽ നിന്നും നമുക്ക് മനസിലാക്കുവാൻ സാധിക്കുക.

അധികാര വികേന്ദ്രീകരണം എന്ന പ്രവർത്തനശൈലിയിലൂടെ രൂപതാതലത്തിലുണ്ടായിരുന്ന പല അധികാരങ്ങളും പ്രവർത്തനങ്ങളും ഫൊറോനയ്ക്ക് കൈമാറപ്പെട്ടു എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. രൂപത മുതൽ ബി.സി.സി. യൂണിറ്റ് വരെ ഓരോതലത്തിലും കീഴ്ഘടകങ്ങളെ ശക്തിപ്പെടുത്തി, കൂടുതൽ പേരെ പങ്കെടുപ്പിച്ച് ലക്ഷ്യം കൈവരിക്കുക, ചെയ്യുന്ന പ്രവർത്തനങ്ങളെ ഫലദായകമാക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത്.

അധികാര വികേന്ദ്രീകൃതശൈലി നടപ്പിലാക്കുമ്പോൾ ഇടവകയ്ക്കും ഫൊറോനയ്ക്കും രൂപതയുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുകയല്ല വേണ്ടത്, മറിച്ച് കൂടുതൽ ശക്തിപ്പെടുകയാണ് ചെയ്യേണ്ടത്. ഇത്തരുണത്തിൽ ഈ മാസത്തെ കുടുംബ കൂട്ടായ്മ യോഗത്തിൽ അധികാര വികേന്ദ്രീകൃത ശൈലിയിലൂടെ എങ്ങനെ നമ്മുടെ കുടുംബകൂട്ടായ്മകളെ ശക്തപ്പെടുത്താം എന്നും അതിനായ് യൂണിറ്റ് ഭാരവാഹികൾക്കും ശുശ്രൂഷാ പ്രതിനിധികൾക്കും ഉണ്ടായിരിക്കേണ്ട മനോഭാവവും സ്വീകരിക്കേണ്ട പ്രവർത്തനശൈലിയേയും കുറിച്ച് മുഖ്യമായും നമുക്ക് ചർച്ചചെയ്യാം.

## 4. യേശുവിനെ ക്ഷണിക്കൽ

ദുർബലരോടും പിന്നാക്ക വിഭാഗങ്ങളോടും എന്നും പ്രത്യേക പരിഗണനയും ശ്രദ്ധയും നൽകിയ, വിനയത്തോടുകൂടി പ്രവർത്തിക്കുന്നവരെ ശക്തിപ്പെടുത്തുന്ന, എളിയവരുടെ വലിപ്പം എന്നും ഉയർത്തിക്കാട്ടിയ യേശുവിനെ നമ്മുടെ കൂട്ടായ്മയി

ലേക്ക് ക്ഷണിക്കാം.

### 5. വചനഗീതി

### 6. ദൈവവചന പാരായണം

യോഹ 21:1-22

നാം ശ്രവിച്ച വചനത്തെക്കുറിച്ചും വചനം നൽകുന്ന സന്ദേശത്തെക്കുറിച്ചും അല്പസമയം മൗനമായി ധ്യാനിക്കാം.

### 7. വചനവിചിന്തനം

1. പശ്ചാത്തലം: എല്ലാം ഉപേക്ഷിച്ച് (വള്ളം, വല, കുടുംബം, വീട്, നാട്) യേശുവിന്റെ പിന്നാലെ പോയ ശിഷ്യന്മാർ യേശുവിന്റെ മരണത്തെ തുടർന്ന് പ്രതീക്ഷ നഷ്ടപ്പെട്ട് നിരാശരായി ഉപേക്ഷിച്ച വഞ്ചിയും വലയും അന്വേഷിച്ച്, പഴയ തൊഴിലിലേക്ക് മടങ്ങിപ്പോകുന്നു.
2. സ്വന്തം കഴിവിൽ ആശ്രയിച്ചുകൊണ്ട് രാത്രി മുഴുവൻ അദ്ധ്വാനിച്ച ശിഷ്യർക്ക് ഒരു ചെറുമീൻ പോലും കിട്ടുന്നില്ല.
3. നിരാശരായി, നഷ്ടധൈര്യരായി ത്തീർന്ന ശിഷ്യന്മാരുടെ അടുത്തേക്ക്, തീരത്തേക്ക് യേശു വരുന്നു.
4. അല്പം അകലെനിന്ന് യേശു ശിഷ്യന്മാരെ നിരീക്ഷിക്കുന്നു; അവരുടെ മുഖഭാവം, ശരീരഭാഷ, അവരുടെ അവസ്ഥ മനസിലാക്കുന്നു.
5. അവരെ മനസിലാക്കിയെന്ന് ശിഷ്യരെ ബോധ്യപ്പെടുത്തുവാനായ് അവരുടെ അടുത്തേക്ക് പോകുന്നു.
6. അവരുമായി സംഭാഷണത്തിലേർപ്പെടുന്നു. അവരുടെ പ്രശ്നം, ഇപ്പോഴത്തെ അവസ്ഥ മനസിലാക്കുന്നു.
7. പ്രശ്നത്തിന് പരിഹാരം നിർദ്ദേശിക്കുന്നു (വള്ളത്തിന്റെ വലതുവശത്തു വലയിടുക).
8. തച്ചന്റെ മകനായ യേശുവിന്റെ നിർദ്ദേശത്തെ വലിയമുക്കുവാനായ പത്രോസും കൂട്ടരും അനുസരിക്കുന്നു.
9. പ്രശ്നത്തിന് പരിഹാരം ലഭിക്കുന്നു. നിരാശമാറി, പ്രത്യാശ കൈവരുന്നു. സന്തോഷത്താൽ നിറയുന്നു.
10. പ്രാതൽ കഴിക്കുന്നതിലൂടെ ബന്ധം ആഴപ്പെടുത്തുന്നു, കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നു.
11. അജപാലന ദൗത്യം ഏല്പിക്കുവാനായി പത്രോസിനെ ഒരുക്കുന്നു. യേശുവിനെ മറ്റാരെക്കാളും ഉപരിയായി സ്നേഹിക്കുക എന്നതാണ് അടിസ്ഥാന മാനദണ്ഡം.
12. ഒരു വ്യക്തിയുടെ അവസ്ഥ മനസിലാക്കാതെ, അവരുമായി ബന്ധം സ്ഥാപിക്കാതെ, വിശ്വാസ്യത ഉറപ്പുവരുത്താതെ അവരോട് ഒരു പ്രവൃത്തി ചെയ്യാൻ ആവശ്യപ്പെടരുത്.
13. യൂണിറ്റ് ഭാരവാഹികളും ശുശ്രൂഷാ പ്രവർത്തകരും ഫലപ്രദമായി കാര്യങ്ങൾ ചെയ്യണമെങ്കിൽ യേശു സ്വീകരിച്ച മനോഭാവവും പ്രവർത്തന ശൈലിയും സ്വായത്തമാക്കണം.

### 8. ചർച്ച

a. ഇന്നത്തെ വചനത്തിന്റെയും വിചിന്തനത്തിന്റെയും വെളിച്ചത്തിൽ യൂണിറ്റ് ഭാരവാഹികളും ശുശ്രൂഷാ പ്രതിനിധികളും യേശുവിൽ നിന്നും പഠിക്കേണ്ട പ്രവർത്തനശൈലി ചർച്ച ചെയ്യുക.

b. നമ്മുടെ യൂണിറ്റിലെ കുടുംബാംഗങ്ങൾ ആത്മീയമായും വിദ്യാഭ്യാസപരമായും നേരിടുന്ന പ്രധാന വെല്ലുവിളികൾ, പ്രശ്നങ്ങൾ ഏവ? യൂണിറ്റുതലത്തിൽ അവയുടെ പരിഹാരം നിർദ്ദേശിക്കുക.

### 9. റിപ്പോർട്ട്.

### 10. ഹാജർ

### 11. പൊതു അറിയിപ്പ്

### 12. വിശ്വാസികളുടെ പ്രാർത്ഥന

നമ്മുടെ യൂണിറ്റിലെ കുടുംബങ്ങളുടെ ഇന്നത്തെ അവസ്ഥ, അവർ നേരിടുന്ന നിരവധിയായ പ്രശ്നങ്ങളെ തുറവിയോടും സത്യസന്ധമായും മനസിലാക്കുവാനും, ദൈവാത്മാവിന്റെ പ്രേരണയാൽ അവക്ക് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും അതിലൂടെ നമ്മുടെ കുടുംബകൂട്ടായ്മയുടെ ഐക്യവും സഹകരണവും വളർത്തുവാനുള്ള കൃപയ്ക്കായ് നമുക്ക് പ്രാർത്ഥിക്കാം.

### 13. സമാപനഗാനം

### 14. സ്നേഹവിരുന്ന്

### 15. നന്ദി

NB: *ഈ മാസം മുതൽ വചനവിചിന്തനത്തിനായ് സഹായകമായ ചില ചിന്തകൾ മാത്രം നൽകുന്നതായിരിക്കും. വചനവിചിന്തനത്തിനായ് നിയോഗിക്കപ്പെടുന്നവർ, പ്രാദേശികമായ പ്രത്യേകതകൾ കൂടി കണക്കിലെടുത്ത് നൽകപ്പെടുന്ന ആശയങ്ങളെ വിപുലീകരിച്ച് മുൻകൂട്ടിയുള്ള തയ്യാറെടുപ്പോടെ വചനവിചിന്തനം അർത്ഥവത്തായ് ചെയ്യുവാൻ ശ്രമിക്കേണ്ടതാണ്. പ്രത്യേകിച്ച് ഇടവക വൈദികരുടെയും സിസ്റ്റർമാരുടെയും മാർഗ്ഗനിർദ്ദേശത്തോടെ ഇടവക റിസോഴ്സ് ടീം അംഗങ്ങൾ ഇതിന് നേതൃത്വം നൽകേണ്ടതാകുന്നു.*

തയ്യാറാക്കിയത്:
**ഫാ. മൈക്കൾ തോമസ്**

# കൗൺസിലിംഗ് കോഴ്സിന് അപേക്ഷകൾ ക്ഷണിച്ചു

തിരുവനന്തപുരം ലത്തീൻ അതിരൂപത കുടുംബശുശ്രൂഷ സമിതി, സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2019 ജൂലൈയിൽ ആരംഭിക്കുന്ന സർട്ടിഫിക്കറ്റ്/ഡിപ്ലോമ ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. വിശദാംശങ്ങൾ www.srccc.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ചേരാനാഗ്രഹിക്കുന്നവർ താഴെപ്പറയുന്ന സ്റ്റഡി സെന്ററുമായും കുടുംബപ്രേഷിത ശുശ്രൂഷാ, തിരുവനന്തപുരം ലത്തീൻ അതിരൂപതാ ഡയറക്ടറുമായും ബന്ധപ്പെടേണ്ടതാണ്.




# രജത ജൂബിലി നിറവിൽ
# ലാസലൈറ്റ് മാതാ നേഴ്സറി സ്കൂൾ

**പ**ള്ളം ഇടവക ജനങ്ങളുടെ എക്കാലത്തെയും സ്വപ്നമായിരുന്നു ഒരു വിദ്യാഭ്യാസ സ്ഥാപനം. ആ സ്വപ്നം യാഥാർത്ഥ്യമായത് 1994 ൽ ലാസലൈറ്റ് മാതാ സഭ വൈദികർ ഈ ഇടവകയിൽ  വരുകയും അവരുടെ ദീർഘവീഷണത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി സ്ഥാപിച്ചതോടെയാണ് ലാസലൈറ്റ് മാതാ നേഴ്സറി സ്കൂൾ.

ആരഭം ത്തിൽ ലാസലൈറ്റ് മാതാ സഭാ വൈദികരുടെയും ഇടവകയലെ മുതിർന്നവരുടെയും നേതൃത്വത്തിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവന്ന നേഴ്സറിക്കായി നല്ല ഒരു മന്ദിരം നിർമിക്കുകയും കുട്ടികൾക്കായുള്ള എല്ലാ കളിക്കോപ്പുകളും സജ്ജമാക്കുകയും ചെയ്തിരുന്നു. അറിവ് അഗ്നിയാണ്. അറിവിന്റെ അഗ്നിയിൽ സ്ഫുടം ചെയ്തെടുക്കുന്ന ആത്മാവിന്റെ കരുത്താണ്  നാളെയുടെ വിദ്യാർത്ഥി സമൂഹം. പുസ്തകത്താളുകളിലെ അറിവിനേക്കാളുപരി ശാരീരികയും മാനസികവുമായ വളർച്ചയുടെ വിദ്യാഭ്യാസമാണ് പള്ളം ലാസലൈറ്റ് മാതാ നേഴ്സറി സ്കൂൾ നൽകിവരുന്നത്. മറ്റുള്ളവർ സൗകര്യങ്ങളും സംവിധാനങ്ങളുമുള്ള സ്കൂളുകൾ തേടി പോകുമ്പോൾ പള്ളം ഇടവകയിലെ കുട്ടികൾ ഇടവക സ്കൂളിനെയാണ് പഠിക്കാൻ തെരഞ്ഞെടുക്കുന്നത്. ഇതാണ് ലാസലൈറ്റ് മാതാ നേഴ്സറി സ്കൂളിന്റെ പ്രത്യേകത. മറ്റൊരു സവിശേഷത ഇവിടടെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും നേഴ്സറിസ്കൂൾ ഫീസിന്റെ പകുതി പള്ളം ഇടവകയാണ് നൽകുന്നത്. പുസ്തകങ്ങൾ, യൂണിഫോം എന്നിവ വളരെ കുറഞ്ഞവിലയ്ക്ക് നൽകിയാണ് കുട്ടികളെ പഠിപ്പിക്കുന്നത്. കുട്ടികളിലെ കഴിവുകളെ കണ്ടെത്തി കലാകായിക രംഗത്ത് ചെറിയ രീതിയിലുള്ള പരിശീലനങ്ങളും നൽകുന്നു. ഇവിടെ പ്രവർത്തിക്കുന്ന സന്യാസിനികളുടെ അക്ഷീണ പരിശ്രമവും പരിശീലനവുമാണ്  ലാസലൈൻ മാതാ നേഴ്സറി സ്കൂളിനെ വിജയത്തിലെത്തിക്കുന്നത്.

പള്ളം ഇടവക കമ്മിറ്റിയുടെയും ഇടവക ജനങ്ങളുടെയും പരിപൂർണ സഹകരണത്തിൽ നടത്തിവരുന്ന ഈ സ്കൂൾ ഭാവിയിൽ ഒരു എൽപി സ്കൂളായി ഉയർത്താനുള്ള ആത്മാർത്ഥമായ ശ്രമം തുടർന്നുവരികയാണ്

മിനിക്കഥ

# സൽപ്രവർത്തി



ക്ലാസ് ടീച്ചറിന്റെ വിളികേട്ടാണ് സോഹൻ ചിന്തയിൽ നിന്ന് ഉണർന്നത്. എല്ലാവരും ഓരോ പരോപകാര പ്രവർത്തി ചെയ്തുവേണം ക്ലാസിൽ വരാനെന്ന് ടീച്ചർ ഇന്നലെ പറഞ്ഞത് സോഹൻ ഓർത്തു.

വീടിന് പുറത്തിറങ്ങാൻ പോലും കഴിയാത്ത താൻ എന്ത് പരോപകാരം ചെയ്യാൻ... പനിച്ചുവിറയ്ക്കുന്ന അമ്മയ്ക്കരികിൽ നിന്ന് എവിടെയും പോകരുതെന്ന് പറഞ്ഞാണ് അച്ഛൻ വൈകിട്ട് കടൽപ്പണിക്ക് പോയത്. അമ്മയ്ക്ക് ചുക്കുകാപ്പിയും പിന്നെ കൈയും കാലും തടവിക്കൊടുത്ത് രാത്രി മുഴുവൻ അമ്മയ്ക്കരികിലിരുന്നു.

ക്ലാസിൽ സഹപാഠികൾ തങ്ങൾ ചെയ്ത സൽപ്രവർത്തികൾ ഓരോന്നായി വിവരിച്ച് കൈയടി നേടുകയാണ്.

ഇനി സോഹൻ പറയൂ.... ക്ലാസ്ടീച്ചർ.

സോഹനെ നോക്കി സഹപാഠികൾ കളിയാക്കി ചിരിച്ചു. അല്ലേലും ദരിദ്രനായ ഇവനെന്തുചെയ്യാൻ കഴിയും. കൂട്ടുകാരുടെ കമന്റുകൾ.

എന്റെ അമ്മയ്ക്ക് പനിയായിരുന്നു. സോഹൻ പറഞ്ഞു. കുട്ടികൾ ആർത്തുചിരിച്ചു.

സൈലൻസ്.... ടീച്ചറുടെ സ്വരം കടുത്തു.

പിന്നെ പിന്നെ സോഹനെ ആശ്ലേഷിച്ചുകൊണ്ട് ടീച്ചർ പറഞ്ഞു. അച്ഛനെ അനുസരിക്കുകയും അമ്മയെ ശുശ്രൂഷിക്കുകയും ചെയ്ത സോഹനാണ് മറ്റുള്ളവരേക്കാൾ മിടുക്കൻ.

ക്ലാസ് പെട്ടെന്ന് നിശബ്ദമായി...



ജെ. സി



# അധികാരപങ്കാളിത്തം നീതിസമൂഹത്തിന്

കെആർഎൽസിസിയുടെ 2019 ജൂലൈ 12, 13, 14 ദിവസങ്ങളിൽ നടക്കുന്ന ജനറൽ അസംബ്ലിയുടെ വിഷയമാണ് 'അധികാരപങ്കാളിത്തം നീതി സമൂഹത്തിന്' എന്നത്. അടുത്തുവരുന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പുകളെ മുന്നിൽ കണ്ടുകൊണ്ട് ഗൗരവമായ പഠനങ്ങളും ഒരുക്കപ്രക്രിയകളും എല്ലാതലത്തിലും നടക്കേണ്ടതുണ്ട്. നീതിപൂർവമായ അധികാര പങ്കാളിത്തം നമ്മുടെ അവകാശമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഓരോ സമുദായ അംഗവും പ്രസ്തുത പ്രക്രിയയിൽ പങ്കാളിയാവണം.

സഭ ഇന്ന് നേരിടുന്ന ഒരു ദാർശനിക പ്രതിസന്ധിയാണ് സുവിശേഷത്തെ കാലികമായി വ്യാഖ്യാനിക്കാൻ സാധിക്കുന്നില്ലയെന്നത്. യേശു വിഭാവനം ചെയ്യുന്ന പുതുസമൂഹം (ദൈവരാജ്യം) ഒരു സാമൂഹ്യരാഷ്ട്രീയ പ്രക്രിയയിലൂടെ കൈവരിക്കേണ്ടതാണെന്ന അടിസ്ഥാനചിന്ത സഭയിൽ ശക്തിപ്രാപിച്ചിട്ടില്ല. രാഷ്ട്രീയത്തെ ജനശക്തിയായി കാണാനും കക്ഷിരാഷ്ട്രീയത്തിനതീതമായി ചിന്തിക്കാനും നമുക്കാവണം. സഭ ഏറെ സ്ഥാപനവൽക്കരിക്കപ്പെടുകയാണ്. ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് അവർ നേരിടുന്ന സാമൂഹ്യ പ്രശ്നങ്ങളോട് കാര്യക്ഷമമായി പ്രതികരിക്കാൻ നമുക്കാവണം. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖയിൽ വ്യക്തമാക്കുന്നതുപോലെ ഈ ലോകത്തെ ദൈവരാജ്യമാക്കുന്ന പ്രക്രിയയിൽ സഭയ്ക്ക് വലിയൊരു ഉത്തരവാദിത്വമുണ്ട്. സഭയുടെ വളർച്ച നിർണയിക്കപ്പെടുന്നത് ഈ ഉത്തരവാദിത്വ നിർവഹണത്തിൽ നാം എന്തുമാത്രം ശ്രദ്ധപതിപ്പിക്കുന്നുവെന്നതാണ്. സഭയിന്ന് വളരെയേറെ ശ്രദ്ധ പതിപ്പിച്ചിരിക്കുന്നത് അചാരാനുഷ്ഠാനങ്ങളിലാണ്. അതുകൊണ്ടുതന്നെ പൊതുസമൂഹത്തിന്റെ വിഷയങ്ങളിൽ നമ്മുടെ ശ്രദ്ധ കാര്യമായി പതിയുന്നുമില്ല. ഈ പശ്ചാത്തലത്തിലാണ് തദ്ദേശീയ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നമ്മുടെ പങ്കാളിത്തത്തിന്റെ പ്രസക്തി നാം മനസ്സിലാക്കേണ്ടത്. ഒരുപരിധിവരെ ഇടവകയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ നമ്മുടെ അല്മായ നേതൃത്വം സന്നദ്ധരാണ്. എന്നാൽ പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ്സഭയിൽ പങ്കെടുക്കുന്നതിനോ നമ്മുടെ അല്മായർ കാര്യമായി താല്പര്യപ്പെടുന്നില്ല. ഇത് വലിയൊരു ഉപേക്ഷയാണ്. ദേശീയ പ്രശ്നങ്ങളെപ്പറ്റി വാതോരാതെ സംസാരിക്കുമ്പോഴും പ്രാദേശിക പ്രശ്നങ്ങളിൽ ഇടപെടുന്നതിന് പകരം രാഷ്ട്രീയ പാർട്ടികളെ കുറ്റപ്പെടുത്തി മാറിനിൽക്കുന്ന സമീപനം ന്യായീകരിക്കാനാവില്ല. പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ ഇടപെടാതെ സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനം നടത്താനാവില്ല. കൂടാതെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനം സഭയുടെ ഒരു മുഖ്യധാര ശുശ്രൂഷയാണെന്നകാര്യവും നാം വിസ്മരിക്കരുത്.

ഗ്രാമസഭ/വാർഡ് സഭകളിൽ പങ്കെടുക്കുകയെന്നതാണ് ആദ്യമായി ചെയ്യേണ്ടത്. വാർഡ്സഭകളെ ഒന്നുകൂടി വികേന്ദ്രീകരിച്ചുകൊണ്ട് അൻപതിനും നൂറിനും ഇടയിൽ വരുന്ന അയൽസഭകളും രൂപീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ പ്രഥമഘട്ടം അയൽസഭയിലാണ് തുടക്കം കുറിക്കുന്നത്. അടുത്തവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ടുകൊണ്ട് നമ്മുടെ പ്രതിനിധികൾ കഴിഞ്ഞ അഞ്ചുവർഷം നടത്തിയ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത വർഷങ്ങളിൽ ശ്രദ്ധിക്കേണ്ട പ്രാദേശിക പ്രശ്നങ്ങൾ എന്താണെന്ന് അവരുമായി സംവാദം നടത്തുകയും ചെയ്തുകൊണ്ട് സാമൂഹ്യ പ്രതിബദ്ധതയുള്ള മെമ്പർമാരെ/കൗൺസിലർമാരെ തെരഞ്ഞെടുക്കാനും നമുക്കാവണം. ■


MARIAN
ENGINEERING COLLEGE
NURTURING A HABIT OF EXCELLENCE
Affilliated to APJ Abdul Kalam Technological University
An ISO 9001 - 2015 Certified College
Approved by AICTE
Producing Rank Holders
100% Placement Opportunities
Attractive Scholarships
Incubation Facilities
Sports and Co-curricular facilities
ADMISSIONS 2019
B. Tech Seats
Civil Engineering 120
Mechanical Engineering 120
Computer Science & Engg. 90
Electronics & Communication Engg. 60
Electrical & Electronics Engg. 60
M. Tech Seats
Geo Technical Engg. 24
CODE : MCE
11th position among all Engineering Colleges in State and 4th position among Self Financing Colleges in Kerala in S6 result
For admission contact: 0471 2707111, 8281377111, 9188447588
web: www.marian.ac.in / email : mail@marian.ac.in
m.CAP
Approved by COA & Recognised by CUSAT
MARIAN COLLEGE OF ARCHITECTURE & PLANNING
A Trivandrum Latin Archdiocesan Institution
CODE : MCR
Eligibility 50% marks in Plus Two in MPC
Qualification in NATA 2019
B.ARCH 80 seats
For admission contact:
8281388111, 9495707555
web: www.mariancap.com /email:marianarch.in@gmail.com
Managed by the Latin Archdiocese of Trivandrum

Pub. Date : 01.07.2019
RNI Registered NO. 36056/81 REG NO. KL/TV(S)266/2018-2020. WPP NO. KL/TV(S)WPP/171/2018-2020 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press,
Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Thomas J. Netto